33rd Year of Service 2025

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 13, 2025 | Vol. XXXIII No. 24 | Periodicals Postage Paid




## ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പൽ എംഎസ്സി ഐറിന വിഴിഞ്ഞത്തെത്തി


വിഴിഞ്ഞം: ലോകത്തെ ഏറ്റവും വലിയ കണ്ടെയ്നർ കപ്പലായ എംഎസ്സി ഐറിന വിഴിഞ്ഞത്തെത്തി. എംഎസ്സി ഐറിനയുടെ ക്യാപ്റ്റൻ തൃശൂർ പുറനാട്ടുകര സ്വദേശി ക്യാപ്റ്റൻ വില്ലി ആന്റണിയാണ്. എംഎസ്സി ഐറിന എത്തുന്ന ഇന്ത്യയിലെ ആദ്യ തുറമുഖമാണ് വിഴിഞ്ഞം.

ചൈന, കൊറിയ, സിംഗപ്പൂർ വഴിയാണ് കപ്പൽ വിഴിഞ്ഞത്തെത്തിയത്. 29 വർഷത്തെ മറൈൻ പരിചയമുള്ള ഇദ്ദേഹം ഇതുവരെ 120 രാജ്യങ്ങൾ സന്ദർശിച്ചു. ലോകത്തിലെ തന്നെ വമ്പൻ കപ്പലുമായി വിഴിഞ്ഞത്ത് എത്താൻ കഴിയുന്നതിൽ സന്തോഷമുണ്ടെന്ന് ക്യാപ്റ്റൻ പറഞ്ഞു.

ഫിഫ അംഗീകാരമുള്ള നാല് ഫുട്ബോൾ സ്റ്റേഡിയത്തേക്കാൾ വലുപ്പമുണ്ട് കപ്പലിന്. 24,346 ടിഇയു (ട്വന്റി ഫൂട്ട് ഇക്വലന്റ് യൂണിറ്റ് - 20 അടി നീളമുള്ള കണ്ടെയ്നറിനെയാണ് ഒരു ടിഇയു ആയി കണക്കാക്കുന്നത്) വഹിക്കാൻ കഴിയും. 399.9 മീറ്റർ നീളവും 61.3 മീറ്റർ വീതിയുമുണ്ട്. 2023-ലാണ് ഐറിന പ്രവർത്തനം ആരംഭിച്ചത്.




BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
Comprehensive Financial Planning
Risk Management & Insurance: Life/Disability/Long Term Care/Health/Medicare
401(k), 403(b), IRA, Roth IRA Rollovers & Account Set-ups
Professional Investment Management & Guidance
Business Plans/Employee Benefits/Pension
Retirement Income/Retirement Savings
Tax Planning Strategies
Estate Planning: Trusts/Wills
Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com

33rd Year of Service 2025

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

കേരളാ എക്സ്പ്രസ്
KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 ക്രിമിനൽ കേസ് ഉടനെ വേണ്ടെന്ന് സർക്കാർ
7 ക്നാനായ മക്കൾക്ക് ഉണർവേകി...
9 തിരുഹൃദയത്തിരുനാളിന് ഭക്തിനിർഭരമായ സമാപനം
10 ആദ്യ ജാതി സെൻസസ് നടപ്പിലാക്കാൻ തീരുമാനം
15 കുടുംബ സംഗമം അരങ്ങേറി

# മണിപ്പൂരിൽ വീണ്ടും സംഘർഷം

ഇംഫാൽ: മണിപ്പൂരിൽ മെയ്തെയ് തീവ്രവാദ വിഭാഗമായ ആരംബായ് തെങ്കോളിന്റെ (എടി) അഞ്ച് നേതാക്കളെ അറസ്റ്റ് ചെയ്തതിനെത്തുടർന്ന് ഇംഫാൽ താഴ്വര വീണ്ടും കലാപകലുഷിതമാകുന്നു.

2023-ൽ തുടങ്ങിയ കലാപവുമായി ബന്ധപ്പെട്ട വിവിധ കുറ്റകൃത്യങ്ങളുടെ പേരിലാണ് പ്രമുഖ നേതാവ് കനാൻ സിംഗ് ഉൾപ്പെടെ എടി നേതാക്കളെ സിബിഐ പിടികൂടിയത്. ഇതിനെതിരെയുള്ള പ്രതിഷേധം മണിപ്പൂരിലാകെ ആളിപ്പടരുകയാണ്. ഇംമഫാൽ വെസ്റ്റിലെ ഉറപാക്ക്, കൊയ്റെൻഗി, ഇംഫാൽ ഈസ്റ്റിലെ ഖുറെയ് എന്നിവിടങ്ങളിൽ നിരോധനത്തെ ലംഘിച്ച് പ്രതിഷേധക്കാർ തെരുവിലിറങ്ങി. ടയറും പഴയ ഫർണിച്ചറുകളും കത്തിച്ച് പ്രതിഷേധക്കാർ റോഡ് ഗതാഗതം തടസ്സപ്പെടുത്തി. കൊയ്റെൻഗിയിൽ സുരക്ഷാസേനയുടെ വാഹനങ്ങളെ തടയുന്നതിന് റോഡുകളിൽ കുഴികളുണ്ടാക്കി. ഇതിൽ നിന്നുള്ള മണ്ണ് ഇടവഴികളിൽ തള്ളുകയും ചെയ്തു. അസം അതിർത്തിയിലെ ജിരിബാമിലും സമാനമായ പ്രതിഷേധമുണ്ടായി.

ഇംഫാൽ വെസ്റ്റ്, ഈസ്റ്റ്, തൗബാൽ, ബിഷ്ണുപൂർ, കക്ചിഗ് ജില്ലകളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇവിടെ ഇന്റർനെറ്റ് നിരോധിച്ചു. ഇംഫാലിൽ പലയിടത്തും പ്രതിഷേധക്കാർ (ശേഷം 30-ാം പേജിൽ)



33rd Year of Service 2025 · Price $1.00 · കേരളാ എക്സ്പ്രസ് · KERALA EXPRESS · Weekly Newspaper National Edition from Chicago · 3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

## 2025 ജൂലൈ 1-ാം തീയതി മുതൽ കേരളാ എക്സ്പ്രസ്സിന്റെ വരിസംഖ്യയിൽ നേരിയ വർദ്ധനവ്

ചിക്കാഗോ: കഴിഞ്ഞ 10 വർഷക്കാലം പ്രിന്റിംഗ്, പോസ്റ്റേജ്, ലേബർ, മറ്റ് അനുബന്ധ സേവന മേഖലകൾ എന്നിവിടങ്ങളിലെല്ലാം വില വർദ്ധനവ് ഉണ്ടായിരുന്നുവെങ്കിലും കേരളാ എക്സ്പ്രസ് നിരക്കുകൾ വർദ്ധിപ്പിച്ചിരുന്നില്ല. എന്നാൽ, ഈ വർഷം ജൂലൈ മുതൽ വീണ്ടും പ്രിന്റിംഗിലും പോസ്റ്റേജിലും ചാർജ് വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ കേരളാ എക്സ്പ്രസ്സിന്റെ വരിസംഖ്യയിലും മറ്റ് അനുബന്ധ സേവനങ്ങളിലും നേരിയ വർദ്ധനവ് വരുത്തുവാൻ ഞങ്ങൾ നിർബന്ധിതരായിത്തീർന്നിരിക്കുകയാണ്. 2025 ജൂലൈ 1-ാം തീയതി മുതൽ എല്ലാ മേഖലകളിലും പുതിയ നിരക്കുകൾ പ്രാബല്യത്തിൽ വരുന്നതായിരിക്കും. പുതിയ വരിസംഖ്യ 60 ഡോളർ (ഒരു വർഷം), 110 ഡോളർ (രണ്ട് വർഷം), 250 ഡോളർ (അഞ്ചു വർഷം) എന്നീ ക്രമത്തിലായിരിക്കും. മാന്യ വായനക്കാരുടെ സഹകരണം തുടർന്നും അഭ്യർത്ഥിക്കുന്നു.

**സ്നേഹപൂർവം,**
**കെ.എം. ഈപ്പൻ (ചീഫ് എഡിറ്റർ)**

# ജനനനിരക്ക്: ഇന്ത്യ മുന്നോട്ട്, കേരളം പിന്നോട്ട്

ന്യൂഡൽഹി: ഇന്ത്യയിൽ ജനനനിരക്കിൽ കേരളം പിന്നോട്ടെന്നു കണക്കുകൾ. 2013-ൽ 5,36,352 ജനനങ്ങൾ രജിസ്റ്റർ ചെയ്തിരുന്ന കേരളം 2022-ൽ 4,39,742-ലാണ് എത്തിനിൽക്കുന്നത്. ഒമ്പത് വർഷങ്ങൾക്കിപ്പുറം 18 ശതമാനത്തിന്റെ കുറവാണുണ്ടായിരിക്കുന്നത്. ജനനനിരക്കിൽ കേരളം ഓരോ വർഷവും താഴേക്കാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും രജിസ്റ്റർ ചെയ്യുന്ന ജനനങ്ങളിൽ ഓരോ വർഷം കഴിയുന്തോറും വർധനയുണ്ട്. ഇന്ത്യയിൽ 2013-ൽ 2,24,82,951 ജനനങ്ങൾ രജിസ്റ്റർ ചെയ്തപ്പോൾ 2022-ൽ അത് 2,54,39,164 ആയി വർധിച്ചിട്ടുണ്ട്.

ആഭ്യന്തര മന്ത്രാലയത്തിനു കീഴിലെ രജിസ്ട്രാർ ജനറലിന്റെ ഓഫീസ് പുറത്തുവിട്ട 2022-ലെ സിവിൽ രജിസ്ട്രേഷൻ സിസ്റ്റത്തിന്റെ (സിആർഎസ്) റിപ്പോർട്ടിലാണ് ഈ വിവരങ്ങളുള്ളത്. ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത എല്ലാ ജനനങ്ങളും മരണങ്ങളും രേഖപ്പെടുത്തുന്നതും ക്രോഡീകരിക്കുന്നതും സിആർഎസിനു കീഴിലാണ്. സിആർഎസ് റിപ്പോർട്ട് പ്രകാരം കേരളത്തിൽ 2013-നുശേഷം ജനനനിരക്ക് തുടർച്ചയായി താഴേക്കു പോകുകയാണ്. 2013-ൽ രേഖപ്പെടുത്തിയതിൽനിന്ന് 96,610 ജനനങ്ങൾ കുറവാണ് ഏറ്റവുമൊടുവിലെ വിവരങ്ങൾ ലഭ്യമായ 2022-ലെ കണക്ക്. അതേസമയം ബിഹാർ, ഉത്തർപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന ജനനങ്ങളുടെ എണ്ണത്തിൽ വൻ വർധനയും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 2013-ൽ ബിഹാറിൽ 15,96,494 കുട്ടികൾ ജനിച്ചപ്പോൾ 2022-ൽ 30,71,603 ജനനങ്ങളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. ഒമ്പത് വർഷത്തിനിടെ പ്രതിവർഷമുണ്ടാകുന്ന ജനനങ്ങളിൽ 92.37 ശതമാനമാണ് ബീഹാറിലെ വളർച്ച. മധ്യപ്രദേശിൽ 2013-ൽ 16,55,691 (ശേഷം 30-ാം പേജിൽ)

# കോഴിക്കോട് തീരത്തിനടുത്ത് കപ്പലിന് തീ പിടിച്ചു

കോഴിക്കോട്: കേരള തീരത്തിനടുത്ത് ചരക്കു കപ്പലിന് തീപിടിച്ചു. 20 കണ്ടെയ്നറുകൾ കടലിൽ വീണതായിട്ടാണ് പ്രാഥമിക വിവരം. കൊളംബോയിൽ നിന്നു മുംബൈയിലേക്ക് പോയ വാൻഹായ് 503 എന്ന ചരക്കു കപ്പലിലാണ് തീരത്തുനിന്ന് 45 നോട്ടിക്കൽ മൈൽ (120 കി.മീ.) അകലെവെച്ച് ജൂൺ 9-ന് രാവിലെ ഒൻപതരയോടെ തീപിടിത്തമുണ്ടായത്. 22 ജീവനക്കാർ കപ്പലിൽ ഉണ്ടായിരുന്നു. ഇവർക്ക് പൊള്ളലേറ്റതായാണ് സൂചന. ഇതിൽ 18 പേർ കടലിൽ ചാടി. ഇവർ രക്ഷാബോട്ടുകളിൽ ഉണ്ടെന്നാണ് വിവരം. ഇവരെ രക്ഷപ്പെടുത്താൻ ശ്രമം തുടരുകയാണ്. തീരസംരക്ഷണ സേനയുടെ അഞ്ച് കപ്പലുകളും നേവിയുടെ ഒരു കപ്പലും സംഭവസ്ഥലത്തേക്ക് പോയിട്ടുണ്ട്. കപ്പൽജീവനക്കാരെ കേരള തീരത്ത് എത്തിച്ചാൽ ആവശ്യമായ ചികിത്സ നല്കാൻ തയ്യാറെടുപ്പുകൾ നടത്താൻ എറണാകുളം, കോഴിക്കോട് ജില്ലാ കളക്ടർമാർക്ക് നിർദേശം നല്കിയിട്ടുണ്ട്.



കപ്പലിൽ വൻ തീപിടിത്തമാണ് ഉണ്ടായതെന്ന് വ്യോമസേനാവൃത്തങ്ങൾ അറിയിച്ചു. (ശേഷം 30-ാം പേജിൽ)

# മൃഗവേട്ടക്കെണിയിൽ വിദ്യാർത്ഥിക്ക് ദാരുണാന്ത്യം

മലപ്പുറം: മൃഗവേട്ടയ്ക്കു സ്ഥാപിച്ച വൈദ്യുതക്കെണിയിൽ നിന്ന് ഷോക്കേറ്റ് പത്താം ക്ലാസ് വിദ്യാർത്ഥിക്ക് ദാരുണാന്ത്യം. വഴിക്കടവ് വെള്ളക്കാട്ട ആമാടൻ സുരേഷ്-ശോഭ ദമ്പതികളുടെ മകനും മണിമൂളി സികെഎച്ച്എസ് സ്കൂളിലെ വിദ്യാർത്ഥിയുമായ അനന്തു (ജിത്തു-15) ആണ് മരിച്ചത്.

പിതൃസഹോദരന്മാരുടെ മക്കളായ യദുകൃഷ്ണൻ (24), ഷാനു വിജയ് (19) എന്നിവർക്ക് പരുക്കേറ്റെങ്കിലും ഗുരുതരമല്ല. സംഭവവുമായി ബന്ധപ്പെട്ട് കാരക്കോട് പുത്തരിപ്പാടം നമ്പിയാടൻ വിനീഷിനെ (31) അറസ്റ്റ് ചെയ്തു. ഇറച്ചിക്കായി വിൽക്കാൻ പന്നികളെ പിടികൂടുന്നതിനായിട്ടാണ് അനധികൃതമായി കെണി സ്ഥാപിച്ചതെന്നു പ്രതി സമ്മതിച്ചതായി പോലീസ് പറഞ്ഞു.



അനന്തുവിന്റെ വീടിന് 400 മീറ്റർ അകലെയുള്ള തോട്ടിൽ മീൻപിടിക്കാൻ പോയപ്പോൾ 7-ന് ശനിയാഴ്ച രാത്രി എട്ടോടെയാണ് സംഭവം. ആദ്യം തോട്ടിലിറങ്ങിയ അനന്തു വൈദ്യുതക്കമ്പി തട്ടി ഷോക്കേറ്റു വീഴുകയായിരുന്നു. രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെയാണ് യദുകൃഷ്ണനും ഷാനുവിനും പരുക്കേറ്റത്.

ഒപ്പമുണ്ടായിരുന്ന രണ്ടുപേർ സമീപവാസിയുടെ വീട്ടിലെത്തി വിവരം അറിയിച്ച് ലൈൻ ഓഫാക്കിയാണ് ഷോക്കേറ്റവരെ ആശുപത്രിയിലെത്തിച്ചത്. പോസ്റ്റുമോർട്ടത്തിനു ശേഷം അനന്തുവിന്റെ മൃതദേഹം സംസ്കരിച്ചു. കൃഷ്ണേന്ദു, ദേവിക എന്നിവർ അനന്തുവിന്റെ സഹോദരിമാരാണ്.

# എംഎസ്‌സി എൽസ–3 കപ്പലപകടം: ക്രിമിനൽ കേസ് ഉടനെ വേണ്ടെന്ന് സർക്കാർ

ന്യൂഡൽഹി: കേരള തീരത്ത് എംഎസ്‌സി എൽസ-3 എന്ന കപ്പൽ മുങ്ങിയ സംഭവത്തിൽ കമ്പനിക്കെതിരെ ഉടൻ ക്രിമിനൽ കേസ് എടുക്കേണ്ടതില്ലെന്ന് മേയ് 29-നു മുഖ്യമന്ത്രിയും കേന്ദ്രസർക്കാരിനു കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ്ങും പങ്കെടുത്ത യോഗം തീരുമാനിച്ചതിന്റെ തെളിവു പുറത്ത്.

കമ്പനിയെ ക്രിമിനൽ കേസിലേക്കു വലിച്ചിഴയ്ക്കാതെ ഇൻഷുറൻസ് കമ്പനിയിൽ നിന്നുള്ള ക്ലെയിം വഴി മാത്രം പരിഹാരം കണ്ടെത്താനാണു സർക്കാർ ശ്രമിക്കുന്നതെന്നു വ്യക്തമാക്കുന്നതാണിത്. കപ്പലുണ്ടാക്കിയ നാശനഷ്ടങ്ങളുടെ തെളിവുകൾ ശേഖരിക്കുന്നതിനായിരിക്കണം ഇപ്പോൾ ഊന്നലെന്നും ഇൻഷുറൻസ് ക്ലെയിമിന് ഇതു സഹായകമാകുമെന്നുമാണു യോഗവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി എ.ജയതിലക് തയാറാക്കിയ കുറിപ്പിലുള്ളത്.

‘പേരുകേട്ട കമ്പനിയായ എംഎസ്‌സി (കപ്പൽ കമ്പനി) വിഴിഞ്ഞം തുറമുഖത്തിന്റെ പ്രധാനപ്പെട്ട ഇടപാടുകാരാണ്. ഇവിടത്തെ പ്രവർത്തനത്തിനു കമ്പനിക്ക് കേരളത്തിന്റെ സഹകരണം വേണം. ഇൻഷുറൻസ് ഏജൻസി വഴി ക്ലെയിം തീർപ്പാക്കുന്നതിൽ കേരളവുമായി സഹകരിക്കേണ്ടത് അവരുടെകൂടി ആവശ്യമാണ്. അതുകൊണ്ടു ശക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നാം ക്ലെയിം ഉന്നയിക്കണം’- കുറിപ്പിൽ പറയുന്നു.

കപ്പൽ കമ്പനിക്കെതിരെ കേസെടുക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്തുകൊണ്ടു വൈകുന്നു എന്ന് പ്രതിപക്ഷത്തിന്റെ അടക്കം ചോദ്യങ്ങൾക്കിടെയാണു വിഴിഞ്ഞം തുറമുഖവുമായുള്ള കമ്പനിയുടെ അടുപ്പം അടക്കം ചൂണ്ടിക്കാട്ടിയുള്ള സർക്കാർ കുറിപ്പ്.

മേയ് 25-ന് കപ്പൽ മുങ്ങി നാലാം ദിവസമാണ് മുഖ്യമന്ത്രി പിണറായി വിജയനും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിങ് ശ്യാം ജഗന്നാഥനും തിരുവനന്തപുരത്ത് ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ കൂടിക്കാഴ്ച നടത്തിയത്.

കണ്ടെയ്നറുകളും മുങ്ങിയ കപ്പലും കേരള തീരത്തു കിടക്കുന്നതുവഴി, ദീർഘകാല അടിസ്ഥാനത്തിലുണ്ടാകുന്ന പരിസ്ഥിതി ആഘാതത്തിനു തത്തുല്യമായ നഷ്ടപരിഹാരം ഇൻഷുറൻസ് വഴി ലഭിക്കുമോയെന്നു വ്യക്തമല്ല. ഇൻഷുറൻസ് തുക പര്യാപ്തമാകാതെ വന്നാൽ, പിന്നീട് കമ്പനിയുമായുള്ള നിയമപോരാട്ടം എത്രത്തോളം സാധ്യമാണെന്ന ചോദ്യവുമുണ്ട്.

# ഡോ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ ജലന്ധർ ബിഷപ്



ന്യൂഡൽഹി: പഞ്ചാബിലെ ജലന്ധർ രൂപതയുടെ പുതിയ മെത്രാനായി ഡോ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേലിനെ മാർപാപ്പ നിയമിച്ചു. നിലവിൽ ജലന്ധർ രൂപതയിലെ ഫിനാൻഷൽ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിച്ചുവരികയായിരുന്നു. 1991 മുതൽ ജലന്ധർ രൂപതയിൽ വൈദികനായി സേവനമനുഷ്ഠിക്കുന്ന റവ. ഡോ. ജോസ്, ബിഷപ് ഡോ. ഫ്രാങ്കോ മുളയ്ക്കലിന്റെ പിൻഗാമിയായിട്ടാണ് സ്ഥാനമേൽക്കുന്നത്. രൂപതയിലെ വിവിധ ചുമതലകൾ അദ്ദേഹം വിവിധ കാലങ്ങളിൽ വഹിച്ചിട്ടുണ്ട്. 1962 ഡിസംബർ 24-ന് പാലാ രൂപതയിലെ കാളകെട്ടിയിൽ ജനിച്ച അദ്ദേഹത്തിന്റെ വൈദിക പഠനാരംഭം തൃശൂരിലായിരുന്നു പിന്നീട് നാഗ്പുരിലെ സെന്റ് ചാൾസ് ഇന്റർ ഡയോസിസൻ മേജർ സെമിനാരിയിൽനിന്ന് തത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ഉന്നത വിദ്യാഭ്യാസം നേടി.

റോമിലെ പൊന്തിഫിക്കൽ അർബൻ സർവകലാശാലയിൽനിന്ന് കാനോൻ നിയമത്തിൽ ഉന്നത ബിരുദം നേടി. 2022 മുതൽ ജലന്ധർ രൂപതയുടെ ഫിനാൻഷൽ അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തിന് പുറമേ ഫഗ്‌വാര സെന്റ് ജോസഫ് പള്ളി വികാരിയായും പ്രവർത്തിച്ചുവരികയായിരുന്നു. കാളകെട്ടി തെക്കുംചേരിക്കുന്നേൽ പരേതനായ ദേവസ്യ-ഏലിക്കുട്ടി ദമ്പതികളുടെ മകനാണ് നിയുക്ത മെത്രാൻ. സഹോദരങ്ങൾ: ടി.ഡി. ജോർജ്, സിസ്റ്റർ ഡോ. ബ്രിജീത്ത് എസ്എബിഎസ്, ടി.ഡി. തോമസ്, ഫാ. ജോയി സെബാസ്റ്റ്യൻ എസ്ഡിബി (സൗത്ത് ആഫ്രിക്ക), സിസ്റ്റർ എൽസിറ്റ് എസ്എബിഎസ് (ചമ്പക്കുളം), മിനി ജോസ് പുല്ലാട്ട്, സിസ്റ്റർ റോസ് മാർട്ടിൻ എസ്എബിഎസ് (പ്രൊവിൻഷ്യൽ സുപ്പീരിയർ, തക്കല), ഡോ. മനോജ് സെബാസ്റ്റ്യൻ (പാലക്കാട്), സുനോജ് സെബാസ്റ്റ്യൻ (ആലപ്പുഴ).

# റിപ്പോ നിരക്ക് കുറച്ച് ആർബിഐ

മുംബൈ: തുടർച്ചയായ മൂന്നാം തവണയും റിപ്പോ നിരക്ക് കുറച്ച് ആർബിഐ. അടിസ്ഥാന പലിശ നിരക്കായ റിപ്പോയിൽ അര ശതമാനം ഇളവാണു പ്രഖ്യാപിച്ചത്. ഇതോടെ റിപ്പോ നിരക്ക് 6.0 ശതമാനത്തിൽനിന്ന് 5.50 ശതമാനമായി. ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്രയാണ് പണനയ സമിതിയുടെ തീരുമാനങ്ങൾ പ്രഖ്യാപിച്ചത്. പണപ്പെരുപ്പം കുറയുന്നതോടൊപ്പം വളർച്ചയ്ക്കു മുൻഗണന നൽകേണ്ട സാഹചര്യവും കണക്കിലെടുത്താണ് നിരക്ക് കുറയ്ക്കാൻ ആർബിഐ തയാറായത്. ആർബിഐ വാണിജ്യബാങ്കുകൾക്കു നല്കുന്ന ഹ്രസ്വകാല വായ്പയുടെ പലിശനിരക്കാണ് റിപ്പോ. റിപ്പോ നിരക്കിൽ വന്ന കുറവ് ഭവന, വാഹന, വ്യക്തിഗത വായ്പയെടുത്തവർക്കു ഗുണംചെയ്യും. പ്രതിമാസ ഇഎംഐ കുറയും. അതേസമയം, റിപ്പോ നിരക്ക് കുറയുന്നത് സ്ഥിര നിക്ഷേപക്കാർക്കു തിരിച്ചടിയാണ്. ബാങ്കുകൾ എഫ്ഡി (ഫിക്സഡ് ഡെപ്പോസിറ്റ്) പലിശ കുറയ്ക്കും.

2020 മാർച്ചിൽ കോവിഡ്-19 പ്രതിസന്ധിക്കിടെ 75 ബേസിസ് പോയിന്റിന്റെ അടിയന്തര ഇളവ് പ്രഖ്യാപിച്ചതിനുശേഷം ഉണ്ടായ ഏറ്റവും വലിയ നിരക്ക് കുറവാണിത്. റിപ്പോ നിരക്ക് ഫെബ്രുവരിയിലും ഏപ്രിലിലും 25 ബേസിസ് പോയിന്റ് വീതം കുറച്ചിരുന്നു. 2025 ഫെബ്രുവരി മുതൽ, ആർബിഐ പോളിസി റിപ്പോ നിരക്ക് ആകെ 100 ബേസിസ് പോയിന്റ് കുറച്ചു. ഇതേത്തുടർന്ന് മിക്ക ബാങ്കുകളും അവരുടെ റിപ്പോ-ലിങ്ക്ഡ് എക്സ്റ്റേണൽ ബെഞ്ച്മാർക്ക് അധിഷ്ഠിത ലെൻഡിംഗ് നിരക്കുകളും (ഇബിഎൽആർ) മാർജിനൽ കോസ്റ്റ് ഓഫ് ഫണ്ട്സ് അധിഷ്ഠിത ലെൻഡിംഗ് നിരക്കുകളും (എംസിഎൽആർ) ക്രമീകരിച്ചു.

പണപ്പെരുപ്പം സ്ഥിരമായി കുറയുന്ന സാഹചര്യത്തിലാണ് പണനയ സമിതി യോഗം ചേർന്നത്. സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഏപ്രിലിൽ ചില്ലറ പണപ്പെരുപ്പം 3.16 ശതമാനം ആയി കുറഞ്ഞു. മാർച്ചിൽ ഇത് 3.34 ശതമാനം ആയിരുന്നു. കഴിഞ്ഞ മൂന്നു മാസമായി പണപ്പെരുപ്പം നാലു ശതമാനമെന്ന ആർബിഐയുടെ ലക്ഷ്യത്തിനു താഴെയായി തുടരുകയാണ്. വരുംമാസങ്ങളിൽ പണപ്പെരുപ്പം കുറയാനുള്ള സാധ്യതയും ആർബിഐ പരിഗണിച്ചു.

# ശബരി റെയിൽപാത: ചെലവ് പങ്കിടുന്നതിൽ അവ്യക്തത

തിരുവനന്തപുരം: അങ്കമാലി-എരുമേലി ശബരി റെയിൽ പദ്ധതിയുമായി മുന്നോട്ടു പോകാൻ കേന്ദ്രവും കേരളവും തമ്മിൽ ധാരണയിലെത്തിയെങ്കിലും പദ്ധതിയുടെ ചെലവ് പങ്കിടുന്ന കാര്യത്തിൽ അവ്യക്തത ബാക്കി. പദ്ധതിച്ചെലവിന്റെ പകുതി സംസ്ഥാനം വഹിക്കുന്ന കാര്യത്തിലായിരുന്നു കേരളവും കേന്ദ്രവും തമ്മിൽ തർക്കം. ഇതിനായി കിഫ്ബി വായ്പ സംസ്ഥാനത്തിന്റെ വായ്പാപരിധിയിൽനിന്ന് ഒഴിവാക്കണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നെങ്കിലും കേന്ദ്രം അനുകൂലിച്ചില്ല. പകരം, ത്രികക്ഷി കരാറിൽ ഒപ്പിടാൻ കേന്ദ്രം ആവശ്യപ്പെട്ടെങ്കിലും കേരളവും വഴങ്ങിയില്ല. എന്നാൽ, ഇപ്പോൾ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ തീരുമാനിച്ചതു തന്നെ വലിയ നേട്ടമാണെന്നും പദ്ധതിയുടെ സാമ്പത്തിക വശം സംബന്ധിച്ചു വിദഗ്ധസംഘം കൂടി വന്നശേഷം തുടർചർച്ചകളുണ്ടാകുമെന്നും മന്ത്രി അബ്ദുറഹ്മാൻ പറഞ്ഞു. പദ്ധതിക്കായി ജൂലൈയിൽ ഭൂമി ഏറ്റെടുത്തു തുടങ്ങണമെങ്കിൽ അടച്ചുപൂട്ടിയ ലാൻഡ് അകിസിഷൻ യൂണിറ്റുകൾ പുനരാരംഭിക്കണം. ഇതിനായി പുതിയ വിജ്ഞാപനം ഇറക്കണം. ചെങ്ങന്നൂർ-പമ്പ പദ്ധതിയുടെ പകുതി ചെലവ് വഹിക്കാമോയെന്നു ചോദിച്ചു കേരളത്തിനു റെയിൽവേ നേരത്തെ കത്തു നല്കിയിരുന്നു.

# ജിഎസ്ടി റിട്ടേണുകൾക്ക് മൂന്നു വർഷ സമയപരിധി

ന്യൂഡൽഹി: ഇനിമുതൽ പ്രതിമാസ വാർഷിക ജിഎസ്ടി റിട്ടേണുകൾ മൂന്നു വർഷ സമയപരിധിക്കുശേഷം ഫയൽ ചെയ്യാനാകില്ല. റിട്ടേണുകൾ ഫയൽ ചെയ്യാനുള്ള അവസാന തീയതി മുതലുള്ള മൂന്നു വർഷമാണ് കണക്കാക്കുക. ജിഎസ്ടിആർ-1, ജിഎസ്ടിആർ-3ബി, ജിഎസ്ടിആർ-4, ജിഎസ്ടിആർ-5, ജിഎസ്ടിആർ -5എ, ജിഎസ്ടിആർ-6, ജിഎസ്ടിആർ-7, ജിഎസ്ടിആർ-8, ജിഎസ്ടിആർ-9 എന്നിവയ്ക്ക് ഇത് ബാധകമായിരിക്കും. ഇതോടൊപ്പം പ്രതിമാസ ജിഎസ്ടി പെയ്മെന്റ് ഫോമായ ജിഎസ്ടിആർ-3 ബി ഒരു തവണ ഫയൽ ചെയ്താൽ അത് എഡിറ്റ് ചെയ്യാനാകില്ലെന്ന വ്യവസ്ഥയുമുണ്ട്. 2023-ൽ പാസാക്കിയ ധനബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് ഇത് നടപ്പാക്കുന്നത്. ജൂലൈയിലെ പ്രതിമാസ റിട്ടേൺ ഓഗസ്റ്റിലാണ് ഫയൽ ചെയ്യുന്നത്. മൂന്നു വർഷത്തിനുള്ളിൽ ഫയൽ ചെയ്തില്ലെങ്കിൽ ഇൻപുട് ടാക്സ് ക്രെഡിറ്റ് അടക്കം നഷ്ടപ്പെടാം. റിട്ടേണുകൾ ഫയൽ ചെയ്യുന്നത് അനന്തമായി നീണ്ടുപോകുന്നത് തടയാനാണ് ഈ മാറ്റം. എന്നാൽ, തർക്കവും നിയമവ്യവഹാരവും മൂലം ഫയലിങ് വൈകുന്നവർക്ക് ഇത് പ്രതികൂലമായേക്കാം.

# ഇന്ത്യ ഐ–സ്റ്റാർ ചാരവിമാനങ്ങൾ വാങ്ങും

ന്യൂഡൽഹി: അത്യാധുനിക ഐ-സ്റ്റാർ ചാരവിമാനങ്ങൾ വാങ്ങാനൊരുങ്ങി ഇന്ത്യൻ പ്രതിരോധ മന്ത്രാലയം. 10,000 കോടി രൂപ ചെലവിട്ടാണ് മൂന്ന് അത്യാധുനിക ചാരവിമാനങ്ങൾ വാങ്ങുക. ശത്രുരാജ്യങ്ങളുടെ റഡാർ സ്റ്റേഷനുകൾ, വ്യോമ പ്രതിരോധ യൂണിറ്റുകൾ തുടങ്ങിയ കര ലക്ഷ്യങ്ങൾക്കെതിരെ കൃത്യമായ ആക്രമണങ്ങൾ നടത്താൻ വ്യോമസേനയ്ക്കു വ്യക്തമായ എയർ-ഗ്രൗണ്ട് ചിത്രം ലഭിക്കുന്നത് ഉൾപ്പെടെയുള്ള ലക്ഷ്യം മുന്നിൽകണ്ടാണ് ഐ-സ്റ്റാർ സ്വന്തമാക്കാനുള്ള നീക്കം. മൾട്ടി-സ്പെക്ട്രൽ നിരീക്ഷണശേഷിയുള്ള വിമാനമാണ് ഐ-സ്റ്റാർ. നിലവിൽ യുഎസ്, യുകെ, ഇസ്രയേൽ തുടങ്ങിയ ഏതാനും രാജ്യങ്ങൾക്കു മാത്രമാണ് ഇത്തരം വിമാനസംവിധാനമുള്ളത്. പാക്കിസ്ഥാനുമായുള്ള സംഘർഷങ്ങൾക്കിടെയാണ് ഐ-സ്റ്റാർ ചാരവിമാനങ്ങൾ വാങ്ങാനുള്ള ഇന്ത്യയുടെ നിർണായക നീക്കം.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 24
June 13, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D’souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.



DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്‌വചനം**

ജീവിതംതന്നെയാണ് വിദ്യാഭ്യാസം.
**ജോൺ ഡ്യൂയി**

അത്യാഗ്രഹികളാണ് ഈ ലോകത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്.
**റ്റി.എസ്. എലിയട്ട്**

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT® Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating Better Business Bureau



# GREEN NESTLE
## VACATION HERITAGE HOME

Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India

- For Vacation and Holiday rentals.
- Licensed Home stay, Safe and Secured.
- 3 A/C rooms, Unique Packages for 2-8 people very economical.
- Individual Room rental for families.
- Fruits and vegetable Garden.
- Feels like farm house with Pets, Animals, Fish and birds.
- Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
- Gold classification of **HOME STAY** by Tourism Department of Kerala, Rated as one among the best **HOME STAY** by Tourism Department of Kerala.
- Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
- Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
- Adhering Food Safety Regulations.
- Caretaker to help you in as your needs, Travel Desk and Tour Package Facilities



**CONTACT**
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com





# FINANCIAL SERVICE PROFESSIONALS



RENJI THOMAS
(MANALEL)
(973) 525-0038
E-mail : renjimanalel@yahoo.com

TINU KURIAKOSE
(KANNARATHIL)
630-346-9477
tinukuriakosel@gmail.com

- RETIREMENT PLANNING
- 401K/403(B) ROLL OVER
- IRA/ROTH IRA/ ANNUITIES
- TERM/INDEXED UNIVERSAL
- LIFE INSURANCE WITH LIVING BENEFITS
- COLLEGE EDUCATION SAVING PLAN
- WILL & TRUST
- FINAL EXPENSES INSURANCE
- SEP IRA
- LONG TERM CARE SOLUTIONS

FOR FREE FINANCIAL SERVICES AND INFORMATION

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ
സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

## ആഘോഷദുരന്തങ്ങൾ ആവർത്തിക്കാതിരിക്കട്ടെ

റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവി(ആർസിബി)ന്റെ ആദ്യത്തെ ഐപിഎൽ കിരീട നേട്ടം ആഘോഷിക്കാനുള്ള ആരാധനപ്രവാഹം വൻദുരന്തത്തിൽ കലാശിച്ചത് ഇന്ത്യയെയാകെ ദുഃഖത്തിലാഴ്ത്തിയിരിക്കുകയാണ്. ബെംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് ദുരന്തമുണ്ടായത്. 32,000 പേരെമാത്രം ഉൾക്കൊള്ളാൻ ശേഷിയുള്ള സ്റ്റേഡിയത്തിൽ രണ്ടുലക്ഷത്തിലേറെപ്പേരാണ് എത്തിയത്. തിക്കിലുംതിരക്കിലുംപെട്ട് ശ്വാസംമുട്ടി ആളുകൾ കുഴഞ്ഞുവീഴുന്നത് സങ്കടക്കാഴ്ചയായിരുന്നു. നഗരത്തിന്റെ ക്രിക്കറ്റ് വിജയമാഘോഷിക്കാൻ ജനക്കൂട്ടം ആർത്തിരമ്പിയെത്തുമെന്ന് അധികൃതർക്ക് അറിയാത്ത കാര്യമായിരിക്കില്ല. ദൗർഭാഗ്യവശാൽ, അത്തരമൊരു സാഹചര്യം നേരിടാനുള്ള യാതൊരു തയ്യാറെടുപ്പും അവിടെ ഉണ്ടായില്ല. അയ്യായിരം പോലീസുകാരെ മാത്രമാണ് സ്ഥലത്ത് വിന്യസിച്ചിരുന്നതെന്നാണ് റിപ്പോർട്ട്. പ്രവേശനം ടിക്കറ്റുവെച്ച് നിയന്ത്രിച്ചിരുന്നു. പുറത്തു തടിച്ചുകൂടിയ ജനക്കൂട്ടം, സ്റ്റേഡിയത്തിന്റെ ഗേറ്റുകൾ തുറന്നപ്പോൾ അകത്തേക്ക് ഇരച്ചുകയറിയതാണ് ദുരന്തത്തിനിടയാക്കിയത്. ജനത്തെ നിയന്ത്രിക്കാൻ ശുഷ്കമായ പോലീസ് സന്നാഹത്തിനു സാധിച്ചില്ല. വലിയ പാകപ്പിഴവാണ് അധികൃതരുടെ ഭാഗത്തു സംഭവിച്ചത്.

സ്റ്റേഡിയത്തിനു പുറത്ത് ആളുകൾ പിടഞ്ഞുവീഴുമ്പോഴും സ്റ്റേഡിയത്തിനുള്ളിലെ പരിപാടികൾ മുൻനിശ്ചയിച്ച പ്രകാരം നടന്നുവെന്നത് പതിനെട്ടുവർഷത്തെ കാത്തിരിപ്പിനുശേഷം ആർസിബി നേടിയ കിരീടവിജയത്തിന്റെ തിളക്കത്തിനും മങ്ങലേൽപ്പിക്കുന്നതായി. സ്റ്റേഡിയത്തിനു പുറത്തുനടന്ന സംഭവങ്ങൾ അറിഞ്ഞില്ലെന്ന അധികൃതരുടെ വിശദീകരണത്തിൽ വിമർശനങ്ങൾ അവസാനിക്കാൻ പോകുന്നില്ല. ഇത്രമാത്രം ആഘോഷിക്കപ്പെട്ടൊരു ഐപിഎൽ വിജയം ഉണ്ടായിട്ടില്ലെന്ന് വിലയിരുത്താനാകും. ഫൈനൽ നടന്ന അഹമ്മദാബാദ് നരേന്ദ്ര മോദി സ്റ്റേഡിയത്തിലുണ്ടായിരുന്ന ആരാധകരുടെ ആവേശം കണ്ടപ്പോൾതന്നെ ബംഗളൂരുവിൽ എന്തും സംഭവിക്കാമെന്ന സൂചന ലഭിച്ചിരുന്നു. ടീമിനെ സ്വീകരിക്കാൻ ഒഴുകിയെത്തിയത് രണ്ടുലക്ഷത്തിനും മൂന്ന് ലക്ഷത്തിനും ഇടയിൽ ആളുകളാണ്. വിരാട് കോലിയുടെ നേതൃത്വത്തിൽ ആർസിബി ടീം കിരീടവുമായി വിക്ടറി പരേഡ് നടത്തുമെന്ന അറിയിപ്പ് വന്നതോടെയാണ് ബംഗളൂരു വിധാൻ സൗധയ്ക്കു സമീപവും സ്റ്റേഡിയത്തിനു പുറത്തുമായി ഇത്രയേറെ ആളുകൾ തടിച്ചുകൂടിയത്. വിക്ടറി പരേഡ് ഉപേക്ഷിച്ചതോടെ ചടങ്ങ് നിശ്ചയിച്ചിരുന്ന ചിന്നസ്വാമി സ്റ്റേഡിയത്തിൽ കയറിപ്പറ്റാൻ ആരാധകരുടെ ഉന്തുംതള്ളുമുണ്ടായി. അധികാരികളുടെ കരുതലില്ലായ്മകൊണ്ടാണ് ഇത്തരം ദുരന്തങ്ങൾ എപ്പോഴും ഉണ്ടാകാറുള്ളത്. ഇക്കൊല്ലംതന്നെ ഇങ്ങനെ രണ്ടു സംഭവങ്ങൾ ഇന്ത്യയിൽ ഉണ്ടായതാണ്. കഴിഞ്ഞ ജനുവരിയിൽ ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ മഹാകുംഭമേളയ്ക്കിടെ തിക്കിലും തിരക്കിലും മുപ്പതു തീർത്ഥാടകരാണു മരിച്ചത്. ഫെബ്രുവരിയിൽ മഹാകുംഭമേളയ്ക്കു പോകാനെത്തിയവരുടെ തിക്കിലും തിരക്കിലും ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ പതിനെട്ടു പേർ മരിച്ചു. കഴിഞ്ഞവർഷം ജൂലൈയിൽ മുംബൈയിൽ, ട്വന്റി20 ലോകകപ്പ് നേടിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ വിജയാഘോഷ റാലിയിലെ തിരക്കിൽ പതിനൊന്നുപേർക്കു പരുക്കേറ്റിരുന്നു. അതേമാസം പക്ഷേ, ഉത്തർപ്രദേശിലെ ഹാഥ്റസ് ജില്ലയിൽ പ്രാർത്ഥനായോഗത്തിനിടെ തിക്കിലും തിരക്കിലുംപെട്ട് 121 പേരാണു മരിച്ചത്. വലുതും ചെറുതുമായ ഇത്തരം ആൾക്കൂട്ടദുരന്തങ്ങളുടെ നീണ്ട ചരിത്രംതന്നെ ഇന്ത്യക്കുണ്ട്. ആസൂത്രണത്തിന്റെയും മുൻകരുതലിന്റെയും അഭാവത്തിൽ സമാന സംഭവങ്ങൾ പിന്നെയും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അത് സങ്കടകരമാണ്.

ദുരന്തത്തിന്റെ ഉത്തരവാദിത്വം ആർക്കെന്ന കാര്യത്തിൽ പരസ്പര തർക്കം തുടരുകയാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധിക്കേണ്ടത് സംസ്ഥാന സർക്കാരാണെന്നും തങ്ങൾക്ക് ഉത്തരവാദിത്വം ഇല്ലെന്നുമാണ് ബിസിസിഐയുടെ പക്ഷം. എന്നാൽ പരിപാടി സംഘടിപ്പിച്ചത് കർണാടക ക്രിക്കറ്റ് അസോസിയേഷനാണെന്നും സംസ്ഥാന സർക്കാരിനു പങ്കില്ലെന്നും മുഖ്യമന്ത്രി സിദ്ധരാമയ്യ പറയുന്നു. സത്യത്തിൽ, സർക്കാരിനോ ക്രിക്കറ്റ് അസോസിയേഷനോ ഇത്തരത്തിൽ പറഞ്ഞ് ഒഴിയാനാകില്ല. ആർസിബിയ്ക്ക് ബംഗളൂരുവിൽ സ്വീകരണം ഒരുക്കിയത് ക്രിക്കറ്റ് അസോസിയേഷന്റെ ചുമതലയിലാണ്. സർക്കാരിന്റെ അനുമതിയില്ലാതെ അസോസിയേഷന് എങ്ങനെയാണ് ഇത്തരത്തിൽ ഒരു പരിപാടി സംഘടിപ്പിക്കാൻ കഴിയുക? വിധാൻ സൗധയിലെത്തി മുഖ്യമന്ത്രിയെ സന്ദർശിച്ചശേഷമാണ് ടീം സ്റ്റേഡിയത്തിലേക്ക് തിരിച്ചതും.

ഇത്തരത്തിലൊരു പരിപാടിക്കുവേണ്ട മുന്നൊരുക്കങ്ങളൊന്നും ഉണ്ടായില്ലെന്നതാണ് ഏറ്റവും വലിയ വീഴ്ച. പരിപാടിയുടെ ആസൂത്രണത്തിൽ സമ്പൂർണമായ പിഴവു സംഭവിച്ചു. ഇത്രയ്ക്ക് ആളുകൂടുമെന്ന് പ്രതീക്ഷിച്ചില്ലെന്ന് പറഞ്ഞൊഴിയുന്നവർ വീഴ്ച്ചകൾ മറച്ചുപിടിക്കാനാണ് ശ്രമിക്കുന്നത്. കടുത്ത സമ്മർദത്തെ തുടർന്നാണ് പരിപാടിക്ക് സർക്കാർ അനുമതി നൽകിയതെന്ന റിപ്പോർട്ടുകളുമുണ്ടായി. സുരക്ഷ ഉറപ്പാക്കാതെ ഒരുതരത്തിലുമുള്ള ആൾക്കൂട്ട പരിപാടിക്കും അനുമതി നൽകരുത്. ആളുകൂടുന്ന പരിപാടികളിൽ പങ്കുചേരാൻ പോകുന്നവരും സ്വന്തം സുരക്ഷയിൽ ഏറെ കരുതലും ജാഗ്രതയും ഉള്ളവരാകണം. ഇത്തരം ദുരന്തങ്ങൾ ലോകത്തും രാജ്യത്തുതന്നെയും സംഭവിക്കുന്നത് ആദ്യമല്ല. ഇന്ത്യയുടെ ട്വന്റി 20 ലോകകപ്പ് വിജയത്തിനുശേഷം മുംബൈയിൽ സംഘടിപ്പിച്ച വിജയാഘോഷ റാലിക്കിടയിലും നിരവധിപേർക്ക് പരുക്കേറ്റിരുന്നു. ആളപായം ഉണ്ടാകാത്തതുകൊണ്ടുമാത്രമാണ് അന്ന് വലിയ ചർച്ച ഉണ്ടാകാതെപോയത്. ഇത്തരത്തിൽ ഇനിയൊരു ദുരന്തം ഇന്ത്യയിൽ സംഭവിക്കാതിരിക്കാൻ തക്ക നടപടികളും ജാഗ്രതയുമാണ് ഉണ്ടാവേണ്ടത്.

## ബംഗളൂരു ആൾക്കൂട്ട ദുരന്തം:
# സ്വമേധയാ കേസെടുത്ത് കർണാടക ഹൈക്കോടതി

ബംഗളൂരു: റോയൽ ചലഞ്ചേഴ്സ് ബംഗളൂരു (ആർസിബി)വിന്റെ ഐപിഎൽ കിരീടനേട്ട വിജയാഘോഷത്തിനിടെ ചിന്നസ്വാമി സ്റ്റേഡിയത്തിനു മുന്നിലുണ്ടായ തിക്കിലും തിരക്കിലും 11 പേർ മരിച്ച സംഭവത്തിൽ കേസെടുത്ത് ബംഗളൂരു പോലീസ്. ആർസിബി ഫ്രാഞ്ചൈസിക്കു പുറമേ കർണാടക സ്റ്റേറ്റ് ക്രിക്കറ്റ് അസോസിയേഷൻ (കെഎസ്‌സിഎ), ഡിഎൻഎ എന്റർടൈൻമെന്റ് എന്നിവരെ പ്രതികളാക്കിയാണു കേസ്. കെഎസ്‌സിഎയാണു പരിപാടി സംഘടിപ്പിച്ചതെന്നും ആർസിബിയുടെ കിരീടനേട്ട ആഘോഷങ്ങളുടെ ചുമതല ഡിഎൻഎ എന്റർടെയിൻമെന്റ്സിനാണെന്നുമാണ് കർണാടക സർക്കാർ പറയുന്നത്. മനപൂർവമല്ലാത്ത നരഹത്യ ഉൾപ്പെടെ ഭാരതീയ ന്യായ സംഹിതയിലെ അഞ്ചു വകുപ്പുകൾ ഉൾപ്പെടുത്തിയാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

അതിനിടെ, ചിന്നസ്വാമി സ്റ്റേഡിയത്തിനു മുന്നിലുണ്ടായ അപകടത്തിൽ സ്വമേധയാ ഇടപെട്ട കർണാടക ഹൈക്കോടതി പത്തിനകം തൽസ്ഥിതി റിപ്പോർട്ട് നൽകാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. ആക്ടിങ് ചീഫ് ജസ്റ്റിസ് വി. കാമേശ്വര റാവു, ജസ്റ്റിസ് സി.എം. ജോഷി എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റേതാണ് ഉത്തരവ്. ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെന്റും (സിഐഡി) സംഭവത്തിൽ അന്വേഷണം നടത്തുമെന്ന് ഹൈക്കോടതിയിൽ സർക്കാർ അറിയിച്ചു. ഇതിനായി പ്രത്യേക അന്വേഷണ സംഘവും രൂപീകരിക്കും. മജിസ്ട്രേറ്റ്തല അന്വേഷണത്തിനു പുറമേയാണിത്.

സുരക്ഷാവീഴ്ച ആരോപിക്കപ്പെട്ട സാഹചര്യത്തിൽ ബംഗളൂരു സിറ്റി പോലീസ് കമ്മീഷണർ ഉൾപ്പെടെ നിരവധി ഉന്നതോദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തതായി കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ അറിയിച്ചു. സംഭവത്തിലേക്കു നയിച്ച വീഴ്ചകളെപ്പറ്റി റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് മൈക്കൽ ഡി കുൽഹ അന്വേഷിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. സംസ്ഥാന സർക്കാർ അന്വേഷണച്ചുമതല ഏൽപ്പിച്ച ജില്ലാ മജിസ്ട്രേറ്റ് ജി. ജഗദീശ ജൂൺ അഞ്ചിന് ചിന്നസ്വാമി സ്റ്റേഡിയം സന്ദർശിച്ചു. ആളപായമുണ്ടായ സ്റ്റേഡിയത്തിലെ കവാടങ്ങൾക്കു സമീപം പരിശോധനകൾ നടത്തി. സംഭവത്തിൽ കെഎസ്‌സിഎ, ബംഗളൂരു മെട്രോ, ആർസിബി, ഫ്രാഞ്ചൈസി തുടങ്ങിയവർക്ക് നോട്ടീസ് അയയ്ക്കും. ദുരന്തമേഖലയിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരോടു മൊഴി നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ദുരന്തത്തിൽ മരിച്ചവരുടെ ബന്ധുക്കളെയും പരുക്കേറ്റവരെയും സന്ദർശിച്ച് വിവരങ്ങൾ തേടും. 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിനു സമർപ്പിക്കണമെന്നും ജഗദീശ പറഞ്ഞു.

പതിനെട്ടു വർഷത്തെ കാത്തിരിപ്പ് അവസാനിപ്പിച്ച് ആദ്യമായി ഐപിഎൽ ക്രിക്കറ്റ് കിരീടം നേടിയ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് (ആർസിബി) ഒരുക്കിയ സ്വീകരണത്തിനിടെയാണ് തിക്കിലും തിരക്കിലും 11 പേർ മരിച്ചത്.

ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിനുപുറത്ത് ജൂൺ നാലിന് ഉണ്ടായ അപകടത്തിൽ ആറു വയസുള്ള പെൺകുട്ടി ഉൾപ്പെടെ അമ്പതോളം പേർക്ക് പരുക്കേറ്റിരുന്നു. അമ്പതിലധികംപേർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണെന്നും റിപ്പോർട്ടുകളുണ്ട്. മരിച്ചവരിൽ ഭൂരിഭാഗവും 20-നും 30-നും ഇടയിൽ പ്രായമുള്ളവരാണ്. ഒരു പെൺകുട്ടിയും ഇതിൽപെടുന്നു. ശിവാജിനഗറിലെ ബൗറിംഗ് ആൻഡ് ലേഡി കർസൺ ആശുപത്രിയിലും വൈദേഹി സൂപ്പർ സ്പെഷാലിറ്റി ആശുപത്രിയിലുമാണു പരുക്കേറ്റവർ.




ചിന്നസ്വാമി സ്റ്റേഡിയത്തിനു മുന്നിലുണ്ടായ തിക്കും തിരക്കും.

ബംഗളൂരുവിലെ വിധാൻസഭയിൽ മുഖ്യമന്ത്രി സിദ്ധരാമയ്യയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം കളിക്കാർ എത്തുന്നതും കാത്ത് സ്റ്റേഡിയത്തിന്റെ ഗേറ്റിനുമുന്നിൽ ആളുകൾ കൂട്ടമായി തമ്പടിച്ചതുൾപ്പെടെ അപകടത്തിനു കാരണമായത്. സ്ത്രീകളും കുട്ടികളും യുവാക്കളും സ്റ്റേഡിയത്തിലേക്ക് ഒഴുകിയെത്തുകയായിരുന്നു. ബംഗളൂരു മെട്രോ റെയിലിൽ ആളുകൾ കവിഞ്ഞ അവസ്ഥയിലായിരുന്നു.

തിരക്കിൽ പലയിടത്തും ആളുകൾ ബോധരഹിതരായി വീണു. കുട്ടികളെ തിരക്കുള്ള സ്ഥലത്തേക്ക് കൊണ്ടുവരരുതെന്ന് മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും അതെല്ലാം ജനക്കൂട്ടം അവഗണിച്ചു. കുഴഞ്ഞുവീണ ആളുകളെ ഏറെ ബുദ്ധിമുട്ടിയാണ് പോലീസ് പുറത്തെത്തിച്ചത്. ആംബുലൻസുകൾ സ്റ്റേഡിയത്തിന് സമീപത്തേക്ക് കൊണ്ടുവരുന്നതിനും പ്രാഥമിക ചികിത്സ ലഭ്യമാക്കുന്നതിനും വലിയ ജനസഞ്ചയം തടസമായി. ആളുകൾ കുഴഞ്ഞുവീണുവെന്ന വാർത്ത പുറത്തുവന്നതോടെ ആളുകൾ തിക്കും തിരക്കുംകൂട്ടി. ഇതോടെ സ്ഥിതിഗതികൾ നിയന്ത്രണാതീതമായി.

## മഹാത്മാ ഗാന്ധിയുടെ എണ്ണച്ചായ ചിത്രം ലേലത്തിന്

ലണ്ടൻ: ഗാന്ധിയുടെ അത്യപൂർവ എണ്ണച്ചായ ചിത്രം ലേലത്തിനെത്തുന്നു. ക്ലെയർ ലെയ്റ്റൺ എന്ന ബ്രിട്ടീഷ് ചിത്രകാരി വരച്ച ചിത്രമാണിത്. ബ്രിട്ടനിലെ ബോൺഹാംസ് കമ്പനിയാണ് അടുത്തമാസം ചിത്രം ലേലത്തിനു വെക്കുന്നത്. ഗാന്ധിജിയുടെ ഏക പോർട്രെയിറ്റ് ഓയിൽ പെയിന്റിങ്ങാണിത്. 1931-ൽ രണ്ടാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുക്കാൻ ലണ്ടനിൽ എത്തിയപ്പോഴാണ് ചിത്രം പൂർത്തിയാക്കിയത്.



സ്വാതന്ത്ര്യ സമരത്തെ പിന്തുണച്ചിരുന്ന ബ്രിട്ടീഷ് പത്രപ്രവർത്തകൻ ഹെൻറി നോയൽ ബ്രെയ്ൽസ്ഫോർഡ് ആണ് ക്ലെയർ ലെയ്റ്റണെ ഗാന്ധിജിക്ക് പരിചയപ്പെടുത്തിയത്. അതേവർഷം തന്നെ ലണ്ടനിലെ ആൽബനി ഗാലറിയിൽ ഈ ചിത്രം ക്ലെയർ പ്രദർശിപ്പിച്ചിരുന്നു. ഗാന്ധിജി കാണാനെത്തിയില്ലെങ്കിലും സരോജിനി നായിഡു അടക്കമുള്ള സ്വാതന്ത്ര്യസമര നേതാക്കൾ വന്നിരുന്നു.

1989-ൽ മരിക്കുന്നതുവരെ ക്ലെയർ സൂക്ഷിച്ച ചിത്രം തുടർന്നു കുടുംബത്തിനു ലഭിച്ചു. എഴുപതുകളിൽ അമേരിക്കയിൽ പ്രദർശനത്തിനു വെച്ച ചിത്രം ഒരു ഹിന്ദു തീവ്രവാദി കത്തി ഉപയോഗിച്ച് കുത്തിക്കീറാൻ ശ്രമിച്ചതായി റിപ്പോർട്ടുണ്ട്.

# ക്നാനായ മക്കൾക്ക് ഉണർവേകി പ്രഥമ റീജിയണൽ പ്രതിനിധി സമ്മേളനം



**ലിൻസ് താന്നിച്ചുവട്ടിൽ**

ഡാളസ്: അമേരിക്കയിലെ ക്നാനായ കത്തോലിക്കാ റീജിയന്റെ പ്രഥമ പ്രതിനിധി സമ്മേളനത്തിന് പ്രതീക്ഷാനിർഭരമായ സമാപനം. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. 'ക്നാനായ പൈതൃകത്തിൽ വേരൂന്നിയ അജപാലന നവീകരണം' എന്നതായിരുന്നു സമ്മേളനത്തിന്റെ ആപ്തവാക്യം. ജൂൺ 2, 3, 4 എന്നീ മൂന്നു ദിവസം നീണ്ടുനിന്ന പ്രതിനിധി സമ്മേളനത്തിൽ അമേരിക്കയിൽ ആദ്യമായി സന്ദർശനത്തിന് എത്തിയ കോട്ടയം അതിരൂപതയിലെ മലങ്കര സഹായമെത്രാൻ അഭിവന്ദ്യ കുരിശുമൂട്ടിൽ മാർ ഗീവർഗീസ് അപ്രേം പിതാവിന്റെ സാന്നിദ്ധ്യം കൊണ്ട് വളരെ ശ്രദ്ധേയമായി. അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ ബലിയോടെ ആരംഭിച്ച പ്രതിനിധി സമ്മേളനത്തിൽ മലങ്കര ക്നാനായ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം പിതാവും ക്നാനായ റീജിയൻ ഡയറക്ടറും ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ വികാരി ജനറാളുമായ മോൺ. തോമസ് മുളവനാൽ അച്ചനും റീജിയണിലെ മറ്റ് മുഴുവൻ വൈദികരും സഹകാർമ്മികരായിരുന്നു.

അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ തിരുസഭ പെന്തക്കുസ്താ തിരുന്നാളിന് തയ്യാറെടുക്കുന്ന ഈ പവിത്രമായ അവസാന നാളുകളിൽ പരിശുദ്ധ അമ്മയോടൊപ്പം ക്രിസ്തുശിഷ്യന്മാർ എങ്ങനെ പ്രാർത്ഥനാനിരതരായി ഒരുമയോടും സ്നേഹത്തോടും ക്രിസ്തുചൈതന്യത്തിൽ പരിശുദ്ധാത്മ നിവേശിതമായി പ്രേഷിത വേലയ്ക്കായി ഇറങ്ങിയോ അതുപോലെ ഈ മൂന്ന് ദിവസം പ്രയോജനകരവും ഫലപ്രദവുമായിരിക്കട്ടെ എന്ന് ആശംസിച്ചു. ആരെയും ഒഴിവാക്കാതെ എല്ലാവരെയും ശ്രവിച്ചും കൂട്ടായ ചർച്ചകളിലൂടെയും സഭയിൽ കഴിഞ്ഞ രണ്ട് വർഷക്കാലമായി സിനഡാലിറ്റിയിലൂടെ നടക്കുന്ന തുറവിയുടെ ചൈതന്യം എല്ലാ ചർച്ചകളിലും തീരുമാനങ്ങളിലും ഉണ്ടാകട്ടെയെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. അതിദ്രുതഗതിയിൽ നടക്കുന്ന ക്നാനായ കുടിയേറ്റത്തിന്റെ വെളിച്ചത്തിൽ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ മാർപാപ്പയോടൊപ്പം നിർമ്മിത ബുദ്ധിയും നവമാധ്യമങ്ങളും ഉൾക്കൊള്ളുന്ന ഈ അത്യാധുനിക കാലഘട്ടത്തിൽ ക്നാനായ പാരമ്പര്യത്തിൽ ശക്തമായ ഊന്നൽ കൊടുത്തുകൊണ്ട് പൂർവികർ പകർന്നു നല്കിയ വിശ്വാസജ്വാല തലമുറകളിലേക്ക് പകർന്നു നല്കാനുള്ള പക്വമായ തീരുമാനങ്ങളും ആശയങ്ങളും ഈ സമ്മേളനത്തിൽ ഉണ്ടാകട്ടെയെന്ന് അഭിവന്ദ്യ പിതാവ് ആശംസിച്ചു.

സീറോമലബാർ സഭയുടെ പ്രോപ്പർ ടെറിട്ടറിക്ക് വെളിയിൽ ആദ്യമായി സ്ഥാപിതമായ ചിക്കാഗോ രൂപതയിലെ ക്നാനായ റീജിയന്റെ പ്രഥമ സമ്മേളനത്തിലേക്ക് റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ അച്ചൻ എല്ലാ പിതാക്കന്മാരെയും വൈദികരെയും സിസ്റ്റേഴ്സിനെയും അല്മായ പ്രതിനിധികളെയും സ്വാഗതം ചെയ്തു.

അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ ഉള്ള പതിനഞ്ച് ഇടവകകളും ഏഴ് മിഷനുകളിൽ നിന്നായി എഴുപത് പ്രതിനിധികളാണ് ക്നാനായ റീജിയൻ കോൺഫറൻസിൽ പങ്കെടുത്തത്. സമാപനസമ്മേളനത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് നിർവഹിച്ചു. ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപത അദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവ് അദ്ധ്യക്ഷത വഹിച്ച് ക്നാനായ വൈദികരും സന്ന്യസ്തരും അല്മായരും രൂപതയോട് കാണിക്കുന്ന സ്നേഹത്തിന് നന്ദി പറയുകയും ക്നാനായ മക്കളുടെ അനുഗ്രഹം തന്നെയാണ് തന്റേതെന്നും അത് സഫലമാക്കാൻ ഒപ്പം ഞാൻ കൂടെ ഉണ്ടാകും എന്ന് ഉറപ്പ് നല്കി. സമാപന സമ്മേളനത്തിൽ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവും കാനഡ മിസിസാഗ സീറോമലബാർ രൂപത വികാരി ജനറാൾ മോൺ. പത്രോസ് ചമ്പക്കര അച്ചനും അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി. ഡാളസ് ക്രൈസ്റ്റ് ദ കിംഗ് ക്നാനായ കത്തോലിക്കാ ഇടവകയാണ് പ്രതിനിധി സമ്മേളനത്തിന് ആതിഥേയത്വം വഹിച്ചത്. ഇടവക വികാരി ഫാ. എബ്രഹാം കളരിക്കൽ, തിയോഫിൻ ചാമക്കാല, ജോസഫ് ഇലക്കൊടിക്കൽ, കുരുവിള ചെമ്മാച്ചേൽ, ബിന്ദു ചെമ്മങ്ങാട്ട്, കൈക്കാരന്മാരായ സിബി പടിഞ്ഞാറെവാരികാട്ട്, ബിനു പുല്ലുകാട്ട്, ഷാജി പുളിമൂട്ടിൽ, സിസ്റ്റർ ലില്ലി, സിസ്റ്റർ ബെറ്റ്സി, സിസ്റ്റർ സബിത എന്നിവരാണ് പ്രതിനിധി സമ്മേളനത്തിനു വേണ്ട ഒരുക്കങ്ങൾക്ക് നേതൃത്വം നല്കിയത്.












# പാലക്കാട്–കോഴിക്കോട് ഗ്രീൻ ഫീൽഡ് ഹൈവേ: 4700 കോടിയുടെ 14 പദ്ധതികൾ സമർപ്പിച്ചു

ന്യൂഡൽഹി: പാലക്കാട്-മലപ്പുറം -കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ, തിരുവനന്തപുരം ഔട്ടർ റിങ് റോഡ് നിർമാണം ജൂലായ് അവസാനത്തോടെ ആരംഭിക്കുമെന്ന് പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ്. പദ്ധതികൾക്കുള്ള ഉറപ്പ് ജൂൺ നാലിന് നടന്ന കൂടിക്കാഴ്ചയിൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി നൽകിയതായി മന്ത്രി പത്രസമ്മേളനത്തിൽ അറിയിച്ചു. ഇവയുൾപ്പെടെ 4700 കോടി ചെലവ് വരുന്ന 14 പദ്ധതികൾക്കുള്ള ശിപാർശ കേന്ദ്രത്തിന് സമർപ്പിച്ചു.



കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ഹൈവേ നിർമാണം സെപ്റ്റംബറിൽ തുടങ്ങും. എറണാകുളം ബൈപ്പാസിനു തത്വത്തിൽ അംഗീകാരമായി. ആറു മാസത്തിനകം ഇതുമായി മുന്നോട്ട് പോകാനാകുമെന്നും റിയാസ് വ്യക്തമാക്കി.

ദേശീയപാത-66-ൽനിന്ന് കണ്ണൂർ വിമാനത്താവളത്തിലേക്കും രാമനാട്ടുകര ജങ്ഷനിൽനിന്ന് കോഴിക്കോട് വിമാനത്താവളത്തിലേക്കുമുള്ള പാതയ്ക്ക് കേന്ദ്രം പ്രത്യേകശ്രദ്ധ നൽകും. പദ്ധതികൾക്ക് സ്ഥലമേറ്റെടുക്കലാണ് കേരളത്തിലെ പ്രധാന വെല്ലുവിളി. ഒരു ഹെക്ടർ ഭൂമിയേറ്റെടുക്കാൻ മറ്റ് സംസ്ഥാനങ്ങളിൽ രണ്ടുകോടി മതിയെങ്കിൽ കേരളത്തിൽ 37 കോടി വേണം. ഈ പരിമിതിക്കകത്തുനിന്നാണ് കേരളം മുന്നോട്ടു പോകുന്നതെന്ന് റിയാസ് പറഞ്ഞു.

ദേശീയപാത 66 നിർമാണ പുരോഗതി രണ്ടാഴ്ചയിലൊരിക്കൽ വിലയിരുത്തുന്നുണ്ട്. പദ്ധതിനിർമാണത്തിന്റെ പൂർണ ഉത്തരവാദിത്വം ദേശീയപാതാ അതോറിറ്റിക്കാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായാണ് ദേശീയപാത നിർമാണത്തിനായി 5580 കോടി സംസ്ഥാനം മുടക്കുന്നത്. ഇത് കേരളത്തിന്റെ കടമെടുപ്പ് പരിധിയിൽ നിന്നൊഴിവാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. ഗുണനിലവാരത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ലെന്ന് മന്ത്രി വ്യക്തമാക്കി.

## സർക്കാരും എഐയിലേക്ക് മാറുന്നു

തിരുവനന്തപുരം: ഭരണപ്രക്രിയയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ (എഐ) ഭാഗമാക്കാൻ സർക്കാർ തീരുമാനം. സർക്കാർ മേഖലയിൽ എഐയുടെ സാധ്യതകൾ എന്തൊക്കെയാണെന്നു നിർദേശിക്കാൻ ഐടി വകുപ്പിനെ ചുമതലപ്പെടുത്തി. പിന്നാലെ, പഠനത്തിനും തുടർനടപടികൾക്കുമായി ഐടി വകുപ്പ് വെർചൽ ടാസ്ക് ഫോഴ്സിനു രൂപം നൽകുകയും ചെയ്തു.

സർക്കാർ പച്ചക്കൊടി കാട്ടിയതിനാൽ ഐടി മിഷനും ഡിജിറ്റൽ സർവകലാശാലയും വിവിധ എഐ അധിഷ്ഠിത പദ്ധതികളുമായി മുന്നോട്ടു പോകുന്നുമുണ്ട്. ഇ-ഗവേണൻസ് സൗകര്യങ്ങൾക്ക് ചാറ്റ്ബോട്ട് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതികൾക്കാണ് ഇപ്പോൾ ഐടി മിഷൻ തുടക്കം കുറിച്ചിരിക്കുന്നത്.

സർക്കാരിന്റെ 104 സേവനങ്ങൾ ഒറ്റ പോർട്ടലിൽ ലഭ്യമാക്കുന്ന എഐ അധിഷ്ഠിത യൂണിഫൈഡ് സർവീസ് ഡെലിവറി പ്ലാറ്റ്ഫോം എട്ട് മാസത്തിനുള്ളിൽ തയാറാക്കും. ഇപ്പോൾ ഇ-സേവന പോർട്ടൽ ഉണ്ടെങ്കിലും ഇതിൽ വെബ്സൈറ്റുകളുടെ ലിങ്ക് മാത്രമേയുള്ളൂ. റവന്യൂ വകുപ്പിന്റെ സേവനങ്ങൾ, സ്കോളർഷിപ്പുകൾക്ക് അപേക്ഷിക്കേണ്ട ഇ-ഗ്രാന്റ്സ്, സാമൂഹിക നീതി വകുപ്പിന്റെ ആനുകൂല്യങ്ങൾ, കെഎസ്ആർടിസിയുടെ ടിക്കറ്റ് ബുക്കിങ് തുടങ്ങിയവയാണ് ആദ്യം ഒരു കുടക്കീഴിലാക്കുന്ന സേവനങ്ങൾ.

## വിരമിച്ചശേഷം പദവി സ്വീകരിക്കുന്നത് ജുഡീഷ്യറിയുടെ വിശ്വാസ്യതയെ ബാധിക്കും

ന്യൂഡൽഹി: വിരമിച്ചയുടനെ ജഡ്ജിമാർ സർക്കാർ പദവി സ്വീകരിക്കുന്നതും രാജിവെച്ച് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും ജനങ്ങൾക്കിടയിൽ ജുഡീഷ്യറിയുടെ വിശ്വാസ്യതയെ ബാധിക്കുമെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ബി. ആർ. ഗവായ്. അത് ധാർമികമായ പ്രശ്നങ്ങളുയർത്തുമെന്നും യുകെ സുപ്രീം കോടതിയുടെ ചർച്ചയിൽ ചീഫ് ജസ്റ്റിസ് അഭിപ്രായപ്പെട്ടു. വിരമിച്ചശേഷമുള്ള പദവികൾക്കുവേണ്ടി ന്യായാധിപരായിരുന്നകാലത്ത് തീരുമാനമെടുത്തിട്ടുണ്ടാകാമെന്ന പൊതുബോധം രൂപപ്പെട്ടേക്കും. ഇത്തരം ആശങ്കകളുടെ പശ്ചാത്തലത്തിലാണ്, വിരമിച്ചശേഷം സർക്കാരിന്റെ പദവികളൊന്നും വേണ്ടെന്ന് താനും സഹപ്രവർത്തകരിൽ ഒട്ടേറെപ്പേരും തീരുമാനിച്ചതെന്നും ചീഫ് ജസ്റ്റിസ് കൂട്ടിച്ചേർത്തു. ഈയിടെ സുപ്രീംകോടതിയിൽനിന്ന് വിരമിച്ച ജസ്റ്റിസ് അഭയ് എസ്. ഓകയുടെ യാത്രയയപ്പ് ചടങ്ങിൽ, ചീഫ് ജസ്റ്റിസായി വിരമിച്ചശേഷം പദവികൾ സ്വീകരിക്കില്ലെന്ന് വ്യക്തമാക്കിയിരുന്നു ഗവായ്.

## പാർലമെന്റ് സമ്മേളനം ജൂലൈ 21–ന് ആരംഭിക്കും

ന്യൂഡൽഹി: പാർലമെന്റിന്റെ മൺസൂൺകാല സമ്മേളനം ജൂലൈ 21 മുതൽ ഓഗസ്റ്റ് 12 വരെ നടക്കും. പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജുവാണ് ഇക്കാര്യം അറിയിച്ചത്. പ്രതിരോധമന്ത്രി രാജ്നാഥ് സിങ് അദ്ധ്യക്ഷനായ പാർലമെന്ററി കാര്യങ്ങൾക്കായുള്ള മന്ത്രിസഭാസമിതിയാണ് സമ്മേളനതീയതി ശിപാർശ ചെയ്തതെന്നും റിജിജു പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് പാകിസ്ഥാനിലെ ഭീകരകേന്ദ്രങ്ങൾക്കുനേരെ ഇന്ത്യ നടത്തിയ 'ഓപ്പറേഷൻ സിന്ദൂറി'നുശേഷമുള്ള ആദ്യ പാർലമെന്റ് സമ്മേളനമാണിത്.

ഓപ്പറേഷൻ സിന്ദൂറും ഇതിനുപിന്നാലെ ഇന്ത്യ സ്വീകരിച്ച നടപടികളും വിശദീകരിക്കുന്നതിന് പ്രത്യേക പാർലമെന്റ് സമ്മേളനം വിളിച്ചുചേർക്കണമെന്ന് കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷ പാർട്ടികൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, പ്രത്യേക സമ്മേളനം നടത്താൻ കേന്ദ്രസർക്കാർ തയാറായിട്ടില്ല. ഓപ്പറേഷൻ സിന്ദൂർ മാത്രമല്ല പാർലമെന്റിന്റെ സാധാരണ നടപടികളും ഉൾക്കൊള്ളുന്ന സമ്മേളനമായിരിക്കും നടക്കുകയെന്ന് റിജിജു പറഞ്ഞു.

സമ്മേളനത്തിൽ പഹൽഗാം ഭീകരാക്രമണവും ഓപ്പറേഷൻ സിന്ദൂറും അടക്കമുള്ള വിഷയങ്ങളായിരിക്കും പ്രധാനമായും ചർച്ചയാകുക. പഹൽഗാമിൽ 26 പേരെ വെടിവെച്ചു കൊലപ്പെടുത്തിയ ഭീകരരെ ഇതുവരെ പിടിക്കാത്തതും പാർലമെന്റിൽ ഉന്നയിക്കാനാണു പ്രതിപക്ഷത്തിന്റെ നീക്കം. പാകിസ്ഥാനുമായുള്ള വെടിനിർത്തലിൽ താൻ ഇടപെട്ടുവെന്ന യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ആവർത്തിച്ചുള്ള പ്രസ്താവനയോട് പ്രധാനമന്ത്രി പ്രതികരിക്കാത്തതും സമ്മേളനത്തിൽ ചർച്ചയാകും.

ട്രംപ് പലവട്ടം തന്റെ പ്രസ്താവന ആവർത്തിച്ചിട്ടും കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് കൃത്യമായ മറുപടി ഇതുവരെ ലഭിച്ചിട്ടില്ല. വിഷയത്തിൽ മൂന്നാം കക്ഷി ഇടപെടൽ കേന്ദ്ര സർക്കാർ നിഷേധിച്ചെങ്കിലും ട്രംപിന്റെ പ്രസ്താവനകൾക്കു മറുപടി നൽകിയിട്ടില്ല.

വീട്ടിൽനിന്നു നോട്ടുകെട്ടുകൾ കണ്ടെത്തിയ സംഭവത്തിൽ ഡൽഹി ഹൈക്കോടതി ജഡ്ജിയായിരുന്ന യശ്വന്ത് വർമയ്ക്കെതിരായ ഇംപീച്ച്മെന്റ് നടപടികളും ഈ സമ്മേളനത്തിൽ ഉണ്ടായേക്കും. ഇതിനുള്ള നടപടികൾ ആരംഭിച്ചതായാണ് കേന്ദ്രസർക്കാർ വ്യക്തമാക്കുന്നത്. ജസ്റ്റിസ് വർമയുടെ ഇംപീച്ച്മെന്റ് നടപടി രാഷ്ട്രീയേതര വിഷയമായതിനാൽ മറ്റു പാർട്ടികളുടെ സഹകരണം തേടിയതായും കേന്ദ്രസർക്കാർ അറിയിച്ചു.






# ബെൻസൻവില്ലിൽ തിരുഹൃദയത്തിരുനാളിന് ഭക്തിനിർഭരമായ സമാപനം



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ദേവാലയത്തിലെ പ്രധാന തിരുനാളായ ഈശോയുടെ തിരുഹൃദയത്തിന്റെ തിരുനാൾ ഭക്തിനിർഭരമായി സമാപിച്ചു. ഞായറാഴ്ച രാവിലെ 10 മണിക്ക് വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ ആശീർവദിച്ചശേഷം നടത്തിയ ആഘോഷമായ റാസക്കുർബാനയ്ക്ക് കൈപ്പുഴ സെന്റ് ജോർജ് ഫൊറോനാ പള്ളി വികാരി ഫാ. സാബു മാലിത്തുരുത്തേൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഇടവക വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ഫാ. അനീഷ് മാവേലിപുത്തൻപുരയിൽ, ഫാ. ജോർജ് കടുതോടിൽ എന്നിവർ സഹകാർമ്മികരായിരുന്നു.

കോട്ടയം അതിരൂപതാ സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം വചനസന്ദേശം നല്കി. വിശുദ്ധ കുർബാനയെത്തുടർന്ന് അടുത്ത വർഷത്തെ തിരുനാൾ ഏറ്റെടുത്തു നടത്തുന്ന ജോയ് മിനിസ്ട്രി അംഗങ്ങളെ ആശീർവദിച്ച് പ്രാർത്ഥിച്ചു. തുടർന്ന് വാദ്യമേളങ്ങളുടെ അകമ്പടിയോടെ വിശുദ്ധരുടെ തിരുസ്വരൂപങ്ങൾ സംവഹിച്ചുകൊണ്ട് നടത്തിയ പ്രദക്ഷിണം വിശ്വാസത്തിന്റെ പ്രഘോഷണമായി മാറി. കുട്ടികൾക്കായി ഐസ്ക്രീം കോർണർ, പെറ്റിങ് സൂ, ബൗൺസ് ഹൗസ് എന്നിവ പ്രസുദേന്തിമാരായ 19 ദമ്പതികൾ ഏർപ്പെടുത്തിയിരുന്നു.

തിരുനാൾ ക്രമീകരണങ്ങൾക്ക് ഇടവക വികാരിക്കും അസി. വികാരിക്കുമൊപ്പം എക്സിക്യൂട്ടീവ് അംഗങ്ങളായ തോമസ് നെടുവാമ്പുഴ, മത്തിയാസ് പുല്ലാപ്പള്ളിൽ, സാബു മുത്തോലം, കിഷോർ കണ്ണാല, ജെൻസൻ ഐക്കരപറമ്പിൽ എന്നിവർ നേതൃത്വം നല്കി.



























# സ്വതന്ത്ര ഇന്ത്യയിലെ ആദ്യ ജാതി സെൻസസ് നടപ്പിലാക്കാൻ തീരുമാനം

ന്യൂഡൽഹി: ഇന്ത്യയിലെ ജനസംഖ്യാ കണക്കെടുപ്പ്, സാമൂഹിക-സാമ്പത്തിക വിശദാംശങ്ങൾ, ജാതി കണക്കെടുപ്പ് എന്നിവ ഉൾക്കൊള്ളുന്ന പൊതു സെൻസസിന്റെ തീയതികൾ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. 1948-ലെ സെൻസസ് ആക്ടും 1990-ലെ സെൻസസ് റൂളും അനുസരിച്ച് രാജ്യവ്യാപകമായി രണ്ടു ഘട്ടമായി സെൻസസ് നടത്താനാണു തീരുമാനം. ഇതുസംബന്ധിച്ച അറിയിപ്പ് കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുറത്തിറക്കി.

കേന്ദ്രഭരണപ്രദേശമായ ലഡാക്ക്, ജമ്മു കശ്മീരിലെ ചില ഭാഗങ്ങൾ, ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് തുടങ്ങിയ മേഖലകളിൽ 2026 ഒക്ടോബറിൽ സെൻസസ് നടപടികൾ ആരംഭിക്കും. ഈ പ്രദേശങ്ങളിലെ സെൻസസിന്റെ റഫറൻസ് തീയതി 2026 ഒക്ടോബർ ഒന്നിന് 00:00 മണിക്കൂറും 2027-ൽ ആരംഭിക്കുന്ന സെൻസസിന്റെ റഫറൻസ് തീയതി 2027 മാർച്ച് ഒന്നിന് 00:00 മണിക്കൂറുമായിരിക്കുമെന്നും കേന്ദ്രം വ്യക്തമാക്കി. ഇതുസംബന്ധിച്ച ഔദ്യോഗിക വിജ്ഞാപനം ഈ മാസം 16-ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുമെന്നും ആഭ്യന്തരമന്ത്രാലയം അറിയിച്ചു.

2011-ൽ യുപിഎ സർക്കാർ അധികാരത്തിലിരിക്കുമ്പോഴായിരുന്നു അവസാനമായി ഇന്ത്യയിൽ സെൻസസ് നടന്നത്. പത്തു വർഷത്തിനുശേഷം 2020 ഏപ്രിൽ, സെപ്റ്റംബർ മാസങ്ങളിൽ ആദ്യഘട്ടവും 2021 ഫെബ്രുവരിയിൽ രണ്ടാം ഘട്ടവുമായി നടക്കേണ്ടിയിരുന്ന സെൻസസ് കോവിഡ് മഹാമാരിമൂലം മാറ്റിവെക്കുകയായിരുന്നു.

കഴിഞ്ഞതവണ നടത്താനിരുന്ന സെൻസസിന്റെ ആദ്യഘട്ടത്തിനായുള്ള എല്ലാ തയാറെടുപ്പുകളും പൂർത്തിയാക്കിയിരുന്നതായും ചില സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഫീൽഡ് വർക്കിനുള്ള നടപടികൾ ആരംഭിച്ചിരുന്നതായും ആഭ്യന്തര മന്ത്രാലയം അറിയിച്ചു. എന്നാൽ രാജ്യവ്യാപകമായി കോവിഡ് പടർന്നുപിടിച്ചതോടെ തുടർനടപടികൾ കേന്ദ്രസർക്കാർ മാറ്റിവെക്കുകയായിരുന്നു. അവസാനമായി സെൻസസ് നടത്തിയപ്പോൾ ആദ്യഘട്ടത്തിൽ വീടുകൾ പട്ടികപ്പെടുത്തലും രണ്ടാംഘട്ടത്തിൽ ജനസംഖ്യാ കണക്കെടുപ്പുമാണ് നടന്നത്. സമാനരീതിയിലായിരിക്കും വരാനിരിക്കുന്ന സെൻസസിലും സ്വീകരിക്കുക.

അടുത്ത ജനസംഖ്യാ കണക്കെടുപ്പിനൊപ്പം ജാതി സെൻസസും നടത്തുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. കഴിഞ്ഞ ഏപ്രിൽ 30-ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗത്തിലായിരുന്നു തീരുമാനം. കോൺഗ്രസടക്കം സ്ഥിരമായി പാർലമെന്റിനകത്തും പുറത്തും ആവശ്യപ്പെട്ട കാര്യമാണ് കേന്ദ്രസർക്കാർ അംഗീകരിച്ചത്. ഇന്ത്യ സ്വാതന്ത്ര്യം നേടിയതിനുശേഷമുള്ള എല്ലാ പൊതു സെൻസസ് നടപടികളിൽനിന്നും ജാതി സെൻസസ് ഒഴിവാക്കിയിരുന്നു. തുടർന്ന് 2010-ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിങ് ജാതി സെൻസസ് പൊതുസെൻസസിൽ ഉൾപ്പെടുത്തുമെന്ന് ലോക്സഭയിൽ പ്രഖ്യാപിച്ചു. എന്നാൽ പിന്നീട് വന്ന മോദിസർക്കാർ തങ്ങളുടെ മൂന്നാമത്തെ ഊഴത്തിൽ പൊതുസെൻസസിനൊപ്പം ജാതി സെൻസസും പ്രഖ്യാപിക്കുകയായിരുന്നു.

# രാജ്ഭവനിലെ പരിസ്ഥിതി ദിനാഘോഷം സർക്കാർ റദ്ദാക്കി

തിരുവനന്തപുരം: കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തണമെന്ന ആവശ്യത്തെ തുടർന്ന് രാജ്ഭവനിൽ നിശ്ചയിച്ചിരുന്ന സംസ്ഥാന പരിസ്ഥിതി ദിനാഘോഷം കൃഷിവകുപ്പ് റദ്ദാക്കി. ആർഎസ്എസ് പരിപാടികളിൽ ഉപയോഗിക്കുന്ന ചിത്രത്തിൽ പുഷ്പാർച്ചന നടത്താൻ കഴിയില്ലെന്നു നിലപാടെടുത്ത മന്ത്രി പി. പ്രസാദിന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ചടങ്ങ് നടത്തി. അതേസമയം, രാജ്ഭവനിൽ സർക്കാർ പരിപാടിക്കായി ഒരുക്കിയ വേദിയിൽ ഗവർണറുടെ നേതൃത്വത്തിലും പരിസ്ഥിതി ദിനാഘോഷം നടന്നു.




രാജ്ഭവനിൽ സംഘടിപ്പിച്ച പരിസ്ഥിതിദിനാഘോഷം ഭാരതാംബയുടെ ചിത്രത്തിനു മുൻപിൽ വിളക്കു തെളിച്ചു ഗവർണർ രാജേന്ദ്ര അർലേക്കർ ഉദ്ഘാടനം ചെയ്യുന്നു.

ദേശീയഗാനത്തിനും പ്രാർത്ഥനയ്ക്കും ശേഷം ഉദ്ഘാടനച്ചടങ്ങ് എന്ന ക്രമത്തിൽ പരിപാടി അംഗീകരിച്ച് രാജ്ഭവനിൽനിന്നു കൃഷിമന്ത്രിയുടെ ഓഫീസിനെ അറിയിച്ചിരുന്നെങ്കിലും ജൂൺ നാലിന് ബുധനാഴ്ച രാത്രി ഇതിൽ മാറ്റം വരുത്തിയതോടെയാണ് പ്രശ്നങ്ങൾ തുടങ്ങിയത്. പുതിയ അറിയിപ്പിൽ ദേശീയഗാനത്തിനുശേഷം ഭാരതാംബയുടെ ചിത്രത്തിൽ വിളക്കു തെളിക്കലും ചേർത്തിരുന്നു. മന്ത്രി ആവശ്യപ്പെട്ടപ്രകാരം ഭാരതാംബയുടെ ചിത്രം രാജ്ഭവനിൽനിന്ന് അയച്ചു നൽകിയപ്പോഴാണ്, ആർഎസ്എസിന്റെ പരിപാടികളിൽ ഉപയോഗിക്കുന്ന, കാവിക്കൊടിയേന്തിയ ചിത്രമാണെന്നു മനസ്സിലായത്.

ത്രിവർണ പതാകയേന്തിയ ഭാരതാംബയുടെ ചിത്രമാണു പൊതുവേ ഉപയോഗിച്ചു കണ്ടിട്ടുള്ളതെന്നും ആർഎസ്എസ് ഉപയോഗിക്കുന്ന ചിത്രം സർക്കാരിന്റെ ഔദ്യോഗിക പരിപാടിയിൽ ഉൾപ്പെടുത്താനാകില്ലെന്നും മന്ത്രി രാജ്ഭവനെ അറിയിച്ചു. ഗവർണറുമായി ആശയവിനിമയം നടത്തിയ രാജ്ഭവനിലെ അഡീഷണൽ ചീഫ് സെക്രട്ടറി, പുഷ്പാർച്ചന ഒഴിവാക്കാൻ കഴിയില്ലെന്നു മറുപടി നൽകി. ഇതോടെയാണു സർക്കാർ ചടങ്ങ് സെക്രട്ടേറിയറ്റിലേക്ക് മാറ്റിയത്. എന്നാൽ പരിസ്ഥിതി ദിനാഘോഷം പതിവില്ലാത്ത രാജ്ഭവനിൽ ആഘോഷം സംഘടിപ്പിച്ച ഗവർണർ വിളക്കു തെളിച്ച്, ചിത്രത്തിൽ പുഷ്പാർച്ചന നടത്തി.

രണ്ടാഴ്ച മുൻപ് ആർഎസ്എസ് സൈദ്ധാന്തികൻ ഗുരുമൂർത്തിയെ പങ്കെടുപ്പിച്ച് 'ഓപ്പറേഷൻ സിന്ദൂർ' പ്രഭാഷണം നടത്തിയതു മുതലാണു രാജ്ഭവനിലെ സമ്മേളനഹാളിലെ വേദിയിൽ കാവിക്കൊടിയേന്തിയ ഭാരതാംബയുടെ ചിത്രം സ്ഥാപിച്ചത്.

# അപൂർവ്വ ശസ്ത്രക്രിയയിലൂടെ ട്യൂമർ നീക്കം ചെയ്ത് ചെങ്ങന്നൂർ കെ.എം.സി. ഹോസ്പിറ്റൽ

ചെങ്ങന്നൂർ: കാൻസറിന് കാരണമാവുന്ന മുഴ ബാധിച്ചു ചെങ്ങന്നൂർ ഡോ. കെ.എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ ചികിത്സ തേടിയ 73-കാരനായ കൊട്ടാരക്കര സ്വദേശിക്കാണ് വിവിധ വിഭാഗങ്ങളുടെ ഏകോപനത്തിലൂടെ വിപ്പിൾസ് പ്രൊസീജിയർ എന്ന സങ്കീർണമായ ശസ്ത്രക്രിയ വിജയകരമായി നടത്തിയത്. കേരളത്തിൽ അപൂർവ്വമായി മാത്രം ചെയ്യുന്ന ഈ ശസ്ത്രക്രിയയിലൂടെ പിത്തനാളി, പാൻക്രിയാസ്, ചെറുകുടൽ തുടങ്ങിയ അവയവങ്ങളെ ബാധിക്കുന്ന ഗുരുതരമായ ട്യൂമറുകൾ നീക്കം ചെയ്യാവുന്നതാണ്.



സർജിക്കൽ ഗ്യാസ്ട്രോഎന്ററോളജിസ്റ്റുമാരായ ഡോ. മുരളി അപ്പുക്കുട്ടൻ, ഡോ. അരുൺ കുമാർ എ., സർജിക്കൽ ഓങ്കോളജിസ്റ്റായ ഡോ. ജോൺ തോമസ്, ഗ്യാസ്ട്രോഎന്ററോളജിസ്റ്റായ ഡോ. അനൂപ് എസ്. നായർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ.







# പൊതുഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ സർക്കാരിന് കടമയുണ്ട്: ഹൈക്കോടതി

കൊച്ചി: പൊതുഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കാൻ സർക്കാരിനു കടമയുണ്ടെന്നും ഭിന്നശേഷി വിഭാഗത്തിലെ സർക്കാർ ഉദ്യോഗസ്ഥരെ ഭിന്നശേഷി സൗഹൃദമല്ലാത്ത ഓഫീസുകളിൽ ജോലി ചെയ്യാൻ നിർബന്ധിക്കരുതെന്നും ഹൈക്കോടതി.

സർക്കാർ ഓഫീസ് ഭിന്നശേഷി സൗഹൃദമാക്കാൻ സർക്കാരിനു കഴിയുന്നില്ലെങ്കിൽ ശാരീരിക പരിമിതി മറികടന്നു ഭിന്നശേഷി വിഭാഗക്കാർ അവിടെ ജോലിചെയ്യണമെന്നു പറയുന്നത് ന്യായമല്ലെന്നു ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് ജോൺസൺ ജോൺ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി.

ഓഫീസ് ഭിന്നശേഷി സൗഹൃദമല്ലെന്ന കാരണത്താൽ മോട്ടോർവാഹന വകുപ്പിൽനിന്ന് ഇറിഗേഷൻ വകുപ്പിലേക്ക് സ്ഥലംമാറ്റം വാങ്ങിയ തൃശൂർ സ്വദേശി ടി. രാജീവിനു നേരത്തെ കിട്ടിക്കൊണ്ടിരുന്ന ശമ്പളം സംരക്ഷിക്കുന്നതു സംബന്ധിച്ച തർക്കമാണ് കോടതിയിലെത്തിയത്.

ഭിന്നശേഷിക്കാരുടെ അവകാശം സംരക്ഷിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ സീനിയർ ഗ്രേഡിലെ ശമ്പളം നല്കണമെന്നു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (കെഎടി) നിർദേശിച്ചതിനെതിരെ സർക്കാർ നല്കിയ ഹർജിയിലാണ് കോടതി നടപടി.

മോട്ടോർ വാഹനവകുപ്പിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരുന്ന രാജീവ് ഓഫീസ് മുകൾനിലയിൽ ആയതിനാൽ അതേ കെട്ടിടത്തിൽ താഴത്തെ നിലയിലുള്ള ഇറിഗേഷൻ വകുപ്പിലേക്ക് സ്ഥലംമാറ്റം തേടുകയായിരുന്നു. കെഎടിയുടെ ഉത്തരവിനെ തുടർന്ന് സ്ഥലംമാറ്റം നല്കിയെങ്കിലും ഇറിഗേഷൻ വകുപ്പിൽ എൽഡി ടൈപ്പിസ്റ്റ് തസ്തിക ആയതിനാൽ ശമ്പളം കുറച്ചതാണ് തർക്കവിഷയം.

ഭൗതികസൗകര്യം ഒരുക്കുന്നതിൽ സർക്കാരിന്റെ ഭാഗത്തുള്ള വീഴ്ചയുടെ പേരിൽ ഭിന്നശേഷി വിഭാഗത്തിലെ ഉദ്യോഗസ്ഥനു ദോഷമുണ്ടാകുന്നതോ നടപടി നേരിടുന്നതോ ആയ സാഹചര്യം അനുവദിക്കാനാവില്ലെന്നു കോടതി പറഞ്ഞു. ഉദ്യോഗസ്ഥനു നേരത്തെ കിട്ടിക്കൊണ്ടിരുന്ന ശമ്പളം നല്കാൻ സർക്കാരിനു കഴിയുന്നില്ലെങ്കിൽ മോട്ടോർവാഹന വകുപ്പിലേക്ക് തന്നെ തിരിച്ചയയ്ക്കണം. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ള ജോലി വേണം ചെയ്യിക്കേണ്ടത്. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ല, ഭിന്നശേഷി അവകാശനിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിഷയം പരിഗണിക്കേണ്ടത്. മുകളിലത്തെ നിലയിൽ ജോലി ചെയ്യാൻ നിർബന്ധിക്കരുത്. അനുയോജ്യ സാഹചര്യം ഉറപ്പാക്കും വിധമുള്ള ഉത്തരവ് സർക്കാർ ഒരു മാസത്തിനകം ഇറക്കണം. തിരിച്ചയയ്ക്കുന്നതു വരെ ഇപ്പോഴത്തെ ഓഫീസിൽ സീനിയർ ഗ്രേഡിലെ ശമ്പളത്തിന് അർഹതയുണ്ടെന്നും കോടതി വ്യക്തമാക്കി.

# തെന്നല ബാലകൃഷ്ണപിള്ള അന്തരിച്ചു



തിരുവനന്തപുരം: മുതിർന്ന കോൺഗ്രസ് നേതാവും മുൻ കെപിസിസി പ്രസിഡണ്ടുമായ തെന്നല ബാലകൃഷ്ണപിള്ള (95) അന്തരിച്ചു. രണ്ടു തവണ കെപിസിസി പ്രസിഡണ്ടായി പ്രവർത്തിച്ചിട്ടുള്ള തെന്നല ബാലകൃഷ്ണപിള്ള, കോൺഗ്രസിന്റെ സൗമ്യമുഖമായാണ് അറിയപ്പെട്ടിരുന്നത്. കളങ്കമേൽക്കാത്ത രാഷ്ട്രീയജീവിതത്തിനുടമയാണ് തെന്നല.കെപിസിസി നേതൃത്വത്തിലിരുന്ന കാലയളവിലാണ് 2011-ൽ യുഡിഎഫ് നിയമസഭാ തെരഞ്ഞെടുപ്പിൽ 99 സീറ്റിന്റെ തകർപ്പൻ വിജയം നേടിയത്. അന്ന് കോൺഗ്രസ് 62 സീറ്റിൽ വിജയിച്ചിരുന്നു. എ.കെ. ആന്റണി സർക്കാർ അധികാരമേറ്റ് ഏതാനും മണിക്കൂറുകൾക്കകം അദ്ദേഹത്തെ കെപിസിസി പ്രസിഡണ്ട് സ്ഥാനത്തുനിന്നും മാറ്റി പകരം കെ. മുരളീധരൻ ചുമതലയേറ്റു.

അപ്രതീക്ഷിത ചുമതലമാറ്റത്തിൽ പ്രതിഷേധമൊന്നും പ്രകടിപ്പിക്കാതെ അച്ചടക്കമുള്ള പ്രവർത്തകനായി അദ്ദേഹം തുടർന്നു. 1977-ലും 1982-ലും അടൂർ മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ച അദ്ദേഹം 1991, 1992, 2003 വർഷങ്ങളിൽ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

1988 മുതൽ 2001 വരെയും 2004-05 കാലയളവിലുമാണ് കെപിസിസി അദ്ധ്യക്ഷനായി പ്രവർത്തിച്ചത്. ശൂരനാട് തെന്നല ബംഗ്ലാവിൽ എൻ. ഗോപാലകൃഷ്ണപിള്ളയുടെയും ഈശ്വരിയമ്മയുടെയും മകനായി 1931 മാർച്ച് 11-നാണ് ജനനം.

തിരുവനന്തപുരം എംജി. കോളജിൽ നിന്ന് ബിരുദം നേടി. ശൂരനാട് പുളിക്കുന്നം വാർഡ് കോൺഗ്രസ് കമ്മിറ്റി പ്രസിഡണ്ടായാണ് കോൺഗ്രസിൽ പ്രവർത്തനത്തിനു തുടക്കം കുറിച്ചത്. ഭാര്യ സതീദേവി. മകൾ: നീത. മരുമകൻ: ഡോ.രാജേന്ദ്രൻ നായർ.

# ഡൽഹിയിൽ ലഘുകുറ്റങ്ങൾക്ക് ശിക്ഷ സാമൂഹികസേവനം

ന്യൂഡൽഹി: ലഘുകുറ്റങ്ങൾ ചെയ്തവർക്ക് ഇനി ഡൽഹിയിൽ സാമൂഹിക സേവനവും ശിക്ഷയായി ലഭിക്കും.

ഔദ്യോഗിക തീരുമാനങ്ങളെ സ്വാധീനിക്കാനുള്ള ആത്മഹത്യാശ്രമം, പൊതുപ്രവർത്തകരുടെ അനധികൃത വ്യാപാരം, പൊതുനോട്ടീസ് നല്കിയിട്ടും കോടതിയിൽ ഹാജരാകാതിരിക്കൽ, 5000 രൂപയിൽ താഴെയുള്ള ആദ്യമോഷണം, മദ്യപിച്ച് പൊതുജനങ്ങൾക്ക് ശല്യം ചെയ്യൽ, അപകീർത്തിപ്പെടുത്തൽ എന്നിങ്ങനെയുള്ള കുറ്റകൃത്യങ്ങൾക്കാണ് കോടതി ഇനി സാമൂഹിക സേവനം ശിക്ഷയായി നല്കുക. ആശുപത്രി വൃത്തിയാക്കൽ, ലൈബ്രറിയിൽ പുസ്തകങ്ങൾ ക്രമീകരിക്കൽ, പൊതുപാർക്കുകൾ വൃത്തിയാക്കൽ എന്നിവയായിരിക്കും സാമൂഹിക സേവനത്തിന്റെ ഭാഗമായുള്ള ശിക്ഷ.

ശിക്ഷയുടെ ഗൗരവമനുസരിച്ച് ഒരു ദിവസത്തിനും 31 ദിവസത്തിനുമിടയിലോ അതല്ലെങ്കിൽ 40 മുതൽ 240 മണിക്കൂറുകൾക്കിടയിലോ ഉള്ള സാമൂഹിക സേവനം കോടതിക്കു ശിക്ഷയായി നല്കാം.

# തത്കാൽ ടിക്കറ്റുകൾക്ക് ആധാർ വെരിഫിക്കേഷൻ നിർബന്ധം

മുംബൈ: തൽകാൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ ഇ-ആധാർ വെരിഫിക്കേഷൻ നിർബന്ധമാക്കുന്നു. ഈ മാസം അവസാനത്തോടെ നടപ്പാകും. ആധാർ വിവരങ്ങൾ വ്യക്തമാക്കുന്നവർക്ക് പത്ത് മിനിറ്റ് മുമ്പ് ബുക്കിങ് സൗകര്യം ലഭിക്കും. ഈ സമയത്ത് അംഗീകൃത ഏജന്റുമാർക്കും ടിക്കറ്റ് ബുക്ക് ചെയ്യാനാകില്ല. ഏജന്റുമാർ വ്യാജ അക്കൗണ്ടുകൾ ഉപയോഗിച്ച് ടിക്കറ്റുകൾ ഒന്നിച്ച് റിസർവ് ചെയ്യുന്നത് തടയാനാണിത്. ഐആർസിടിസി അക്കൗണ്ടുമായി ആധാർ ലിങ്ക് ചെയ്തശേഷം ലഭിക്കുന്ന ഒടിപി ഉപയോഗിച്ച് സ്ഥിരീകരണം തേടിയാണ് ഇ-വെരിഫിക്കേഷൻ.

# കപ്പൽ അപകടം: മത്സ്യത്തൊഴിലാളികൾക്ക് ആയിരം രൂപ ദുരിതാശ്വാസം

കൊച്ചി: കപ്പൽ അപകടത്തെത്തുടർന്ന് മത്സ്യമേഖലയിൽ ജീവനോപാധി നഷ്ടമായവർക്ക് അക്കൗണ്ടുകളിൽ ആയിരം രൂപ എത്തിക്കാൻ സർക്കാർ നീക്കം. ആയിരം രൂപ അപര്യാപ്തമാണെന്നും അത് സ്വീകരിക്കില്ലെന്ന് സംഘടനകൾ നിലപാടെടുത്തിരിക്കെയാണ് സർക്കാരിന്റെ ഈ ചടുലനീക്കം.

മന്ത്രി സജി ചെറിയാൻ മത്സ്യമേഖലയിലെ സംഘടനകളുമായി ചർച്ച നടത്തിയപ്പോൾ നഷ്ടപരിഹാരത്തുക എത്രയെന്ന് പറഞ്ഞിരുന്നില്ല. തൊട്ടടുത്ത ദിവസം മുഖ്യമന്ത്രിയാണ് ആറു കിലോ അരിയും ആയിരം രൂപയും പ്രഖ്യാപിച്ചത്. തുക പോരെന്നും സ്വീകരിക്കില്ലെന്നും ധീവരസഭയും മത്സ്യത്തൊഴിലാളി കോൺഗ്രസും പ്രഖ്യാപിച്ചിരിക്കെയാണ് സർക്കാർ തിരക്കിട്ട് അക്കൗണ്ടുകളിൽ തുക എത്തിക്കാൻ നിർദേശം നല്കിയിട്ടുള്ളത്. ട്രോളിങ്കാല റേഷൻ സഹായം പിന്നാലെ എത്തുമെന്നും തൽക്കാലം ആയിരം രൂപകൊണ്ട് തൃപ്തിപ്പെടണമെന്നുമാണ് സർക്കാർ നിലപാട്. സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്ന് ഇതിനായി 105,518,000 രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ, എറണാകുളം ജില്ലകളിൽ 78498 മത്സ്യബന്ധന കുടുംബങ്ങൾക്കും 27020 മത്സ്യബന്ധന അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്കുമാണ് സഹായം. ഒന്നര ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ആറ് കിലോ അരിവീതം നല്കും.

അപകടത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചാണ് സംസ്ഥാന സർക്കാർ പ്രഖ്യാപനം. 52 ദിവസം നീളുന്ന ഈ വർഷത്തെ ട്രോളിങ് നിരോധനം ഒമ്പതിന് അർദ്ധരാത്രി 12 മുതൽ ജൂലൈ 31 അർദ്ധരാത്രി വരെയാണ്. മെയ് 25-നാണ് കേരളതീരത്തുനിന്ന് 14.6 നോട്ടിക് മൈൽ അകലെ എംഎസ്സി-3 കപ്പലിൽ നിന്ന് കണ്ടെയ്നറുകൾ കടലിലേക്ക് പതിച്ചത്.



# ഉലുവ ഇലയും ഇനി സുഗന്ധവ്യഞ്ജനം

കൊച്ചി: ഉലുവ ഇല ഉണക്കിയതും ഇനി സ്പൈസസ് ബോർഡിന്റെ പരിധിയിൽ. കഴിഞ്ഞ 23-ന് പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ചാണ് ട്രിങ്കോനല്ല കോർണികുലറ്റ എന്ന ശാസ്ത്രനാമമുള്ള ഉലുവയുടെ ഇലയും സുഗന്ധവ്യഞ്ജന പട്ടികയിൽ ഇടംപിടിച്ചത്.

പച്ചയില മരവിപ്പിച്ച് ഉണക്കി കസൂരിമേത്തി എന്ന പേരിൽ സൂപ്പർ മാർക്കറ്റുകളിൽ ലഭ്യമാണ്. ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിലാണ് വ്യാപകമായി കൃഷിയുള്ളത്. ഇതോടെ സ്പൈസസ് ബോർഡിന്റെ പരിധിയിൽ 53 ഇനം സുഗന്ധവ്യഞ്ജനങ്ങളായി.

1986-ലെ സ്പൈസസ് ബോർഡ് ചട്ടങ്ങൾ ഭേദഗതി ചെയ്ത് അസാധാരണ ഗസറ്റായാണ് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്.

# സിൽവർലൈൻ പദ്ധതിക്ക് ചെലവിട്ടത് 60 കോടി; ഡിപിആർ നൽകിയിട്ട് അഞ്ചുവർഷം

തിരുവനന്തപുരം: സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതിരേഖ (ഡിപിആർ) കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ട് ഈ മാസം 17-ന് അഞ്ചു വർഷം പൂർത്തിയാകുന്നു. ഡിപിആർ പരിഷ്കരിക്കണമെന്നു കേരളത്തോട് ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ടെങ്കിലും ഇപ്പോൾ കേന്ദ്രത്തിന്റെ പരിഗണനയിലുള്ള ഡിപിആർ തള്ളുകയോ കൊള്ളുകയോ ചെയ്തിട്ടില്ല. 2019 ഡിസംബറിൽ തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതി ഉപേക്ഷിച്ചോ എന്നു വ്യക്തമാക്കാതെയാണു റെയിൽവേ മന്ത്രാലയം ഇ. ശ്രീധരന്റെ നിർദ്ദേശമായ ഹൈസ്പീഡ് റെയിൽ പദ്ധതിയുൾപ്പെടെ ചർച്ച ചെയ്യുന്നത്. അഞ്ചുവർഷമായി റെയിൽവേ മന്ത്രാലയത്തിലിരിക്കുന്ന സിൽവർലൈൻ പദ്ധതിക്കായി പക്ഷേ കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷൻ (കെ റെയിൽ) ഇതുവരെ മുടക്കിയത് 60 കോടിയിലേറെ രൂപയാണ്. ഡിപിആർ തയാറാക്കിയ സിസ്ട്ര എന്ന കമ്പനിക്കു കൺസൽറ്റേഷൻ ചാർജ് ഉൾപ്പെടെ 30.32 കോടി രൂപ ഇതിനകം നൽകിക്കഴിഞ്ഞു. ലൊക്കേഷൻ സർവേ നടത്തി അതിരടയാളക്കല്ലുകൾ സ്ഥാപിച്ചതിന് 1.60 കോടി രൂപ ചെലവിട്ടു.

ഭൂപ്രകൃതി സർവേയ്ക്ക് 2.08 കോടിയും ജിയോ ടെക്നിക്കൽ സർവേയ്ക്ക് 86.45 ലക്ഷവും ചെലവായി. ഗതാഗത സർവേയുടെ ചെലവ് 23.75 ലക്ഷമാണെങ്കിൽ പരിസ്ഥിതി ആഘാത പഠനത്തിനു മുടക്കിയത് 40.12 ലക്ഷം. മണ്ണു പരിശോധനയ്ക്ക് 75.91 ലക്ഷം രൂപയായി. ഭൂമിയേറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനത്തിനു റവന്യൂ ജീവനക്കാരുടെ ശമ്പളം, കല്ലിടൽ തുടങ്ങിയ ആവശ്യങ്ങൾക്കായി 11 ജില്ലകളിലേക്കു കളക്ടർമാരുടെ പേരിൽ 20.5 കോടി അനുവദിച്ചിരുന്നു. ഇതിൽ ഏഴരക്കോടി രൂപ ഈ ആവശ്യങ്ങൾക്കു ചെലവായെന്നാണു വിവരം. കെ റെയിലിലെ ജീവനക്കാരുടെ ശമ്പളത്തിനു വിവിധ ആനുകൂല്യങ്ങൾക്കുമായി 20 കോടിയോളം രൂപ ഇതുവരെ ചെലവിട്ടെന്നാണു ലഭ്യമായ കണക്ക്.

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്നു 100 കോടി രൂപ മൂലധനം മുടക്കിയാണു കേരള റെയിൽ ഡവലപ്മെന്റ് കോർപറേഷൻ രൂപീകരിച്ചത്. ചെലവായ തുകയിൽ നല്ലൊരു പങ്കും ഈ ഫണ്ടിൽനിന്നാണ്.

# ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള റെയിൽ പാലം രാഷ്ട്രത്തിനു സമർപ്പിച്ചു

ന്യൂഡൽഹി: ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ ആർച്ച് ബ്രിഡ്ജ് - ജമ്മു കശ്മീരിലെ ചെനാബ് പാലം പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തിനു സമർപ്പിച്ചു. ഇന്ത്യയിലെ ആദ്യത്തെ കേബിൾ റെയിൽ പാലമായ ആൻജി പാലവും ഉദ്ഘാടനം ചെയ്തു.



ഇവയുൾപ്പെടെ മൊത്തം 46,000 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലുമാണ് ജമ്മു കശ്മീരിൽ പ്രധാനമന്ത്രി നിർവഹിച്ചത്. കത്രയ്ക്കും ശ്രീനഗറിനും ഇടയിലെ വന്ദേ ഭാരത് ട്രെയിനുകളുടെ ഫ്ളാഗ് ഓഫും പ്രധാനമന്ത്രി നിർവഹിച്ചു. കശ്മീർ മുതൽ കന്യാകുമാരി വരെയെന്നു ഭാരതാംബയെ എന്നും ആദരവോടെ വിളിച്ചിട്ടുണ്ട്. ഇന്ന് റെയിൽവേ ശൃംഖലയിലൂടെ അതു യാഥാർത്ഥ്യമായി: മോദി പറഞ്ഞു. കശ്മീർ ജനതയുടെ പതിറ്റാണ്ടുകളായുള്ള സ്വപ്നമായിരുന്നു ചെനാബ് പാലം. പ്രദേശിക സംരംഭകർക്ക് ഗുണകരമാകുമെന്നും പ്രദേശത്തിന്റെയാകെ സാമ്പത്തിക അഭിവൃദ്ധിക്ക് ഇതു വഴിതുറക്കുമെന്നും മോദി പറഞ്ഞു. അതിർത്തിപ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ പദ്ധതികൾക്കായി 4,200 കോടി രൂപ അനുവദിക്കുമെന്നും നരേന്ദ്രമോദി പ്രഖ്യാപിച്ചു.

# റഫേൽ പോർവിമാന നിർമാണത്തിന് ടാറ്റ-ദസോ കരാർ

ന്യൂഡൽഹി: റഫേൽ പോർവിമാനത്തിന്റെ നിർമ്മാതാക്കളായ ഫ്രഞ്ച് കമ്പനി ദസോയും ഇന്ത്യൻ കമ്പനി ടാറ്റയും തമ്മിൽ കൈകോർക്കുന്നു. പോർവിമാനങ്ങൾ ഇന്ത്യയ്ക്കായും ആഗോള വിപണി ലക്ഷ്യമിട്ടും നിർമ്മിക്കുകയാണ് പങ്കാളിത്തത്തിന്റെ ലക്ഷ്യം. ദസോ-ടാറ്റ സംയുക്ത സംരംഭത്തിന്റെ ഒരു ഉദ്പാദന യൂണിറ്റ് തെലങ്കാനയിലെ ഹൈദരാബാദിലായിരിക്കും.

റഫേൽ വിമാനത്തിന്റെ ചട്ടക്കൂട് നിർമ്മാണം സംബന്ധിച്ച് രണ്ട് കമ്പനികളും നാല് കരാറുകൾ ഒപ്പിട്ടു. ഫ്രാൻസിനു വെളിയിൽ റഫേൽ വിമാനഭാഗങ്ങൾ നിർമ്മിക്കുന്നത് ഇതാദ്യമായാണ്. ഇന്ത്യയുടെ പ്രതിരോധ മേഖലയ്ക്കും വിതരണശൃംഖലയ്ക്കും ഒരുപോലെ ഗുണകരമാണ് ദസോ-ടാറ്റ പങ്കാളിത്തം.

ഇന്ത്യൻ വ്യോമയാന വ്യവസായത്തിലെ വമ്പനായ ടാറ്റ എയ്റോസ്പേസ് സിസ്റ്റംസ് ലിമിറ്റഡു (ടി.എ.സി.എൽ) മായുള്ള പങ്കാളിത്തം റഫേൽ വിമാനങ്ങളുടെ നിലവാരവും മത്സരക്ഷമതയും മെച്ചപ്പെടുത്താൻ ഗുണകരമാണെന്നു ദസോ ഏവിയേഷൻ ചെയർമാനും സിഇഒയുമായ എറിക് ട്രാപ്പിയർ പറഞ്ഞു. ദസോ ഏവിയേഷനുമായുള്ള ഇന്ത്യയുടെ ബന്ധവും തങ്ങളുടെ വിശ്വാസ്യതയും ശക്തമാക്കാൻ കരാർ സഹായിക്കുമെന്നും ടി.എ.സി.എൽ. മാനേജിങ് ഡയറക്ടറും സിഇഒയുമായ സുകാരൻ സിങ് പ്രതികരിച്ചു.

ഫ്രാൻസിൽനിന്ന് ഇറക്കുമതി ചെയ്ത റഫേൽ പോർ വിമാനങ്ങൾ പഹൽഗാം ഭീകരാക്രമണത്തിനു തിരിച്ചടിയായി ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂറിൽ ഉപയോഗിച്ചതായാണ് റിപ്പോർട്ടുകൾ. ഇതേത്തുടർന്ന് ദസോ ഏവിയേഷന്റെ ഓഹരിമൂല്യം കുതിച്ചുയർന്നിരുന്നു. റഫേൽ നിർമ്മാണത്തിനാവശ്യമായ ചട്ടക്കൂട് ഉത്പാദന യൂണിറ്റാകും കരാറിന്റെ ഭാഗമായി ഹൈദരാബാദിൽ സ്ഥാപിക്കുക. 2028-ൽ ആദ്യയൂണിറ്റ് പൂർണ പ്രവർത്തനസജ്ജമാകും. പ്രതിമാസം രണ്ട് ചട്ടക്കൂടുകൾ എന്നതാകും ഉത്പാദനശേഷി.




FAMILY DENTAL

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

Children Welcome
Invisalign & Braces

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)





DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# ഗാർലന്റ് സെ. തോമസ് ദേവാലയത്തിൽ ആദ്യകുർബാന സ്വീകരണം



ടെക്സാസ്: ഗാർലന്റ് സെ. തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും സ്ഥൈര്യലേപന ശുശ്രൂഷയും നടന്നു. മെയ് 31-ന് നടന്ന ശുശ്രൂഷകളിൽ ചിക്കാഗോ രൂപതാ മെത്രാൻ മാർ ജോയി ആലപ്പാട്ട് മുഖ്യ കാർമ്മികനായി. വികാരി ഫാ. ജെയിംസ് നിരപ്പേൽ, ഫാ. ജോർജ് വാണിയപ്പുരയ്ക്കൽ എന്നിവർ സഹകാർമ്മികരായിരുന്നു. പതിനെട്ട് കുട്ടികളാണ് ഇത്തവണ ആദ്യകുർബാന സ്വീകരിച്ചത്.

**മാർട്ടിൻ വിലങ്ങോലിൽ**

സൺഡേസ്കൂൾ അദ്ധ്യാപകരായ സിസ്റ്റർ സ്നേഹ റോസ് കുന്നേൽ എസ്എബിഎസ്, ബ്ലെസി ലാൽസൺ, ആഷ്ലി മൈക്കിൾ, ജോമോൾ ജോർജ് (സിസിഡി കോ-ഓർഡിനേറ്റർ), ജോയൽ കുഴിപ്പിള്ളിൽ, ബെർറ്റി ഡിസൂസ (അസി. കോ-ഓർഡിനേറ്റർ) എന്നിവർ കൂദാശാ സ്വീകരണത്തിനു കുട്ടികളെ പരിശീലിപ്പിക്കുന്നതിനും അമോദ് അഗസ്റ്റിൻ, റിച്ചാ ഷാജി (പേരന്റ് കോ-ഓർഡിനേറ്റർ) പരിപാടികളുടെ ക്രമീകരണങ്ങൾക്കും നേതൃത്വം നല്കി.

ടോമി നെല്ലുവേലിൽ, കുര്യൻ മണ്ണനാൽ, മാത്യു ജോൺ (രാജു), സണ്ണി കൊച്ചുപറമ്പിൽ (കൈക്കാരന്മാർ), സിസ്റ്റർ ജ്ലെറിൻ കൊടിയന്തറ എസ്എബിഎസ് എന്നിവർ ആദ്യകുർബാന സ്വീകരണച്ചടങ്ങുകൾ വിജയമാക്കുന്നതിന് നേതൃത്വം നല്കി. ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ പ്രതിനിധികളായ ഡേവിഡ് അഗസ്റ്റിൻ, ഏവാ ജോൺ എന്നിവർ ഏവർക്കും നന്ദി പ്രകാശിപ്പിച്ചു.

**ഫോട്ടോ: സജി സ്റ്റാർലൈൻ**

# ഫോമാ ബൈലോ കമ്മിറ്റി ഭേദഗതികൾ ക്ഷണിക്കുന്നു

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: ഫോമായുടെ ഭരണഘടനയിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുവാൻ വേണ്ടി ജോൺ സി. വർഗീസ് ചെയർമാനായി പുനഃസംഘടിപ്പിച്ച ബൈലോ കമ്മിറ്റി, ഫോമാ അംഗസംഘടനകളിൽ നിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങൾ ക്ഷണിക്കുന്നു.

നിലവിലുള്ള ബൈലോയിൽ മാറ്റം വരുത്തേണ്ട ഭേദഗതികൾ ഈ മാസം 30-ന് മുമ്പായി ബൈലോ കമ്മിറ്റിയെ അറിയിക്കണമെന്ന് ചെയർമാൻ ജോൺ സി. വർഗീസ് (സലിം) അഭ്യർത്ഥിച്ചു.

സജി ഏബ്രഹാം (വൈസ് ചെയർമാൻ-ന്യൂയോർക്ക്), ജെ. മാത്യു (ന്യൂയോർക്ക്), മാത്യു വൈരമൺ (ഹ്യൂസ്റ്റൺ), സിജോ ജെയിംസ് (ടെക്സാസ്), ബബ്ലു ചാക്കോ (സെക്രട്ടറി/കോ-ഓർഡിനേറ്റർ) എന്നിവരാണ് ബൈലോ കമ്മിറ്റിയിലെ മറ്റ് അംഗങ്ങൾ.

ഇക്കാര്യത്തിൽ എല്ലാ അംഗസംഘടനകളുടെയും സഹകരണം ബൈലോ കമ്മിറ്റിക്ക് ഉണ്ടാകണമെന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ് പ്രസിഡണ്ട് ഷാലു പുന്നൂസ്, ജോ. സെക്രട്ടറി പോൾ ജോസ്, ജോ. ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അഭ്യർത്ഥിച്ചു. താഴെക്കോടുത്തിരിക്കുന്ന ഇ-മെയിൽ ഐഡിയിൽ നിങ്ങളുടെ നിർദ്ദേശങ്ങൾ അയയ്ക്കാവുന്നതാണ്-Fomaabylaw2025@gmail.com

# പെന്തെക്കോസ്തുകാരോട് ഖേദപ്രകടനം നടത്തി ജോൺ ബ്രിട്ടാസ് എംപി

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: യൂട്യൂബ് ചാനൽ ഇന്റർവ്യൂവിൽ പെന്തെക്കോസ്ത് വിരുദ്ധ പരാമർശം നടത്തിയ ജോൺ ബ്രിട്ടാസ് എംപി തന്റെ സോഷ്യൽ മീഡിയായിലൂടെ പെന്തെക്കോസ്തുകാരോട് ഖേദം പ്രകടിപ്പിച്ചു. ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് ഖേദപ്രകടനം നടത്തിയത്. ഫേസ്ബുക്ക് പോസ്റ്റിന്റെ പൂർണ്ണരൂപം താഴെക്കൊടുക്കുന്നു.

"അടുത്തിടെ ഒരു ഹിന്ദി സമൂഹമാധ്യമത്തിന് നല്കിയ അഭിമുഖത്തിലെ ചില പരാമർശങ്ങൾ പെന്തെക്കോസ്ത് സമൂഹത്തെ വേദനിപ്പിച്ചതായി മനസ്സിലാക്കുന്നു. വിദേശ പ്രതിനിധി സംഘത്തിന്റെ ഭാഗമായി രണ്ടാഴ്ച രാജ്യത്തിനു പുറത്തായിരുന്നതുകൊണ്ട് വിശദാംശങ്ങൾ ഇപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്. മാത്രമല്ല, പെന്തെക്കോസ്ത് വിഭാഗത്തിലെ ചിലരുടെ സന്ദേശങ്ങളും വായിക്കാൻ ഇടയായതിന്റെ പശ്ചാത്തലത്തിലാണ് ഈ കുറിപ്പ്.

അടുത്തിടെയാണ് അഭിമുഖം വന്നതെങ്കിലും മാസങ്ങൾക്കു മുൻപ് റെക്കോർഡ് ചെയ്തതാണെന്ന് അത് സൂക്ഷ്മമായി കാണുന്നവർക്ക് മനസ്സിലാകും. അഭിമുഖത്തിൽ ഞാൻ പ്രധാനമായും ഊന്നാൻ ശ്രമിച്ചത്, പ്രധാനമന്ത്രി നരേന്ദ്ര മോദിയും അദ്ദേഹത്തിന്റെ പാർട്ടിയും രാജ്യത്ത് വർഗീയ ധ്രുവീകരണം സൃഷ്ടിക്കാൻ നടത്തുന്ന ശ്രമങ്ങളെക്കുറിച്ചായിരുന്നു. അയോദ്ധ്യയുടെ പശ്ചാത്തലത്തിൽ ഉയർത്തിയ ചോദ്യങ്ങളായിരുന്നു അഭിമുഖത്തിൽ ഏറെയും.

പ്രധാനമന്ത്രി പദത്തിലിരിക്കുന്ന ഒരാൾ അയോദ്ധ്യയിലെ പ്രാണപ്രതിഷ്ഠയിൽ മുഖ്യപൂജാരിയായി കാർമ്മികത്വം വഹിച്ചത് ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്തയ്ക്ക് നിരക്കാത്തതാണെന്ന് ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. നെഹ്റു ഇതുമായി ബന്ധപ്പെട്ട് അന്നത്തെ പ്രസിഡണ്ട് രാജേന്ദ്ര പ്രസാദിന് അയച്ച കത്തുകളെക്കുറിച്ചും പരാമർശിച്ചിരുന്നു. അതേസമയം വിശ്വാസം വ്യക്തിപരമാണെന്ന നിലപാടാണ് എനിക്കുള്ളതെന്നും അടിവരയിട്ട് പറഞ്ഞിരുന്നു.



അതിനിടയിൽ പഞ്ചാബിലെ ഒരു സംഭവത്തെ മുൻനിർത്തി ചില ചോദ്യങ്ങളും അവതാരകൻ ഉന്നയിച്ചിരുന്നു. ഇതിനോട് പ്രതികരിച്ചപ്പോൾ പെന്തെക്കോസ്ത് സമൂഹത്തിന് വിഷമം തോന്നുന്ന ചില കാര്യങ്ങൾ കടന്നുവന്നു എന്നാണ് ഇപ്പോഴത്തെ പരാതി. നാലു മണിക്കൂറോളം നീണ്ടുനിന്ന അഭിമുഖം മുക്കാൽ മണിക്കൂറിലേക്ക് ചുരുക്കിയപ്പോൾ പലതും സന്ദർഭത്തിൽ നിന്നും അടർന്നുമാറി. ഒപ്പം വിശദീകരണങ്ങൾ നഷ്ടമാകുകയും ചെയ്തു. അതാണ് തെറ്റിദ്ധാരണയ്ക്ക് വഴിവെച്ചത്. ഭരണഘടന നല്കുന്ന അവകാശങ്ങൾ പ്രകാരം ഏതു മതക്കാർക്കും അവരുടെ വിശ്വാസം മുറുകെ പിടിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി എക്കാലത്തും ഞാൻ നിലകൊണ്ടിട്ടുണ്ട്. പാർലമെന്റിലെ എന്റെ ഇടപെടൽ ശ്രദ്ധിക്കുന്നവർക്ക് അത് ബോദ്ധ്യപ്പെടുന്നതാണ്. അതേസമയം, അഭിമുഖത്തിലെ ഏതെങ്കിലും പരാമർശം പെന്തെക്കോസ്ത് വിഭാഗത്തിന് വിഷമം സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അതിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ അവകാശങ്ങൾക്കു വേണ്ടി അചഞ്ചലമായി നിലകൊള്ളുന്ന പൊതുപ്രവർത്തകനാണ് ഞാൻ എന്ന കാര്യം അവർ ഓർമ്മിക്കും എന്നും കരുതുന്നു."



# വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയന്റെ ആഭിമുഖ്യത്തിൽ രമേശ് ചെന്നിത്തലയ്ക്ക് സ്വീകരണവും പുതിയ സ്ലോഗൻ പ്രകാശനവും

**രാജു മൈലപ്ര**

ചിക്കാഗോ: വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഒരു സൗഹൃദസമ്മേളനം, മുൻ കേരള ആഭ്യന്തര മന്ത്രിയും കോൺഗ്രസ് എംഎൽഎയുമായ രമേശ് ചെന്നിത്തലയ്ക്കുള്ള ഒരു സർപ്രൈസ് ജന്മദിന ആഘോഷത്തിനു കൂടി വേദിയായി.



തനിക്കു ലഭിച്ച അപ്രതീക്ഷിത ജന്മദിന ആഘോഷങ്ങൾ ഒരുക്കിയ വേൾഡ് മലയാളി കൗൺസിലിനോടുള്ള നന്ദിയും സന്തോഷവും അദ്ദേഹം അറിയിച്ചു. ഈ സംഘടന നടത്തുന്ന ആഗോള ജീവകാരുണ്യ പ്രവർത്തനങ്ങൾ അങ്ങേയറ്റം പ്രശംസനീയമാണെന്നും തന്റെ ജന്മസ്ഥലമായ ഹരിപ്പാട് എന്ന ഗ്രാമത്തിൽപ്പോലും ഇതിന്റെ സഹായ സ്പർശനം എത്തിയിട്ടുണ്ടെന്നും ചെന്നിത്തല പ്രസ്താവിച്ചു.

മെയ് 25-ന് ഞായറാഴ്ച ജെയിംസ് കൂടലിന്റെ വസതിയിൽ കൂടിയ യോഗത്തിൽ വേൾഡ് മലയാളി കൗൺസിലിന്റെ സമുന്നത നേതാക്കൾ പങ്കെടുത്തു. വേൾഡ് മലയാളി കൗൺസിലിന്റെ 'Uniting Malayalees Worldwide, Empowering Society' എന്ന പുതിയ സന്ദേശവാക്യം (Slogan) ഈ യോഗത്തിൽ വെച്ച് രമേശ് ചെന്നിത്തല ഔദ്യോഗികമായി അനാച്ഛാദനം ചെയ്തു.

ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ, സെക്രട്ടറി ജനറൽ ദിനേശ് നായർ, ട്രഷറർ ഷാജി മാത്യു, അഡ്മിൻ വൈസ് പ്രസിഡണ്ട് ജെയിംസ് കൂടൽ, വൈസ് പ്രസിഡണ്ട് ഡോ. തങ്കം അരവിന്ദ് എന്നിവർ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ അഭിനന്ദിച്ചുകൊണ്ടുള്ള ആശംസാപ്രസംഗങ്ങൾ നടത്തി.

വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയൻ ചെയർമാനായി ഡാളസ് പ്രൊവിൻസിൽ നിന്നുള്ള ഷിബു സാമുവേൽ, പ്രസിഡണ്ടായി ഫ്ളോറിഡ പ്രൊവിൻസിൽ നിന്നുള്ള ബ്ലസൻ മണ്ണിൽ, ജനറൽ സെക്രട്ടറിയായി മഞ്ജു സുരേഷ്, ട്രഷററായി മോഹൻ കുമാർ എന്നിവരാണ് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടത്.

തങ്ങൾക്ക് ലഭിച്ച ഈ അംഗീകാരത്തിനും പദവികൾക്കും പുതിയ ഭാരവാഹികൾ നന്ദി പറഞ്ഞു. തങ്ങളെ ഭരമേല്പിച്ച ഈ കർത്തവ്യം ഉത്തരവാദിത്വത്തോടും അർപ്പണബോധത്തോടും കൂടി നിർവഹിക്കുവാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ബ്ലസൻ മണ്ണിൽ പ്രസ്താവിച്ചു.

അഡ്മിൻ വൈസ് പ്രസിഡണ്ട് പ്രിയ വെസ്ലി, ഓർഗനൈസേഷൻ വൈസ് പ്രസിഡണ്ട് ബൈജു ഇട്ടൻ എന്നിവരും ആശംസകളർപ്പിച്ചു.

ജൂലൈ 25 മുതൽ മൂന്നു ദിവസം ബാങ്കോംഗിൽ നടത്തുന്ന വേൾഡ് മലയാളി കൗൺസിലിന്റെ പതിനാലാമത് ആഗോള ദ്വിവത്സര സമ്മേളനത്തിന് അമേരിക്കൻ റീജിയനിൽ നിന്നും സജീവ പങ്കാളിത്തമുണ്ടാകണമെന്ന് സംഘാടക സമിതി ചെയർമാൻ ഡോ. ബാബു സ്റ്റീഫൻ അഭ്യർത്ഥിച്ചു. 1995-ൽ അമേരിക്കയിലെ ന്യൂജേഴ്സിയിൽ അന്നത്തെ ഇലക്ഷൻ കമ്മീഷണർ ടി.എൻ. ശേഷൻ, കെൻട്രോൺ ചെയർമാൻ കെ.പി.പി. നമ്പ്യാർ, ഡോ. ബാബു പോൾ ഐഎഎസ്, ടി.ജി.എസ്. സുദർശൻ തുടങ്ങിയവർ ആരംഭിച്ച മലയാളികളുടെ ഈ ആഗോള പ്രസ്ഥാനം ഇന്ന് അമ്പതിലേറെ രാജ്യങ്ങളിൽ ശാഖകൾ ഉള്ള ഒരു സംഘടനയാണ്.

# നവനീത് ഉണ്ണികൃഷ്ണന് എംഐഎഫ് യുവ സംഗീതരത്ന പുരസ്കാരം

**അനീഷ് ജെയിംസ്**

കാലിഫോർണിയ: മ്യൂസിക് ഇന്ത്യ ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക (എംഐഎഫ്) 2024-ലെ യുവ സംഗീതരത്ന പുരസ്കാരത്തിന് നവനീത് ഉണ്ണികൃഷ്ണനെ തെരഞ്ഞെടുത്തു. സംഗീതമേഖലയിൽ ഗ്ലോബൽ തലത്തിൽ തിളങ്ങുന്ന യുവപ്രതിഭകളെ ആദരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ പുരസ്കാരം നല്കുന്നത്.

2025 ജൂലൈ 26-ന് കാലിഫോർണിയയിലെ മിൽപിറ്റാസ് ടെക്ക് സെന്ററിൽ നടക്കുന്ന സംഗീത ദിനാഘോഷത്തിൽ മ്യൂസിക് ഇന്ത്യ ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക ഈ പുരസ്കാരം നല്കും.

അമേരിക്കയിൽ ജനിച്ചുവളർന്ന നവനീത്, കർണാടക സംഗീതത്തിന്റെ ആഴത്തിലുള്ള പാരമ്പര്യത്തിൽ പെരുകിയ ഒരു അപൂർവ സംഗീത പ്രതിഭയാണ്. സിനിമാ ഗാനങ്ങളിലും കർണാടക രാഗങ്ങളിലും ഉള്ള ആഴം തിരിച്ചറിഞ്ഞ് രണ്ടിന്റെയും ബന്ധം അതി മനോഹരമായി അവതരിപ്പിക്കുന്നതിൽ അദ്ദേഹം വൈദഗ്ദ്ധ്യം കാണിക്കുന്നു. സാങ്കേതിക പരിജ്ഞാനത്തോടൊപ്പം സംഗീതത്തിന്റെ അതിസൂക്ഷ്മ വികാരങ്ങളിലേക്കുള്ള അദ്ദേഹത്തിന്റെ അറിവ് ശ്രദ്ധേയമാണ്.

ഈ വർഷം എംഐഎഫ് നോർത്ത് അമേരിക്ക ലോകമെമ്പാടുമുള്ള വൈവിധ്യമാർന്ന യുവസംഗീത പ്രതിഭകളിൽ നിന്നും സ്വീകരിച്ച അമ്പതിലധികം അപേക്ഷകളിൽ ഇന്ത്യയും യുഎസും ഉൾപ്പെടെയുള്ള പ്രമുഖ സംഗീതജ്ഞന്മാരുള്ള വിജ്ഞാപക സമിതി നടത്തിയ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് നവനീത് ഉണ്ണികൃഷ്ണനെ ഏകകണ്ഠമായി ഈ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്. രാഗങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ ചലച്ചിത്ര ഗാനങ്ങളിൽ കാണിച്ച



വൈവിധ്യവും കർണാടക സംഗീതം കൂടുതൽ ജനപ്രീതിയുള്ളതാക്കുന്ന ശ്രമങ്ങളിലും അദ്ദേഹത്തിന്റെ പങ്കാളിത്തവും പ്രശംസനീയമാണ്.

2025 ജൂലൈ 26-ന് കാലിഫോർണിയയിലെ മിൽപിറ്റാസ് ടെക്ക് സെന്ററിൽ നടക്കുന്ന എംഐഎഫ് സംഗീത ദിനാഘോഷ പരിപാടിയിൽ നവനീതിന് ഈ പുരസ്കാരം ഔപചാരികമായി സമ്മാനിക്കും. സാൻ ഫ്രാൻസിസ്കോ ബേ ഏരിയയിൽ നിന്നുള്ള സംഗീതാരാധകരും കലാപ്രേമികളും പരിപാടിയിൽ പങ്കെടുക്കും.

2024-ലെ യുവ സംഗീത രത്നയായി നവനീതിനെ തെരഞ്ഞെടുത്തത് അദ്ദേഹത്തിന്റെ വ്യക്തിഗത നേട്ടം മാത്രമായിട്ടല്ല. കർണാടക സംഗീതത്തിന്റെ പൈതൃകത്തെ ആധുനികതയുമായി ചേർത്ത് പ്രചരിപ്പിക്കുന്ന യുവപ്രതിഭകളുടെ വിജയമായി കണക്കാക്കപ്പെടുന്നതുകൊണ്ടും കൂടിയാണ്.


Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151,
Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# ചിക്കാഗോ എക്യുമെനിക്കൽ ചർച്ചുകളുടെ കുടുംബ സംഗമം അരങ്ങേറി

സാം തേക്കനാൽ/
ജോൺസൻ വള്ളിയിൽ

ചിക്കാഗോ: ചിക്കാഗോയിലെ 17 എപ്പിസ്കോപ്പൽ ക്രിസ്ത്യൻ സഭകളുടെ ഐക്യവേദിയായ എക്യുമെനിക്കൽ കൗൺസിൽ ഓഫ് കേരളാ ചർച്ചിന്റെ ഈ വർഷത്തെ കുടുംബ സംഗമം മെയ് 31-ന് വൈകുന്നേരം ചിക്കാഗോ സീറോമലബാർ കത്തീഡ്രൽ പാരിഷ് ഹാളിൽ അരങ്ങേറി. ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്ത സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു.



നമ്മുടെ ചുറ്റുമുള്ള സമൂഹങ്ങളിലെ സ്വഭാവ വ്യത്യാസങ്ങൾ കുടുംബങ്ങളിൽ നിന്നു തന്നെ ആരംഭിക്കുന്നു. ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം മുറുകെപ്പിടിക്കുവാൻ നമ്മെ ആശംസിച്ചു.

വിവിധ ദേവാലയങ്ങളിൽ നിന്നും നയനമനോഹരവും ക്രിസ്തീയ മൂല്യങ്ങൾ നിറഞ്ഞതുമായ കലാവിരുന്നുകൾ അവതരിപ്പിച്ചു കാണികളുടെ മുക്തകണ്ഠപ്രശംസ ഏറ്റുവാങ്ങി. ചടങ്ങുകൾക്കു മുന്നോടിയായി ചിക്കാഗോ ചെണ്ടക്ലബ് ചെണ്ടനാദം ശ്രുതി മധുരം പകർന്നു.


മാർ ജേക്കബ് അങ്ങാടിയത്തും മാർ ജോയി ആലപ്പാട്ടും രക്ഷാധികാരികളായി നേതൃത്വം നല്കുന്ന കൗൺസിലിന്റെ പ്രസിഡണ്ട് റവ.ഫാ. തോമസ് മാത്യു, റവ. ബിജു യോഹന്നാൻ, അച്ചൻകുഞ്ഞ് മാത്യു, ബെഞ്ചമിൻ തോമസ്, ജോർജ് മാത്യു, സിനിൽ ഫിലിപ്പ് എന്നിവർ കൗൺസിലിന്റെ എക്സിക്യൂട്ടീവ്സ് ആയും കുടുംബ സംഗമത്തിന്റെ പ്രത്യേക നടത്തിപ്പിന് റവ.ഫാ. ജോയിസ് പാപ്പൻ പ്രോഗ്രാം ചെയർമാൻ, മാത്യു മാപ്ലേട്ട് കൺവീനർ, ജോൺസൻ വള്ളിയിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവർ ചടങ്ങിനു നേതൃത്വം നല്കി.

ഇവരെ കൂടാതെ റോഡ്നി സൈമൺ, ജോയ്സ് ചെറിയാൻ, സാം തോമസ്, ആന്റോ കവലയ്ക്കൽ, സുമ തോമസ്, ആഗ്നസ് തോമസ്, വത്സമ്മ ഈട്ടിക്കൽ പ്രേംജിത് വില്യം, ഏലിയാമ്മ പുന്നൂസ്, ജോൺസൺ കണ്ണൂക്കാടൻ, ജോർജ് കുര്യാക്കോസ്, മഞ്ജു ബേബി, ഷീബ മാത്യൂസ്, സാറ വർഗീസ്, ബീന ജോർജ്, വർഗീസ് തോമസ്, ജാസ്മിൻ ഇമ്മാനുവേൽ, ഇടിക്കുള ജോസഫ്, സൈമൺ തോമസ്, തോമസ് സ്കറിയ, ജോൺ എലക്കാട്ട് എന്നിവരും വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചു. ഫുഡ് സെയിൽസിൽ നിന്ന് ലഭിക്കുന്ന ഒരു വരുമാനം നാട്ടിൽ ആതുരശുശ്രൂഷയ്ക്കും നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനത്തിനും സഹായമാകുന്നു. വൈകിട്ട് 5 മണിക്ക് ഡിന്നറോടെ തുടങ്ങിയ കുടുംബ സംഗമം രാത്രി 9.15-ന് സമാപിച്ചു.

# കെ.വി. മോഹൻകുമാർ ഐഎഎസ് (റിട്ട.) ഫൊക്കാന കേരള സാഹിത്യ സമ്മേളനത്തിന്റെ ചെയർമാൻ

ശ്രീകുമാർ ഉണ്ണിത്താൻ

ചിക്കാഗോ: കേരളത്തിലെ സാഹിത്യ സാംസ്കാരിക മേഖലകളിൽ നിറഞ്ഞുനിൽക്കുന്ന കെ.വി. മോഹൻ കുമാറിനെ ഫൊക്കാന കേരള സാഹിത്യ സമ്മേളനത്തിന്റെ ചെയർമാനായി നിയമിച്ചതായി ഫൊക്കാന പ്രസിഡണ്ട് സജിമോൻ ആന്റണി അറിയിച്ചു.




ഫൊക്കാന കേരള കൺവൻഷൻ 2025 ഓഗസ്റ്റ് ഒന്ന്, രണ്ട്, മൂന്ന് തീയതികളിൽ കോട്ടയത്തെ കുമരകത്തുള്ള ഗോകുലം ഗ്രാൻഡ് ഫൈവ് സ്റ്റാർ റിസോർട്ടിൽ നടത്തുമ്പോൾ അതിലെ പ്രധാനപ്പെട്ട ഒന്നാണ് സാഹിത്യ സമ്മേളനവും സാഹിത്യ പുരസ്കാര വിതരണങ്ങളും. നാം ജനിക്കുമ്പോഴേ നമുക്കൊപ്പം നീങ്ങുന്നതാണ് മാതൃഭാഷയും ഒപ്പമുള്ള സംസ്കാരവും. മാതൃഭാഷയിലൂടെയാണ് ഒരുവൻ ലോകത്തിലേക്ക് നടന്നുകയറുന്നത്. നമ്മുടെ ഭാഷയ്ക്കൊപ്പം നമ്മുടെ ജീവിതവും സംസ്കാരവും ചിട്ടപ്പെട്ട് വരുന്നു. അതുകൊണ്ടുതന്നെ നാം നമ്മുടെ മാതൃഭാഷയോട് എന്നും കടപ്പെട്ടിരിക്കുന്നു. മലയാളഭാഷ ഉള്ളിടത്തെല്ലാം സാഹിത്യാഭിരുചിയും വായനയും പരിപോഷിപ്പിക്കുവാൻ ഫൊക്കാന എന്നും പ്രതിജ്ഞാബദ്ധമാണ്.

കെ.വി. മോഹൻകുമാർ പത്തു നോവലുകളും പന്ത്രണ്ട് കഥാസമാഹാരവും ഉൾപ്പെടെ 37 കൃതികളുടെ രചയിതാവാണ്. 'ഉല'യാണ് ഏറ്റവും പുതിയ നോവൽ. 'ഉഷ്ണരാശി' എന്ന നോവലിന് 2018-ലെ വയലാർ അവാർഡും കേരള സാഹിത്യ അക്കാഡമി അവാർഡും ഉൾപ്പെടെ പുരസ്കാരങ്ങൾ ലഭിച്ചു.

കേരള കൗമുദി, മലയാള മനോരമ ദിനപത്രങ്ങളിൽ ജില്ലാ ലേഖകനായും സബ് എഡിറ്ററായും പന്ത്രണ്ട് വർഷത്തെ പത്രപ്രവർത്തനം. സാഹിത്യ മേഖലയിലും അഡ്മിനിസ്ട്രേറ്റീവ് മേഖലയിലും പത്രപ്രവർത്തനത്തിലും തനതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിയാണ് അദ്ദേഹം.

1993-ൽ സംസ്ഥാന സിവിൽ സർവീസിൽ ഡെപ്യൂട്ടി കളക്ടറായി നിയമിതനായി. ഖാദി ബോർഡ് സെക്രട്ടറി, സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറി, ടൂറിസം വകുപ്പിൽ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർ, സുനാമി പുനരധിവാസ പദ്ധതി ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. 2004 ബാച്ചിൽ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പാലക്കാട്ടും കോഴിക്കോട്ടും ജില്ലാ കളക്ടറായിരുന്നു. നോർക്ക് റൂട്ട്സ് സിഇഒ, ഗ്രാമ വികസന കമ്മീഷണർ, ഹയർ സെക്കൻഡറി ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറി എന്നീ പദവികൾ വഹിച്ചു. പാലക്കാട് ജില്ലാ കളക്ടറായിരിക്കെ 'ഖസാക്കിന്റെ ഇതിഹാസ'ത്തിന്റെ ഭൂമികയായ തസ്രാക്ക് സാംസ്കാരിക കേന്ദ്രമായി വികസിപ്പിക്കുന്നതിനും ഇതിഹാസ കഥാപാത്രങ്ങളെ കരിങ്കല്ലിൽ ആവിഷ്കരിക്കുന്നതിനും പദ്ധതി നടപ്പാക്കി.

പാലക്കാട് കോട്ട മൈതാനത്ത് കേരളത്തിലെ ആദ്യത്തെ കരിങ്കൽ ശില്പ ഉദ്യാനമായ 'ശിലാവാടിക' സ്ഥാപിച്ചു. പാലക്കാട് ജില്ലാ കളക്ടറായിരിക്കെ മികച്ച സേവനത്തിന് രാഷ്ട്രപതിയുടെ കീർത്തിമുദ്രയും പ്രശംസാപത്രവും ലഭിച്ചു. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രഥമ ചെയർമാനായിരുന്നു. 2023-ൽ സർവീസിൽ നിന്നു വിരമിച്ചു.

പ്രണയത്തിന്റെ മൂന്നാം കണ്ണ്, എടലാക്കുടി പ്രണയ രേഖകൾ, മാഴൂർ തമ്പാൻ രണ്ടാം വരവ്, ജാരനും പൂച്ചയും, ഹേ രാമ, ഏഴാമിന്ദ്രിയം, ശ്രാദ്ധശേഷം എന്നിവയാണ് ഇതര നോവലുകൾ. കാളിയമ്പ്, സമ്പൂർണ്ണ കഥകൾ (1983-2020), പേപ്പർ വെയ്റ്റ്, സൗന്ദര്യ ബിലഹരി തുടങ്ങിയ 13 കഥാസമാഹാരങ്ങൾ. കൂടാതെ യാത്രാവിവരണം, ഓർമ്മ, ബാലസാഹിത്യം, ലേഖനങ്ങൾ...'ഉഷ്ണരാശി' അതേ പേരിൽ തമിഴിലും Man Hunt എന്ന പേരിൽ ഇംഗ്ലീഷിലും 'പ്രണയത്തിന്റെ മൂന്നാം കണ്ണ്' The Third Eye of Love എന്ന പേരിൽ ഇംഗ്ലീഷിലും 'പ്രണയ് കീ തീസരി ആംക്' എന്ന പേരിൽ ഹിന്ദിയിലും ശ്രാദ്ധശേഷം End of A Journy എന്ന പേരിൽ ഇംഗ്ലീഷിലും പരിഭാഷപ്പെടുത്തിയിട്ടുണ്ട്. (ശേഷം 30-ാം പേജിൽ)

## ഫാ. സോജി ഓലിക്കൽ നയിക്കുന്ന കുടുംബനവീകരണ ധ്യാനം ഓസ്റ്റിനിൽ

ടെക്സാസ്: സേവ്യർ ഖാൻ വട്ടായിലച്ചൻ നേതൃത്വം കൊടുക്കുന്ന ഓസ്റ്റിൻ, ടെക്സാസിൽ പ്രവർത്തിക്കുന്ന പിഡിഎം ധ്യാന കേന്ദ്രത്തിൽ എല്ലാ മാസവും വിവിധങ്ങളായ ധ്യാനങ്ങൾ നടന്നുവരുകയാണ്.

ഈ മാസം ജൂൺ 27-ാം തീയതി മുതൽ നടക്കുന്ന മൂന്ന് ദിവസത്തെ കുടുംബനവീകരണ ധ്യാനം നയിക്കുന്നത് അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. സോജി ഓലിക്കലാണ്.

ജൂൺ 27-ാം തീയതി വൈകുന്നേരം ആരംഭിച്ച് 29-ാം തീയതി വൈകുന്നേരം അവസാനിക്കും. 150 പേർക്ക് ഈ അസുലഭ അവസരത്തിൽ പങ്കെടുക്കാൻ സാധിക്കും. അമേരിക്കയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും നിരവധി പേർ സോജി അച്ചൻ നയിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു.

ആത്മീയ നവീകരണവും ദൈവാനുഗ്രഹവും പ്രാപിക്കുവാൻ നിങ്ങളുടെ കുടുംബങ്ങൾ ഒപ്പം ഈ ധ്യാനത്തിൽ പങ്കെടുത്ത് ഒരു അവിസ്മരണീയ ആത്മീയ യാത്രയ്ക്ക് എല്ലാവർക്കും സ്വാഗതം. കൂടുതൽ വിവരങ്ങൾ ഫ്ളയറിൽ ലഭ്യമാണ്. Sunny Thomas, Austin PDM Renewal Center-512 897 5296.



# മയാമി സെന്റ് ജൂഡ് ഇടവകയുടെ ദശവത്സരാഘോഷങ്ങൾക്ക് ഉജ്വല സമാപനം

**എബി തെക്കനാട്ട്**

മയാമി: സെന്റ് ജൂഡ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പത്താം വാർഷികാഘോഷം വർണ്ണശബളമായി സമാപിച്ചു. ഒരു വർഷം മുമ്പ് ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് തുടക്കം കുറിച്ച ആഘോഷപരിപാടികൾ 2025 ജൂൺ 1-ാം തീയതി സമാപിച്ചു. കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന കൃതജ്ഞതാബലിയിൽ ഫാ. സജി പിണർക്കയിൽ, ഫാ. ജോസ് ആദോപ്പിള്ളി, ഫാ. ജോർജ് പാക്കുവെട്ടിത്തറ, ഫാ. ജോഷി എളമ്പാശ്ശേരി, ഫാ. അഗസ്റ്റിൻ, ഫാ. ഐസക്, ഫാ. റോയി എന്നിവർ സഹകാർമ്മികരായിരുന്നു. ദിവ്യബലി മദ്ധ്യേ മാർ മാത്യു മൂലക്കാട്ട് വചനസന്ദേശം നല്കി. വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ ട്രസ്റ്റി ജോസഫ് പതിയിൽ വിശിഷ്ടാതിഥികളെ സ്വാഗതം ചെയ്തു.

ഇടവക വികാരി ഫാ. സജി പിണർക്കയിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി. ജോണി ഞാറവേലിൽ, ജിസ്മോൻ പടിയാനിക്കൽ, ദീപു കണ്ടാരപ്പള്ളിൽ, മാത്യു പൂഴിക്കനടക്കൽ, ഡൈന തേക്കുംകാട്ടിൽ, ഷെറിൻ പനന്താനത്ത്, മിനി കല്ലിടാന്തിയിൽ, ലിസി ഓട്ടപ്പള്ളിൽ എന്നിവർ ഉൾപ്പെട്ട ഗായകസംഘം ശ്രുതിമധുരമായ ഗാനങ്ങൾ ആലപിച്ചു.

ഇടവകയുടെ പത്താം വാർഷികത്തോടനുബന്ധിച്ച് നിർദ്ധനരായ മൂന്നു പേർക്ക് നാട്ടിൽ ഭവനങ്ങൾ നിർമ്മിച്ചു നല്കാൻ തീരുമാനിച്ചു. ജിമ്മി ആൻഡ് ഡൈന തേക്കുംകാട്ടിൽ, ജോണി ആൻഡ് പുഷ്പ ഞാറവേലിൽ എന്നിവർ ഓരോ ഭവനങ്ങൾ സ്പോൺസർ ചെയ്തു. ഒരു ഭവനം ഇടവക ജനങ്ങൾ ചേർന്ന് നിർമ്മിച്ചു നല്കാൻ തീരുമാനിച്ചു.

വിശുദ്ധ കുർബാനയ്ക്കുശേഷം മുൻ ട്രസ്റ്റിമാരായ ബേബിച്ചൻ പാറാനിക്കൽ, സഞ്ജയ് നടുപ്പറമ്പിൽ, സൈമൺ ചക്കുങ്കൽ, സൈമൺ മച്ചാനിക്കൽ, ഷിബു മക്കോറ, തോമസ് കണിച്ചാട്ടുതറ, സ്റ്റീഫൻ ഓട്ടപ്പള്ളിൽ, ഏബ്രഹാം പുതിയിടത്തുശ്ശേരിൽ, ജോസഫ് പതിയിൽ, ലോറൻസ് മുടീക്കുന്നേൽ, ബേബിച്ചൻ കല്ലാറ്റ്, ജെയിംസ് മറ്റംപറമ്പത്ത്, ജോണി ഞാറവേലിൽ എന്നിവരെ ആദരിക്കുകയുണ്ടായി.

വാർഷികത്തോടനുബന്ധിച്ച് നടത്തിയ ഉപന്യാസ മത്സരത്തിൽ ലോറൻസ് മുടീക്കുന്നേൽ, പുഷ്പ ഞാറവേലിൽ, നോഹ ചെറുമണത്ത് എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി.

ഇടവകയ്ക്കു വേണ്ടി സ്തുത്യർഹമായ സേവനം ചെയ്ത സുബി പനന്താനത്ത്, ബെന്നി പട്ടുമാക്കിയിൽ, ജോസ













ഫ് പതിയിൽ, ഏബ്രഹാം പുതിയിടത്തുശ്ശേരിൽ, ബേബിച്ചൻ പാറാനിക്കൽ, ജോണി ഞാറവേലിൽ, സ്റ്റീഫൻ തറയിൽ, എബി തെക്കനാട്ട്, പുഷ്പ ഞാറവേലിൽ, മിനി കല്ലിടാന്തിയിൽ, ഡെയ്സി ഞാറവേലിൽ, ജെസ്സി പട്ടുമാക്കിയിൽ എന്നിവരെയും ആദരിച്ചു.

തുടർന്നു നടത്തിയ സമാപന സമ്മേളനം മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. ക്നാനായ റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ അദ്ധ്യക്ഷത വഹിച്ചു. മയാമി അതിരൂപതാ മെത്രാപ്പോലീത്ത തോമസ് വെൻസ്ക്കി ആശംസാപ്രസംഗത്തിൽ ഇടവകസമൂഹം ക്നാനായ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിൽ അഭിനന്ദനം അറിയിച്ചു. താമ്പാ ഫൊറോനാ വികാരി ഫാ. ജോസ് ആദോപ്പിള്ളി, പ്രഥമ മിഷൻ ഡയറക്ടർ ഫാ. ജോർജ് പാക്കുവെട്ടിത്തറ, ക്നാനായ അസോസിയേഷൻ പ്രസിഡണ്ട് എബി തെക്കനാട്ട് എന്നിവർ ആശംസകൾ നേർന്നു.

ജൂബിലി കൺവീനർ സിബി ചാണശ്ശേരിൽ സ്വാഗതവും, ജോ. കൺവീനർ ബിനു ചിലമ്പത്ത് കൃതജ്ഞതയും പറഞ്ഞു. തുടർന്ന് വൈവിദ്ധ്യമാർന്ന കലാപരിപാടികൾ നടത്തപ്പെട്ടു. കിരൺ പൗവത്തിൽ, മഞ്ജു വെളിയന്തറയിൽ, ആഗ്നസ് പനന്താനത്ത്, അഞ്ജലീന തെക്കനാട്ട് എന്നിവർ എംസിമാരായിരുന്നു.

യൂദാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് ആണ്ടുതോറും നടത്തിവരുന്ന ഏലയ്ക്കാമാല ജനകീയ ലേലത്തിലൂടെ കരസ്ഥമാക്കിയ ജയ്മോൻ ആൻഡ് ലിസി അറയ്ക്കൽ, ജോസഫ് ആൻഡ് ലീല പതിയിൽ, സിബി ആൻഡ് ഷീന ചാണശ്ശേരിൽ, ജോണി ആൻഡ് പുഷ്പ ഞാറവേലിൽ, എബി ആൻഡ് സിന്ധു തെക്കനാട്ട്, സന്തോഷ് ആൻഡ് ഷീബ പുതിയാറ, സഞ്ജയ് ആൻഡ് ജെസ്സി നടുപ്പറമ്പിൽ, ഏബ്രഹാം ആൻഡ് എത്സമ്മ പുതിയിടത്തുശ്ശേരിൽ എന്നിവരെയും ആദരിച്ചു.

ഇടവകയുടെ രൂപീകരണത്തിന് സഹായിച്ച ബിൽഡിംഗ് ബോർഡ് മെംബേഴ്സായ ലോറൻസ് മുടീക്കുന്നേൽ, ബേബിച്ചൻ പാറാനിക്കൽ, സഞ്ജയ് നടുപ്പറമ്പിൽ, ജോസഫ് പതിയിൽ, ഏബ്രഹാം പുതിയിടത്തുശ്ശേരിൽ, സ്റ്റീഫൻ ഓട്ടപ്പള്ളിൽ, തോമസ് കണിച്ചാട്ടുത്തറ, മനോജ് താനത്ത്, എബി തെക്കനാട്ട്, ജോണി ഞാറവേലിൽ എന്നിവരെ ചടങ്ങിൽ ആദരിക്കുകയുണ്ടായി.

2015 മെയ് 31-ാം തീയതിയാണ് മയാമി സെന്റ് ജൂഡ് ഇടവക രൂപീകൃതമാകുന്നത്. ഫാ. ജോസ് ആദോപ്പിള്ളിയുടെ നേതൃത്വത്തിലുള്ള ബിൽഡിംഗ് കമ്മിറ്റിയാണ് ഈ ദേവാലയം വാങ്ങുന്നതിനു മുന്നിൽനിന്നു പ്രവർത്തിച്ചത്.

പിന്നീട് ഫാ. സുനി പടിഞ്ഞാറേക്കര, ഫാ. സിജു മുടക്കോടിൽ, ഫാ. ജോസഫ് ശൗര്യമാക്കിൽ, ഫാ. ബിൻസ് ചേത്തലിൽ, ഫാ. ജോസഫ് ചിറപ്പുറത്ത് തുടങ്ങിയവർ ഈ ഇടവകയിൽ സേവനം ചെയ്തിട്ടുണ്ട്. മുൻ വികാരിമാരെ എല്ലാവരെയും സ്നേഹപൂർവം സ്മരിക്കുകയുണ്ടായി.

ജോമോൾ വട്ടപ്പറമ്പിൽ, ജെയിൻ മുടീക്കുന്നേൽ, ജെയ്മോൻ വെളിയന്തറയിൽ, ദീപു കണ്ടാരപ്പള്ളിൽ, ജിബീഷ് മണിയാട്ടേൽ, സജി മറ്റത്തിൽ, ജോസ് മുണ്ടുവേലിൽ, ടോമി തച്ചേട്ട് എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

ഇടവകയുടെ ദശവത്സരാഘോഷ പരിപാടികൾ വിജയിപ്പിക്കാൻ സഹകരിച്ച എല്ലാവരെയും വികാരി ഫാ. സജി പിണർക്കയിൽ അഭിനന്ദിച്ചു. സ്നേഹവിരുന്നോടെ ആഘോഷപരിപാടികൾ സമാപിച്ചു.









# മയാമി സെന്റ് ജൂഡ് ഇടവകയുടെ ദശവത്സരാഘോഷങ്ങൾ ചിത്രങ്ങളിലൂടെ...






































കേരളാ എക്സ്പ്രസ്
വാരാന്ത്യം

# ദൈവംതന്ന പൂവേ



ലേഖനം



ഷിബു ഗോപാലകൃഷ്ണൻ

**ചി**ന്മയി എന്നു കേൾക്കുമ്പോൾ ആദ്യം കാതിൽ വന്നു മുത്തമിടുന്നത് 'ദൈവം തന്ത പൂവേ' എന്ന പാട്ടാണ്. കന്നത്തിൽ മുത്തമിട്ടാൽ എന്ന സിനിമയുടെ ജീവാത്മാവും പരമാത്മാവുമായ, ചിന്മയിയെ ആദ്യമായി അടയാളപ്പെടുത്തിയ, പാട്ട്. പിന്നെ എത്രയെത്ര പാട്ടുകൾ, ഭാഷയുടെ അതിരുകൾ ഭേദിച്ചുകൊണ്ട്, ചിന്മയിയോ എന്നു കാതുകൾ അന്തംവിട്ടുനിന്ന പരശ്ശതം പാട്ടുകൾ. അതിനുശേഷമുള്ള പതിനാറു വർഷങ്ങൾ ചിന്മയി പാടി തീർത്തത് മുന്നൂറിലധികം പാട്ടുകൾ.

2018-ൽ മീടൂ ആരോപണം ഉന്നയിച്ചതോടെ ചിന്മയി എന്ന ഗായിക സിനിമയുടെ പിന്നണിയിൽ നിന്നും പുറത്തായി. തനിക്കും തന്റെ സഹപ്രവർത്തകർക്കും നേരെയുണ്ടായ അതിക്രമങ്ങൾക്ക് വേണ്ടി മുന്നണിയിൽ നിന്നതിനു അവർക്ക് കൊടുക്കേണ്ടി വന്നത് കഴിഞ്ഞ ഏഴു വർഷങ്ങളിൽ പാടേണ്ടിയിരുന്ന എത്രയധികം പാട്ടുകൾ. എങ്കിലും, പറഞ്ഞ കാര്യങ്ങളിലും എടുത്ത നിലപാടുകളിലും അവർ അടിയുറച്ചുനിന്നു. ഏഴുവർഷം കൊണ്ടു തമിഴിൽ ആകെ പാടിയ പാട്ടുകളുടെ എണ്ണം അൻപതിലും താഴെ, പിന്നീട് ആ ശബ്ദം സ്റ്റേജുകളിൽ നിന്നു പോലും അപ്രത്യക്ഷമായി.

നാളെ റിലീസാവുന്ന മണിരത്നം, കമലഹാസൻ, എ. ആർ. റഹ്മാൻ സിനിമ തഗ്‌ലൈഫിൽ ചിന്മയി ഒരു പാട്ട് പാടിയിട്ടുണ്ട്. ആ പാട്ടിന്റെ തെലുങ്കും ഹിന്ദിയും ചിന്മയി ആണ് പാടിയതെങ്കിലും തമിഴ് അവരല്ല പാടിയിരിക്കുന്നത്. അത്രയ്ക്കാണ് വർഷങ്ങൾക്കു ശേഷവും തുടരുന്ന വിലക്കിന്റെ കാഠിന്യം. എന്നാൽ, കഴിഞ്ഞ ദിവസം നടന്ന ഓഡിയോ ലോഞ്ചിൽ അതിന്റെ തമിഴ് വേർഷൻ അവർ പാടി, അത് തമിഴ്നാട്ടിൽ തീർത്ത കൈയടിയുടെ അലകടൽ ഇപ്പോഴും അടങ്ങിയിട്ടില്ല. പാട്ടുകമ്പിനിക്ക് ആ സ്റ്റേജ് പെർഫോമൻസ് പ്രത്യേക വീഡിയോ ആയി ഇറക്കേണ്ടിവന്നു, അതിനു കിട്ടിയ പ്രേക്ഷകർ മറ്റുപാട്ടിനെല്ലാം കൂടി കിട്ടിയ പ്രേക്ഷകരെക്കാൾ എത്രയോ ഇരട്ടിയാണ്, ചിന്മയിയെ തിരികെ കൊണ്ടുവരൂ എന്നു സോഷ്യൽ മീഡിയ ഒന്നടങ്കം ആർപ്പുവിളിക്കുന്നു.



ഒരു അനീതിക്ക് നേരെ ശബ്ദമുയർത്തിയതിനു മാതൃഭാഷയിൽ പാടാൻ കഴിയാതെ വർഷങ്ങളായി മാറ്റിനിർത്തിയിരിക്കുന്ന ഒരു പാട്ടുകാരിക്ക് മറ്റൊരാൾ പാടിയ പാട്ട് അയാളുടെ അഭാവം കൊണ്ടു മാത്രം സ്റ്റേജിൽ പാടേണ്ടി വരികയും അതിനു കണ്ണുനിറയെ കൈയടികിട്ടുകയും ചെയ്യുന്ന ആ നിമിഷത്തെ ഏതുവാക്കുകൊണ്ടാണ് ഇവിടെ ചിട്ടപ്പെടുത്തി വയ്ക്കുക.


---

പുസ്തക പരിചയം

# ചില ബന്ധങ്ങൾ തീർച്ചയായും നമ്മുടെ ഹൃദയത്തെ സ്പർശിക്കും



ജിഷ രാജു




**T**he book thief
Novel by Markus Zusak.

ജർമ്മനിയിലെ രണ്ടാം മഹായുദ്ധ കാലത്ത് അക്ഷരങ്ങളെയും പുസ്തകങ്ങളെയും തീവ്രമായി പ്രണയിച്ച Liessel Memimgar എന്ന പെൺകുട്ടിയിലൂടെ 'യുദ്ധത്തിന്റെ ചരിത്രപരമായ സാഹചര്യങ്ങളും ആ കാലഘട്ടത്തിന്റെ ചരിത്രവുമാണ് ഈ നോവലിൽ വിവരിക്കുന്നത്.

ഇതിലെ പ്രധാന കഥാപാത്രം മരണമാണ്. വളരെ വ്യത്യസ്തവും ആകർഷകവുമായ രചനാശൈലിയിലൂടെ മരണം എന്ന അവസ്ഥയെക്കൊണ്ടാണ് ഈ നോവൽ എഴുതപ്പെട്ടിട്ടുള്ളത്. മരണത്തിന് മനുഷ്യരിലേക്കുള്ള ആത്മാർത്ഥമായ കാഴ്ചയാണ് ഈ നോവലിന്റെ ആധാരം.

ജർമ്മൻ രാഷ്ട്രീയം, ജൂതവിദ്വേഷം, നാസികളുടെ ഭരണം, രണ്ട് വംശങ്ങളുടെ അധഃപതനങ്ങൾ എന്നിവ കഥയുടെ അന്തരീക്ഷം അസാധാരണമായി ഇരുണ്ടതും ഭീതിജനകമാക്കുന്നുവെങ്കിലും അതിനുള്ളിലൂടെയായി പ്രകാശം പകരുന്ന ചില മനുഷ്യബന്ധങ്ങൾ ഈ നോവലിനെ കൂടുതൽ പ്രകാശിപ്പിക്കുന്നു.

ഇതെല്ലാം ഒരു പുസ്തകപ്രേമിയായ ലീസലി എന്ന പെൺകുട്ടിയുടെ കഥയിലൂടെ വായനക്കാർക്ക് അറിയാൻ കഴിയുന്നത്.

മൊത്തത്തിൽ, ഈ പുസ്തകം ഹിറ്റ്ലറുടെ ഭരണകാലത്ത് ലോകത്തെക്കുറിച്ച് ഉൾക്കാഴ്ച നൽകുന്ന കഥയാണ്, മരണത്തിന്റെയും ബോംബുകളുടെയും ഇടയിലെ മനുഷ്യന്റെ ദുഃഖകരമായ അവസ്ഥയും നാസി , ജർമ്മനിയിൽ സജ്ജമാക്കിയ, യുവാക്കളുടെ അസുഖകരമായ ലോകത്തെ അനേകം വാക്കുകളിലൂടെ മറഞ്ഞിരിക്കുന്ന ഒരു ജൂതനിലൂടെയും അനാവരണം ചെയ്യാൻ ശ്രമിക്കുന്നുണ്ട് ഈ നോവലിൽ.

സുസാക് ഒരു കവിതപ്പോലെ ഭാഷ ഉപയോഗിച്ചിരിക്കുന്നു. വാക്കുകൾക്കൊണ്ട് ചിത്രങ്ങൾ വരയ്ക്കുന്നു. പലപ്പോഴും വാക്യങ്ങൾ നമ്മെ നിശബ്ദതയാകുന്നു,

ചിലപ്പോൾ പ്രകമ്പനമാകുന്നു. കവിതയോടും ചിത്രകലയോടും സമാനമായ അവതാരശൈലി നോവലിനെ മറ്റുള്ളവയിൽ നിന്ന് വേർപെടുത്തുന്നു.

ഒരു റോളർസ്കേറ്ററിൽ കയറിയ പോലെയാണ് എനിക്കു വായന തോന്നിയത്. വായനക്കാരന്റെ ഹൃദയമിടിപ്പ് ഒരു ഘട്ടത്തിൽ വേഗത്തിലാക്കുകയും പുസ്തകം അടയ്ക്കാനും കരയാനും നമ്മളെ പ്രേരിപ്പിക്കുന്നു,

മാത്രമല്ല ചില സന്തോഷകരമായ നിമിഷങ്ങളും ചില ബന്ധങ്ങൾ തീർച്ചയായും നമ്മുടെ ഹൃദയത്തെ സ്പർശിക്കുകയും ചെയ്യും.

The book theif അറുപത്തിമൂന്ന് ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നു.

വാരാന്ത്യം

# നിലാ നിലാ ഓടി വാ... നില്ലാമൽ ഓടി വാ

ലേഖനം



മിനി വിശ്വനാഥൻ



**ഞാ**ൻ ശരിക്കും ആദ്യാക്ഷരമെഴുതിയത് തമിഴിലായിരുന്നു!

എന്റെ മൂന്നാം വയസ്സിൽ ഞാനൊരു തമിഴത്തിക്കുട്ടിയായിരുന്നു! മലയാളത്ത് പാപ്പാ എന്ന ഓമനപ്പേരുള്ള തമിൾകുട്ടി!

ഗൂഡലൂർ ടി.എൻ.ഇ.ബിയിലെ ഉദ്യോഗസ്ഥരുടെ മക്കൾക്ക് മാത്രമായുള്ള മാതൃ സംഘത്തിലെ നിറയെ വെള്ളക്കല്ല് തിളങ്ങുന്ന അരയന്ന മൂക്കുത്തിയിട്ട ടീച്ചറമ്മ എന്റെ വിരലുകൾ പിടിച്ച് നിലത്ത് ഒരു ചിത്രം വരച്ച് വെച്ചത് നോക്കി, വാത്സല്യച്ചിരിയോടെ 'അ, പടി, ആ പടി' എന്ന് പറഞ്ഞ് എന്നെ തമിഴ് അക്ഷരങ്ങൾ പഠിപ്പിച്ചത് ഒരു സ്വപ്നം പോലെ ഇന്നും എനിക്ക് ഓർമ്മയുണ്ട്.

വലുപ്പച്ചെറുപ്പങ്ങളിലാതെ, അച്ഛൻമാരുടെ ഗ്രേഡുകൾ അതിർവരമ്പ് വരക്കാതെ ഞങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് കുഞ്ഞുങ്ങൾ ആ ചെറിയ ഷെഡിന്റെ വരാന്തയിൽ നിരന്നിരുന്നു അക്ഷരങ്ങൾ എഴുതി, തമിഴ് പാട്ടുകൾ പാടി. ഭക്ഷണം കഴിച്ചു. നിലത്ത് ആയമ്മയുടെ താരാട്ട് പാട്ട് കേട്ട് കുട്ടിപ്പായയിൽ കിടന്നുറങ്ങി.

'നിലാ നിലാ ഓടി വാ,
നില്ലാമൽ ഓടി വാ
മലൈ മീതെ ഏറി വാ
മല്ലികപ്പൂ കൊണ്ടുവാ'

എന്നൊരു തമിഴ് നേഴ്സറി റൈം അവർ ഞങ്ങളെ പഠിപ്പിച്ചിരുന്നു. കുറെയേറെ പാട്ടുകൾ പഠിപ്പിച്ചിരുന്നെങ്കിലും 'നിലാ നിലാ ഓടി വാ' എന്ന പാട്ട് ഞാൻ മറന്നിട്ടില്ല. മല്ലികപ്പൂവും കൊണ്ട് ഓടി വരുന്ന നില എന്ന പെൺകുട്ടിയെ ഞാൻ മനസ്സിൽ വരച്ചിട്ടു. (നിലാ എന്നതിന് നിലാവ് എന്നാണർത്ഥമെന്ന് ഞാൻ മനസ്സിലാക്കിയത് എംഫിലിന് പഠിക്കുമ്പോൾ ബാലു സാർ പറഞ്ഞ് തന്നപ്പോഴായിരുന്നു.)

പൂക്കളുടെയും മൃഗങ്ങളുടെയും പക്ഷികളുടെയും ചിത്രങ്ങൾ കാണിച്ച് അവയുടെ പേരുകൾ പരിചയപ്പെടുത്തുകയും തമിഴ് അക്ഷരങ്ങളും സംഖ്യകളും ഉറക്കെ പറയിപ്പിക്കുകയും ചെയ്യുന്നതായിരുന്നു അവിടത്തെ ക്ലാസ്. പഠിപ്പിക്കുന്നതിനിടെ അവർ രണ്ട് ചെറിയ സ്റ്റീൽ വടികൾക്കിടയിൽ കമ്പിളിനൂൽ കൂട്ടിപ്പിണച്ച് ഉടുപ്പുകൾ തുന്നുമായിരുന്നു. തീർത്തും യാന്ത്രികമായി അവരുടെ വിരലുകൾക്കിടയിലൂടെ നൂലുണ്ടകൾ തെന്നിമാറി കമ്പിളി ഉടുപ്പുകൾ ഉണ്ടാവുന്നത് നോക്കിയിരിക്കുന്ന ഞാൻ പാട്ടുകൾക്കൊപ്പം മലയാളത്തിൽ ചുണ്ടുകൾ ഇളക്കി. അടുത്തിരിക്കുന്ന കുട്ടികളുടെ ബഹളങ്ങൾക്കിടയിൽ എന്റെ ശബ്ദം ആരും കേട്ടില്ല. അവർ കുട്ടികളെ പേരിനൊപ്പം പാപ്പാ എന്ന് ചേർത്തായിരുന്നു സംബോധന ചെയ്തിരുന്നത്.

സ്കൂളിൽ പോവുന്നതിന് മുൻപ് പാട്ടിയമ്മ തലമുടി മുറുക്കിക്കെട്ടി മല്ലിമാല വെച്ചു തന്നു. മുടിക്കെട്ടിനേക്കാൾ വലിയ ജമന്തിപ്പൂവ് അതിനിടയിൽ തിരുകണമെന്ന് ഞാൻ വാശി പിടിച്ചു. ഗർഭക്ഷീണത്തിൽ അവശയായ അമ്മ എന്റെ സഞ്ചിയിൽ പൂക്കൾ വാരിയിട്ടു സമാധാനിപ്പിച്ചു.

ക്ലാസ് കഴിഞ്ഞ ഉടനെ അവർ ചെറിയ ഇലകളിൽ ഉപ്പിട്ട് വേവിച്ച നേരിയ എരിവുള്ള ചെറുപയറോ വൻപയറോ തിന്നാനായി തരും. അമ്മ വീട്ടിൽ ഉണ്ടാക്കി വെച്ച രസച്ചോറിന്റെ ഓർമ്മയിൽ ഞാൻ ആ ഇല പ്പൊതിയിൽ കൈയ്യിട്ട് ഇളക്കും. 'പാപ്പാക്ക് പശിക്കറ്തില്ലയാ, വേഗം ശാപ്പിട്' എന്ന് പറഞ്ഞ് ആയമ്മ അടുത്ത് വന്നിരുന്ന് മുരുകന്റെ കഥ പറഞ്ഞ് തരും. മുരുകന്റെ ജീവിതത്തിലെ അത്ഭുത കാഴ്ചകൾ നേരിട്ട് കണ്ടത് പോലെയാണ് അവർ കഥകളാക്കി പറയുന്നത്. ഗണപതി പാപ്പയും മുരുഗൻ പാപ്പയും ഓടി നടന്ന കൈലാസ മുറ്റത്തെ മനസ്സിൽ കണ്ട് കഥകൾക്കൊടുവിൽ അവർ കൈ കൂപ്പിത്തൊഴും. 'നല്ലാപിള്ളകളായി വാഴണം എന്ന് ഞങ്ങളെ ഉപദേശിക്കും.'

ക്ലാസ് കഴിഞ്ഞാൽ ശെൽവിയും തേൻ മൊഴിയും സമപ്രായക്കാരായ കുട്ടികൾക്കൊപ്പം മാതൃ സംഘത്തിന്റെ മുറ്റത്ത് കളം വരച്ച് വട്ടു കളിച്ചു. രാമസ്വാമിയും ഞാനും സിമന്റ് വരാന്തയിലെ വിണ്ടുകീറലുകൾക്ക് മേൽ കല്ല് കൊണ്ട് കോറി വരച്ചും സമയം കളഞ്ഞു. ഒരു മണിക്ക് ഞങ്ങളെ കൊണ്ടുപോവാൻ പാട്ടിയമ്മ വരും. ദീർഘമായ ഒരു ദിവസത്തിന്റെ പകുതി കഴിഞ്ഞ സമാധാനത്തിൽ അമ്മ എന്നെയും കാത്തിരിക്കുന്നുണ്ടാവും.

ഞങ്ങൾ വരിവരിയായാണ് തിരിച്ച് പോവുന്നത്. കൂട്ടത്തിൽ ചെറിയവരായ രാമസ്വാമിയുടെയും എന്റെയും സഞ്ചികൾ പാട്ടിയമ്മ പിടിക്കും. ശെൽവിയും തേൻമൊഴിയും വിശേഷങ്ങൾ പറഞ്ഞ് കൂടെ നടക്കും. വരുന്ന വഴിക്ക് ഒരു കോയിൽ ഉണ്ട്. അവിടെ ഗർഭഗൃഹത്തിലിരുന്ന് മഞ്ഞൾ പിടിച്ച കരമുണ്ട് ചുറ്റിയ ഭൈരവൻ ഞങ്ങളെ നോക്കി നിസ്സംഗനായി മന്ദഹസിക്കും.

അവിടെ ഒരു പൂശാരി ഉണ്ടായിരുന്നു. അലസിതാവിലസിതനായ ഒരു വൃദ്ധൻ. ഭസ്മതട്ടത്തിൽ വീണുകിടക്കുന്ന ചില്ലറകൾ പോലും മാറ്റിവെക്കാൻ പറ്റാത്തത്ര മടിയൻ. ദിവസവും ശെൽവിയും തേൻ മൊഴിയും തങ്ങളുടെ വൻപയറിന്റെ ഓരോഹരി താത്താ അയ്യാവ്ക്ക് കൊടുക്കും. കിടന്നിടത്ത് നിന്ന് എണീക്കാതെ അയാൾ അത് കൈയിൽ വാങ്ങി അവരിലേക്ക് അനുഗ്രഹങ്ങൾ ചൊരിയും. അയ്യർക്ക് വഴിപാടായി കിട്ടിയ

പലഹാരങ്ങളിലൊരു പങ്ക് തേൻമൊഴി അവകാശം പോലെ പകുത്തെടുക്കും.

അവിടെ ഭണ്ഡാരത്തിന് അടുത്തായി ഒരു ത്രിശൂലം കുത്തിവെച്ചിരുന്നത് എന്നെ പേടിപ്പിച്ചിരുന്നു. ഞങ്ങളുടെ കാർട്ടേഴ്സിൽ ത്രിശൂലമേറി താണ്ഡവമാടുന്ന പരമശിവന്റെ ഫോട്ടോ ഉണ്ടായിരുന്നു. ശിവകാശിച്ചിത്രത്തിന്റെ പെർഫെക്ഷൻ കാരണം ശിവന്റെ താണ്ഡവരൗദ്ര ഭാവം അതിൽ കൃത്യമായി ഒപ്പിയെടുത്തിരുന്നു.

പേടി കൊണ്ട് കോയിലിലേക്ക് പോവാൻ മടികാണിക്കുന്ന എന്നോട് ശെൽവിയും തേൻമൊഴിയും പറയുന്നത് കോയിലിലിരിക്കുന്ന 'ഭൈരവൻ നമ്മ അപ്പാ മാതിരി താൻ' എന്നാണ്. ശിക്ഷിക്കാനും രക്ഷിക്കാനും അപ്പായ്ക്ക് അധികാരമുണ്ട്. രാമസ്വാമി പറയുന്നത് ഭൈരവൻ അമ്മാ മാതിരി താൻ എന്നാണ്. അമ്മാ മാതിരി ദൈവവും 'തിട്ടുവേ ഇല്ലൈ'!

ആ വിശ്വാസത്തിൽ അവൻ ചിരിക്കും! കോയിൽ മുറ്റത്ത് നിന്ന് അവൻ പറിച്ചെടുത്ത കൊയ്യാക്ക അധികാരത്തോടെ കടിച്ച് തിന്നും, അതിലൊരു പങ്ക് എനിക്കും തരും!

അടുത്ത സ്കൂൾ കാലത്ത് ഞാൻ മമ്മിക്കും ഡാഡിക്കുമൊപ്പം മണ്ണാർക്കാടായിരുന്നു! അവിടെ മുറ്റത്ത് മണ്ണ് വാരിക്കളിക്കുമ്പോൾ ഞാൻ രാമസ്വാമിയെയും ഭൈരവനെയും മിസ്സ് ചെയ്യാറുണ്ട്... ഒപ്പം ശെൽവിയെയും തേൻ മൊഴിയേയും.... അപ്പോഴേക്ക് തമിഴ് പൂർണ്ണമായും മറന്ന് പോയിരുന്നു! നിലാ നിലാ എന്ന പാട്ടല്ലാതെ മറ്റൊക്കെ ഞാൻ പൂർണ്ണമായും മറന്ന് കളഞ്ഞിരുന്നു!

ഓർമ്മ കഥ

## നമ്മെ സ്നേഹിക്കുന്നവരുടെ തിരിച്ചറിവുകൾ



'കഥകൾ മോഷ്ടിക്കുന്നതിനോട് ശ്രീനി യോജിക്കാറില്ല. എന്നാൽ ഒരു ഹിന്ദി സിനിമയുടെ കഥ എനിക്ക് സിനിമയാക്കേണ്ടിവന്നു. പക്ഷേ തിരക്കഥ എഴുതുന്ന ശ്രീനിയോട് ഇക്കാര്യം പറഞ്ഞാൽ പടം മുടങ്ങും. അതുകൊണ്ട് ആ കഥ ബർണാഡ് ഷായുടെ ഒരു നാടകത്തിന്റെ സ്വതന്ത്രവ്യാഖ്യാനമാണെന്നൊരു ബുദ്ധിജീവി നുണ പറഞ്ഞു, അതേറ്റു.

പക്ഷേ ഷൂട്ടിങ്ങിന്റെ അവസാനദിവസം സത്യം മനസിലാക്കിയ ശ്രീനി എന്നോട് യാത്ര പറഞ്ഞു. 'താൻ സിനിമയെ ആത്മാർഥമായി സമീപിക്കുന്ന കാലത്ത് നമുക്ക് വീണ്ടും കാണാം. അതുവരെ ഈ കൂട്ടുചേരൽ വേണ്ട' എന്ന് ശ്രീനി എന്നോടു തുറന്നുപറഞ്ഞു. എന്നാൽ എനിക്കന്നു തോന്നിയ ദേഷ്യം അല്ലെങ്കിൽ പ്രതികാരം എന്റെ പ്രൊഫഷണൽ ലൈഫിന്റെ ഗ്രാഫ് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചതിന് ഏറെ സ്വാധീനിച്ചു എന്നതാണ് സത്യം.

നമ്മെ സ്നേഹിക്കുന്നവർ നമുക്ക് ചില തിരിച്ചറിവുകൾ കൂടി ജീവിതത്തിൽ നൽകേണ്ടതുണ്ട്. എന്റെ ജീവിതത്തിൽ പല സന്ദർഭങ്ങളിലും ശ്രീനി ആ കടമ നിർവഹിച്ചിട്ടുണ്ട്. കേൾക്കുമ്പോൾ പെട്ടെന്ന് കലിവരുന്ന സംസാരം. പക്ഷേ സാവകാശം നാം കാര്യങ്ങളെ വിശകലനം ചെയ്യുമ്പോൾ അന്ന് ശ്രീനി പറഞ്ഞതാണ് ശരി എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്,'

# പാസ്റ്റർ സേവ്യർ ജെയിംസ് ഐപിസി ചിക്കാഗോ സഭയുടെ സീനിയർ പാസ്റ്ററായി ചുമതലയേറ്റു

കുര്യൻ ഫിലിപ്പ്

ചിക്കാഗോ: പാസ്റ്റർ സേവ്യർ ജെയിംസ് ഐപിസി ചിക്കാഗോ മിഷൻ ചർച്ചിന്റെ പുതിയ സീനിയർ പാസ്റ്ററായി ചുമതലയേറ്റെടുത്തു. ജൂൺ ഒന്നിന് ഞായറാഴ്ച ആരാധനയോടൊപ്പം നടന്ന ശുശ്രൂഷയ്ക്ക് ഡോക്ടർ ടൈറ്റസ് ഈപ്പൻ



നേതൃത്വം നല്കി. ഇവാഞ്ചലിസ്റ്റ് കെ.എം. രാജു സങ്കീർത്തന ധ്യാനം നടത്തി. സഭാ സെക്രട്ടറി കെ.ഒ. ജോസ് നിയമന ഉത്തരവ് വായിച്ചു. പാസ്റ്റർ ജോൺസൺ ഫിലിപ്പ് സ്വീകരണ പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. ഡോ. സജി ലൂക്കോസ്, പാസ്റ്റർ സാംകുട്ടി മത്തായി, ഡോ. ടൈറ്റസ് ഈപ്പൻ, ഇവാ കെ.എം. രാജു എന്നിവർ ഈ ശുശ്രൂഷയിൽ സഹകരിച്ചു. ബ്ര. കെ.എം. ഈപ്പൻ. ബ്ര. തമ്പി തോമസ്, ഇവാ കുര്യൻ










ഫിലിപ്പ് എന്നിവർആശംസകൾ അറിയിച്ചു. തുടർന്നു നടന്ന തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർ സേവ്യർ ജെയിംസ് നേതൃത്വം നല്കി. കഴിഞ്ഞ നാലുവർഷം സഭയുടെ സീനിയർ പാസ്റ്ററായി സേവനമനുഷ്ഠിച്ച ഡോക്ടർ ടൈറ്റസ് ഈപ്പന് സഭ നന്ദി അറിയിച്ചു.

എറണാകുളം സ്വദേശിയായ പാസ്റ്റർ സേവ്യർ ജെയിംസ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചീഫ് മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐപിസി ഓർഡിയൻസ് മിനിസ്റ്റർ ആയ അദ്ദേഹം എറണാകുളം വളഞ്ഞമ്പലം ഐപിസി സഭാംഗമാണ്. പാലാരിവട്ടം ഐപിസി സഭയിൽ ശുശ്രൂഷകനായി പ്രവർത്തിച്ചിട്ടുണ്ട്. ഭാര്യ ഡെയ്സി. മക്കൾ: ജെയിംസ്, കോശി.

# MERCY ISAAC PASSED AWAY

Montreal (Canada): Mercy Isaac (71) passed away peacefully in her home in Montreal, Canada on June 4th, 2025. She was born on May 13th, 1954 in Neendoor, Kottayam to (Late) K.C. Chacko B.A Kandarappallil and (Late) Annamma Chacko Kalarickal.

Mercy was a 1st Rank Holder at Kerala University's B.Sc Home Science program in 1974 and completed her Masters Degree (M.Sc) as a Dietician from Madras University. She was a part of the NCC (National Cadet Corps - Officer Rank) alongside her academic studies.



She emigrated from India to Canada in the year of 1977.

She completed a Graduate Diploma in Computer Science once she came to Canada; she retired as a Senior IT Project Manager and Trainer from McGill University after 43 years.

She is survived by her loving husband, 2 children, daughter-in-law, 3 grandchildren, 7 siblings and their families:

Husband: Ninan Isaac Permpallikattu (Thiruvalla, currently in Montreal),

Son: Benjamin Isaac and his wife, Suzanne Guth, and their three children: Amelia Erica Isaac, Naomi Evelyn Isaac and Sophia Elizabeth Isaac.

Daughter: Dr. Sandhya Isaac

9 Siblings: (late) Joy & Valsamma Kandarappallil-Kalarickal (New York), (late) Jolly & (late) Felix Naduvilaparambil (Kumarakom), Lucy & (late) Jose Mattam (Montreal), Alex Kandarappallil-Kalarickal (New York), Elsy Kandarappallil-Kalarickal (North Carolina), Tomy & Shilly Kandarappallil-Kalarickal (Neendoor), Jomon & Mary Kandarappallil-Kalarickal (New Jersey), Shiney Kandarappallil-Kalarickal (Toronto), Jaimol & Joby Thomas Kalapurackal (Tampa, Florida).

# ഇനിയില്ല ആ സൗമ്യ മുഖം; ആദർശത്തിന്റെ ആൾരൂപം – തെന്നല

ജെയിംസ് കൂടൽ

തെന്നല ബാലകൃഷ്ണൻ വിടവാങ്ങി. നഷ്ടമായത് കോൺഗ്രസിന്റെ, നാടിന്റെ നല്ലൊരു നേതാവിനെ. സമ്പത്തിനും സ്ഥാനമാനങ്ങൾക്കുമായി കലഹിക്കുന്ന രാഷ്ട്രീയ രീതികൾക്കിടയിൽ പ്രതീക്ഷയുടെ കിരണമായിരുന്നു തെന്നല. കൊല്ലം ശൂരനാട്ടെ അതിസമ്പന്ന കുടുംബത്തിൽ നിന്നാണ് അദ്ദേഹം കോൺഗ്രസിന്റെ പ്രാദേശിക ഘടക



ത്തിൽ എത്തുന്നത്. ശൂരനാട് തെന്നല വീട്ടിൽ എൻ. ഗോപാല പിള്ളയുടെയും ഈശ്വരി അമ്മയുടെയും പുത്രനായി 1931 മാർച്ച് 11-ന് കുംഭ മാസത്തിലെ പൂരാടം നക്ഷത്രത്തിലായിരുന്നു ജനനം. 12 ഏക്കറോളം പാരമ്പര്യസ്വത്തുണ്ടായിരുന്ന തെന്നല സംഘടനാ പ്രവർത്തനങ്ങൾക്കായി അതിൽ ഭൂരിഭാഗവും വിറ്റഴിച്ചു. അവസാനകാലത്ത് 11 സെന്റ് ഭൂമി മാത്രമാണ് അവശേഷിക്കുന്നത്.

ആരെയും വെറുപ്പിക്കാത്ത നേതാവായിരുന്നു തെന്നല. കോൺഗ്രസിന്റെ സൗമ്യമുഖം, രാഷ്ട്രീയ എതിരാളികൾക്കുപോലും പിണങ്ങാനാകാത്ത വ്യക്തി. തികഞ്ഞ ഗാന്ധിയൻ. ഇതെല്ലാമായിരുന്നു തെന്നല ബാലകൃഷ്ണപിള്ള. രാഷ്ട്രീയ പരിവേഷങ്ങളിൽ നിന്ന് ഒതുങ്ങിമാറി തിരുവനന്തപുരം നെട്ടയം മക്കോല യമുനാ നഗറിലെ അമ്പാടിവീട്ടിൽ ഭാര്യയ്ക്കും മകൾക്കും മരുമകൻ ഡോ. രാജേന്ദ്രൻ നായർക്കും പേരക്കുട്ടികൾക്കുമൊപ്പം ആ കുടുംബനാഥൻ പരാതികളോ പരിഭവങ്ങളോ ഒന്നുമില്ലാതെ ജീവിതം സന്തോഷപൂർവം തുടർന്നതും വേറിട്ടകാഴ്ചയായി.



ലേഖകൻ

യോജിച്ചുനിന്ന് മുന്നേറുക എന്നതായിരുന്നു പുതുതലമുറയിലെ കോൺഗ്രസ് പ്രവർത്തകരോട് അദ്ദേഹം നല്കിയ ഉപദേശം. 1998-ലും 2004-ലും കെപിസിസി പ്രസിഡണ്ടും മൂന്നുതവണ രാജ്യസഭാംഗവുമായി. 1977-ലും 1982-ലും അടൂർ മണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചിരുന്നു. കോൺഗ്രസിൽ കെ. കരുണാകരനും എ.കെ. ആന്റണിയും തമ്മിലുള്ള ഗ്രൂപ്പ് പോര് കടുത്തപ്പോഴൊക്കെ അനുനയത്തിന്റെ വഴി തെളിച്ചതും തെന്നലയായിരുന്നു. 2001-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ യുഡിഎഫ് വൻ ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരുമ്പോൾ തെന്നലയായിരുന്നു കെപിസിസി പ്രസിഡണ്ട്.

പാർട്ടിയെ വിജയത്തിലേക്കു നയിച്ച നേതാവിന്റെ ചാരിതാർത്ഥ്യത്തിൽ നിൽക്കുമ്പോൾ ഹൈക്കമാൻഡ് അദ്ദേഹത്തിന് നല്കിയ 'സമ്മാനം' ആ പദവിയിൽനിന്നുള്ള രാജിയായിരുന്നു. ആരെ അനുനയിപ്പിക്കാൻ ശ്രമിച്ചോ, ആ ഗ്രൂപ്പു രാഷ്ട്രീയത്തിന്റെ ഇരയായി തെന്നല മാറുകയായിരുന്നു. പക്ഷേ, നിർമ്മലമായ ഒരു ചിരിയോടെ തെന്നല ഇന്ദിരാഭവന്റെ പടിയിറങ്ങുകയായിരുന്നു. നല്ലൊരു നേതാവിന്റെ വിയോഗത്തിലും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും പാർട്ടി പ്രവർത്തകരുടെ ദുഃഖത്തിലും നമുക്കു പങ്കുചേരാം.

# ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ചിക്കാഗോ മുഖാമുഖം പരിപാടി നടത്തി

**സന്തോഷ് നായർ**

ചിക്കാഗോ: ഹ്രസ്വസന്ദർശനത്തിനായി എത്തിയ കെപിസിസി വൈസ് പ്രസിഡണ്ടും മുൻ എംഎൽഎയുമായ വി.പി. സജീന്ദ്രൻ ഐഒസി-ഒഐസിസി ഗ്ലോബൽ കോ-ഓർഡിനേറ്റർമാരായ ജോർജ് ഏബ്രഹാം, മഹാദേവൻ വാഴശ്ശേരിൽ, റിപ്പോർട്ടർ ടിവി റീജിയണൽ ചീഫ് ശ്രീമതി ലേബി സജീന്ദ്രൻ എന്നിവരുമായി മുഖാമുഖം പരിപാടി സംഘടിപ്പിച്ചു. വിവിധ സംഘടനാ നേതാക്കളും സാമൂഹിക, രാഷ്ട്രീയ രംഗത്തെ പ്രമുഖരും പങ്കെടുത്തു.



ഐഒസി ചിക്കാഗോ പ്രസിഡണ്ട് സന്തോഷ് നായർ ചൊള്ളാനി ചർച്ച നിയന്ത്രിച്ചു. സമകാലീന രാഷ്ട്രീയ സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയും മാധ്യമരംഗത്തെ പുതിയ പ്രവണതകളെയും വെല്ലുവിളികളെയും സംബന്ധിച്ചും പരിപാടിയിൽ പങ്കെടുത്തവർ ചോദ്യങ്ങൾ ഉന്നയിച്ചു. യോഗത്തിൽ ഐഒസി കേരള ചാപ്റ്റർ പ്രസിഡണ്ട് സതീശൻ നായർ, ഫൊക്കാന മുൻ ആർവിപി ഫ്രാൻസിസ് കിഴക്കേക്കുറ്റ്, ഐഒസി ചെയർമാൻ തോമസ് മാത്യു, മുൻ പ്രസിഡണ്ട് തമ്പി മാത്യു, ഭാരവാഹികളായ ജോർജ് പണിക്കർ, ലൂയി ചിക്കാഗോ, ജോർജ് മാത്യു, അച്ചൻകുഞ്ഞ് മാത്യു, ബൈജു കണ്ടത്തിൽ, ജോസ് കല്ലിടുക്കിൽ, എൻആർഐ റിപ്പോർട്ടർ ചീഫ് എഡിറ്റർ ബിജു കിഴക്കേക്കുറ്റ്, വാചകം ന്യൂസ് ചീഫ് എഡിറ്റർ ജോസ് ചെന്നിക്കര, ഏഷ്യാനെറ്റ് റിപ്പോർട്ടർ അലൻ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.



ഫൊക്കാന എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, ഫോമാ റീജിയണൽ വൈസ് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ, ലോക കേരളസഭാംഗം റോയി മുളകുന്നം, ചിക്കാഗോയിലെ വിവിധ സംഘടനകളെ പ്രതിനിധീകരിച്ചുകൊണ്ട് ജിതേഷ് ചുങ്കത്ത്, സിബി കൈതക്കത്തൊട്ടിയിൽ, ടോമി അംബേനാട്ട്, ടോമി മേത്തിപ്പാറ, സുശീൽകുമാർ, പ്രിജിൽ അലക്സാണ്ടർ, ജോജി തോമസ് കരിപ്പാപറമ്പിൽ, ജോസ് സൈമൺ മുണ്ടപ്ലാക്കിൽ, രവി കുട്ടപ്പൻ, ബാബു മാത്യു, ഏബ്രഹാം ജോർജ് എന്നിവർ സംസാരിച്ചു.

# അയോധ്യ രാം ദർബാറിൽ പ്രാണപ്രതിഷ്ഠ നടത്തി

അയോധ്യ: പ്രാർത്ഥനാ മന്ത്രങ്ങളുമായെത്തിയ ആയിരക്കണക്കിനു ഭക്തരുടെയും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ 101 ആചാര്യന്മാരുടെയും സാന്നിധ്യത്തിൽ ശ്രീരാമക്ഷേത്രത്തിലെ രാം ദർബാറിൽ പ്രാണപ്രതിഷ്ഠാ ചടങ്ങുകൾ പൂർത്തിയായി. മഹാരാജാവിന്റെ രൂപത്തിലുള്ള രാമനെയാണു പ്രതിഷ്ഠിച്ചത്.

പ്രധാനമന്ത്രി നരേന്ദ്രമോദി കഴിഞ്ഞ വർഷം ജനുവരി 22-ന് രാം ലല്ല പ്രതിഷ്ഠ നടത്തിയതിന്റെ മുകൾനിലയിലാണ് രാം ദർബാർ. സീതാസമേതനായി സിംഹാസനത്തിൽ ഉപവിഷ്ടനായ ശ്രീരാമന് ഇരുവശത്തുമായി ലക്ഷ്മണനും ശത്രുഘ്നനും നിൽക്കുന്നതും മുന്നിൽ ഭരതനും ഹനുമാനും ഇരിക്കുന്നതുമായ രൂപത്തിലാണ് പ്രതിഷ്ഠ.



അയോധ്യ ശ്രീരാമക്ഷേത്രത്തിലെ രാം ദർബാർ പ്രാണ പ്രതിഷ്ഠയിൽ ആചാര്യന്മാർക്കൊപ്പം പങ്കെടുക്കുന്ന ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്.

ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ സാന്നിദ്ധ്യത്തിലായിരുന്നു ചടങ്ങുകൾ. ശേഷാവതാരം, ശിവൻ, ഗണപതി, ഹനുമാൻ, സൂര്യദേവൻ, ഭഗവതി, അന്നപൂർണാ മാതാ എന്നീ വിഗ്രഹങ്ങളുടെ പ്രാണപ്രതിഷ്ഠയും ഇതോടൊപ്പം നടന്നു. കാശിയിൽ നിന്നുള്ള ജയ്പ്രകാശ് ത്രിപാഠി, ഡൽഹിയിൽനിന്നുള്ള ആചാര്യ ചന്ദ്ര ഭാനു ശർമ എന്നിവരായിരുന്ന് ആചാര്യർ.

ഭക്തർക്ക് എപ്പോൾ രാം ദർബാർ സന്ദർശിക്കാൻ കഴിയുമെന്ന് ശ്രീരാമ ജന്മഭൂമി തീർത്ഥ ട്രസ്റ്റ് വ്യക്തമാക്കിയിട്ടില്ല. ക്ഷേത്രസമുച്ചയത്തിന്റെ നിർമാണം പൂർത്തിയാകാൻ ഇനിയും മാസങ്ങൾ വേണ്ടിവരും.

# ജോൺ കുരുവിള അരയത്ത് മിസ്സിസാഗാ രൂപത ലിറ്റർജിക്കൽ കമ്മീഷൻ അംഗം

**ബിജി സൈമൺ തുണ്ടത്തിൽ**



ടൊറന്റോ: കാനഡയിലെ മിസ്സിസാഗാ സീറോമലബാർ രൂപതയിൽ ജൂബിലിവർഷം പ്രമാണിച്ച് പുതുതായി ആരംഭിച്ച ലിറ്റർജി കമ്മീഷനിലെ അത്മായ പ്രതിനിധിയായി സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകാംഗം ജോൺ കുരുവിള അരയത്തിനെ രൂപതാ മെത്രാൻ മാർ ജോസ് കല്ലുവേലിൽ നിയമിച്ചു. കാനഡയിലെ പ്രഥമ ക്നാനായ കത്തോലിക്കാ ഇടവകയുടെ ആദ്യത്തെ കൈക്കാരനായും സൺഡേസ്കൂൾ പ്രിൻസിപ്പലായും രൂപത മതബോധന കമ്മീഷൻ അംഗമായും സേവനം ചെയ്തിട്ടുള്ള ജോൺ, കോട്ടയം അതിരൂപതയിലെ യുവജനപ്രസ്ഥാനമായ കെസിവൈഎൽ അതിരൂപത ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്. മാതൃഇടവക ഇരവിമംഗലം (കക്കത്തുമല) സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയാണ്. ഭാര്യ സുനി ചാക്കോ കല്ലറ പഴയപള്ളി ഇടവക നടുചൂരവേലിൽ കുടുംബാംഗം. മക്കൾ: പിയോ, ജോൺവിയ.


കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com



വഴിത്താരകൾ

കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി

നിങ്ങളുടെ ജീവിതം ഞങ്ങളോട്
പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം
നിങ്ങളെ
അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ
ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഒന്നിച്ചു ജീവിക്കുക “Living together”

**എൽസി ബേബി**

‘ഒന്നിച്ചു ജീവിക്കുക’ എന്നു കേൾക്കുമ്പോൾ അത് നമുക്ക് നല്ല സന്തോഷം നല്കുന്ന ഒരു പദമായി അഥവാ ജീവിതമായി തോന്നാറുണ്ട്. പക്ഷേ, അവിവാഹിതരായ യുവതീയുവാക്കൾ ‘ലിവിംഗ് ടുഗതർ’ എന്ന പരിഷ്കാരത്തിൽ ഒന്നിച്ചുജീവിച്ച് ആനന്ദിക്കുന്നു. എന്താണ് അവരുടെ ആനന്ദം? വിവാഹിതരാകാതെ കുടുംബ ബന്ധങ്ങളൊന്നുമില്ലാതെ ‘പുരുഷനും പുരുഷനും’, ‘സ്ത്രീയും സ്ത്രീയും’, ‘പുരുഷനും സ്ത്രീയും’ ഇങ്ങനെ തങ്ങൾക്കു ബോധിച്ചതുപോലെ ജീവിക്കുന്ന ഒരു ആധുനിക പരിഷ്കാരം! അതിന്റെയൊക്കെ വിശദീകരണത്തിലേക്കു പ്രവേശിക്കാനുദ്ദേശിക്കുന്നില്ല. പക്ഷേ, അങ്ങനെയുള്ള ഒരു ജീവിതരീതി സാധാരണയായി അംഗീകരിക്കാവുന്ന ഒന്നല്ലല്ലോ? വിവാഹത്തിനുമുമ്പ് യുവതീയുവാക്കൾ ഒന്നിച്ചുജീവിച്ചു കുറേ കഴിയുമ്പോൾ വിവാഹിതരാകുക എന്ന രീതി നമ്മുടെയൊക്കെ സമൂഹത്തിൽ ഒരു പരിഷ്കാരമായി തീർന്നിരിക്കയാകുന്നു. ഈ ദുഷിച്ച പ്രവണതയെ പ്രോത്സാഹിപ്പിക്കുന്ന ഭരണാധികാരികളും ചില മാതാപിതാക്കളും ഉണ്ടെന്നുള്ളതാകുന്നു ലജ്ജാകരം. ‘വിവാഹം’ എന്ന വിശുദ്ധ കൂദാശക്ക് അശുദ്ധി വരുത്തി വികടമാക്കി ദൈവത്തോടു മത്സരിച്ച് ദൈവകല്പന ലംഘിക്കുന്ന ഒരുതരം നീചപാപമല്ലേ? എന്നു ചോദിച്ചുപോകുകയാണ്. പരിശുദ്ധനായ ദൈവം, യുഗാരംഭത്തിൽ സ്ഥാപിച്ച വിശുദ്ധ കൂദാശയാണ് വിവാഹം എന്നത്. അതോടൊപ്പം വിവാഹിതരായ ഭാര്യാഭർത്താക്കന്മാർമാത്രം അനുഭവിച്ചു സുഖിച്ചു സന്തോഷിക്കുവാൻ നല്കിയിട്ടുള്ള ലൈംഗികബന്ധം എത്രയും പവിത്രമായി കാത്തുസൂക്ഷിക്കേണ്ട ബന്ധമാകുന്നു. വിവാഹബന്ധത്തോടെ വിവിധ സാഹചര്യങ്ങളിൽ ജനിച്ചു വളർന്ന സ്ത്രീയും പുരുഷനും തങ്ങൾ മരണംവരെ ഒന്നിച്ചുജീവിച്ചോളാം എന്ന് ഉഭയസമ്മതം ചെയ്ത് ഒരു ശരീരമായി ചേർന്ന് ഒന്നിച്ചുജീവിക്കുന്ന വിവാഹജീവിതമാണ് ദൈവം അനുവദിച്ചിട്ടുള്ള വിവാഹബന്ധവും വിവാഹജീവിതവും. അതിനുമുമ്പ് അവർ ഒന്നിച്ചു ജീവിക്കുവാനോ ശരീരം പങ്കിട്ട് ലൈംഗികബന്ധത്തിലേർപ്പെടാനോ ദൈവം അനുവദിച്ചിട്ടില്ല.

പുരുഷൻ ഏകനായിരിക്കുന്നതു നല്ലതല്ല എന്നു തോന്നിയത് ദൈവത്തിന്നായിരുന്നു. അവനു തക്ക തുണയെ ദൈവമാണ് സൃഷ്ടിച്ച് പുരുഷനുമായി യോജിപ്പിച്ചത്. പുരുഷൻ തേടിപിടിച്ചതല്ല. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട സ്ത്രീപുരുഷന്മാരെ തമ്മിൽ യോജിപ്പിച്ച് അവരുമായി പരിശുദ്ധ വിവാഹം എന്ന വിശുദ്ധ കൂദാശയുമായി കൂട്ടിച്ചേർത്തത്. പുരുഷൻ പോയി കണ്ടുപിടിച്ചതല്ല; ദൈവം കണ്ടുപിടിച്ചു കൂട്ടിചേർത്തു. ഇന്നും അതേ സിദ്ധാന്തമാണ് ദൈവം കല്പിച്ചിരിക്കുന്നത്.

ദൈവം ഒരു പുരുഷനെ സൃഷ്ടിക്കുമ്പോൾ അവന്നു തക്കതായ ഒരു തുണയെ, ഒരു സ്ത്രീയെ ദൈവം സൃഷ്ടിച്ചിരിക്കും. തക്കസമയം വരുമ്പോൾ ദൈവം അവരെ തമ്മിൽ കൂട്ടിച്ചേർത്തിരിക്കും. അതുപോലെതന്നെ ദൈവം പുരുഷനുമായി കൂട്ടിച്ചേർക്കുന്ന സ്ത്രീ പുരുഷന്നു തക്ക തുണയായിരിക്കണം. തന്റെ ഭർത്താവെന്ന പുരുഷനല്ലാതെ മറ്റു യാതൊരന്യ പുരുഷനുമായി യാതൊരനുയോജ്യബന്ധം കൂടാൻ പാടില്ല. അത് വ്യഭിചാരവും ദുഷ്കാമവും പരസംഗവുമാകുന്നു. എന്നുമാത്രമല്ല, കഠിന ശിക്ഷാർഹമായ പാപവും അകൃത്യവുമാകുന്നു എന്നോർക്കുക. ദൈവം സ്നേഹസ്വരൂപനും കരുണാമയനുമാകുന്നതുപോലെതന്നെ ദൈവം ദഹിപ്പിക്കുന്ന അഗ്നികൂടെയാകുന്നു എന്നതും മറന്നുപോകരുത്. ഭാര്യാഭർതൃബന്ധത്തേക്കുറിച്ചും വിവാഹജീവിതത്തേക്കുറിച്ചും വിസ്തരിച്ചെഴുതുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പക്ഷേ, നമ്മുടെ യുവതലമുറകളുടെ ജീവിതത്തിന് നല്ല ഉറപ്പുള്ള അടിസ്ഥാനം ഇട്ടുകൊടുക്കേണ്ടത് ഒരു മാതൃകാ കുടുംബത്തിലുള്ള മാതാപിതാക്കളാകുന്നു. ഏതു മനുഷ്യന്റേയും സ്ത്രീയുടേയും സ്വഭാവരൂപീകരണത്തിനുള്ള പാഠശാല കുടുംബം മാത്രമാകുന്നു. കുടുംബത്തിന്റെ അന്തസ്സിന്റെ അടിസ്ഥാനം അതു പണിയുന്ന ഭാര്യാഭർത്താക്കന്മാരെ അനുസരിച്ചിരിക്കും. മാതൃകാപരമായി ജീവിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ അടിസ്ഥാനം അവരുടെ പരിശുദ്ധ വിവാഹത്തിന്റെ പരിശുദ്ധിയെ അനുസരിച്ചായിരിക്കും. ഈ പരമസത്യം പൂർവ്വികമായതോ, പഴഞ്ചൻ പരിഷ്കാരമോ അല്ല ഏകസത്യ ദൈവം പരിശുദ്ധനും പരമാധികാരിയും ആൽഫായും ഒമേഗായും ആദ്യനും അന്ത്യനുമായിരിക്കുന്നതുപോലെ തന്നെ, ഈ പരിശുദ്ധനായ ഈശ്വരനാൽ സ്ഥാപിതമായ വിവാഹം, വിവാഹജീവിതം, കുടുംബം, കുടുംബജീവിതം, തലമുറകൾ ഇവയ്ക്കൊന്നും ഒരു വ്യത്യാസവും വരുത്താവതല്ല. കാലം പഴകുന്തോറും പഴയതാകുന്നുമില്ല എന്ന സത്യം നാം എല്ലാവരും അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതും കാത്തുസൂക്ഷിക്കേണ്ടതുമായ സ്വർഗ്ഗീയ സത്യമാകുന്നു. ഈ സ്വർഗ്ഗീയ സത്യത്തിന്റെ ഗൗരവം മനസ്സിലാക്കി ജീവിക്കുവാൻ ദൈവസൃഷ്ടിയായ മനുഷ്യൻ ബാദ്ധ്യസ്ഥനാകുന്നു.


ലേഖിക

അടിസ്ഥാനം ഉറപ്പില്ലാതെ പണിയുന്ന യാതൊന്നും നിലനില്ക്കയില്ല. ദൈവഹിതപ്രകാരമല്ലാത്ത, ദൈവം യോജിപ്പിക്കാത്ത വിവാഹം നിലനില്ക്കയില്ല. ‘വിവാഹം’ എന്നത് അത്ര നിസ്സാരമായി കരുതേണ്ട ഒരു ബന്ധമല്ല. മക്കളെ അവരുടെ ബാല്യകാലം മുതലേ പഠിപ്പിക്കേണ്ട ഒരു വിഷയമാകുന്നു ‘വിവാഹം’ എന്നത്. ദൈവഹിതത്തിനുവേണ്ടി പ്രാർത്ഥിച്ചു കാത്തിരിക്കുക. ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ആകർഷിക്കപ്പെടുന്നത് സ്വാഭാവികമാകുന്നു. അതിൽ തെറ്റൊന്നുമില്ല. പക്ഷേ, അതിരുകവിഞ്ഞ വികാരപ്രകടനങ്ങൾ, ശാരീരിക ബന്ധങ്ങൾ ഇവയ്ക്കൊക്കെ നിയന്ത്രണവും അതിരുകളുമുണ്ടെന്നു കുഞ്ഞുങ്ങളെ ബാല്യകാലം മുതലേ പറഞ്ഞു പഠിപ്പിക്കേണ്ടതാകുന്നു. ‘പ്രേമ’മെന്നും പ്രണയമെന്നുമൊക്കെ പറഞ്ഞ് നിയന്ത്രണം വിട്ടു ജീവിക്കുന്നത് കടിഞ്ഞാണിടാതെ ഓടിക്കുന്ന കുതിരയ്ക്കു സമാനമായിരിക്കും എന്ന് മാതാപിതാക്കളും മക്കളും ഒരുപോലെ മനസ്സിലാക്കി പ്രവർത്തിക്കേണ്ട ഒന്നുതന്നെയാകുന്നു. പ്രായപൂർത്തിയായ കുഞ്ഞുങ്ങളെ നിയന്ത്രിക്കുന്നതിന്നുമുമ്പേതന്നെ അവരുടെ ബാല്യകാലത്തിൽ ഒരു നിയന്ത്രണം വേണ്ടിയിരിക്കുന്നു. കർശനങ്ങളായ നിയന്ത്രണവും കഠിനശിക്ഷകളും മക്കളെ അനാവശ്യമായി സംശയിക്കുകയും കാര്യങ്ങളുടെ ഗൗരവമറിയാതെ ശാസിക്കയും ശിക്ഷിക്കയും ചെയ്യുന്നത് അപകടകരമാകുന്നു. അത് അവരുടെ ആത്മവിശ്വാസത്തിനു ക്ഷതം വരുത്തുക മാത്രമല്ല അവർ മാതാപിതാക്കളിൽനിന്നും അകന്നുപോകുകയും പുറമേയുള്ളവരിലേക്കാകർഷിക്കപ്പെടുകയും ചെയ്യും. മാതാപിതാക്കളറിയാതെ പല ദുഃസ്വഭാവങ്ങളിലും വഴിതിരിഞ്ഞുപോകാനിടയാകുകയും ചെയ്യും. “എന്റെ മകൻ, എന്റെ മകൾ ഒരു തെറ്റും ചെയ്യില്ല എന്ന അമിതവിശ്വാസവും പ്രശംസയും അപകടകരമാകുന്നു. നിറഞ്ഞ സ്നേഹം, തുറന്ന ഹൃദയം, സ്വതന്ത്രമായ ആശയവിനിമയം ഇവ മാതാപിതാക്കൾ തമ്മിലും മാതാപിതാക്കളും മക്കളും തമ്മിലും അടിസ്ഥാനമിട്ടു വളർത്തി ശക്തമാക്കാൻ ശ്രമിക്കുക. മക്കളേക്കുറിച്ച് പുറത്തുനിന്നും ആരെങ്കിലും വന്ന് ഏതെങ്കിലും കുറ്റങ്ങൾ “അവർ ചെയ്യുന്നു അഥവാ ചെയ്യുന്നതു കണ്ടു” എന്നു പറഞ്ഞാൽ അവരോടു തട്ടിക്കയറുകയോ “ഇല്ല ഞങ്ങളുടെ മക്കൾ അങ്ങനെയൊന്നും ചെയ്യുകയില്ല” എന്ന് അന്ധമായി വിശ്വസിക്കുന്നതിന്നു പകരം ശാന്തമായി, അവർ പറഞ്ഞതു ശരിയാണോ എന്നു കണ്ടുപിടിച്ച് അതനുസരിച്ചുവേണം മക്കളോടിടപെടുവാൻ. മറ്റുള്ളവർ പറയുന്നതുകേട്ട് വാസ്തവമറിയാതെ മക്കളെ ശിക്ഷിക്കയും കഠിനമായി ശാസിക്കയും ചെയ്യുന്നത് ഗുണത്തേക്കാളധികം ദോഷം ചെയ്യും. തെറ്റുകൾ കണ്ടാൽ സ്നേഹത്തോടും ബുദ്ധിയോടുംകൂടെ അവരുമായി ചർച്ച ചെയ്ത് തെറ്റുകൾ തിരുത്താൻ അവസരമുണ്ടാക്കിക്കൊടുക്കുക. കുഞ്ഞുങ്ങൾ ചെയ്യുന്ന തെറ്റുകൾ ചെറുതായാലും വലുതായാലും അവയ്ക്കെതിരെ കണ്ണടച്ചുകളയുന്നത് വലിയ അബദ്ധമാകുന്നു. തെറ്റുകൾ ‘മുളയിലേ നുള്ളിക്കളയുന്ന’താണ് ബുദ്ധി. അവർ ആപത്തിൽ ചെന്നു ചാടിക്കഴിഞ്ഞു ദുഃഖിച്ചിട്ടു കാര്യമില്ലല്ലോ.

കുഞ്ഞുങ്ങളെ അന്ധമായി വിശ്വസിക്കരുത്. അവരുമായി കൂടുതൽ ഇടപെട്ട് അവരുടെ പെരുമാറ്റങ്ങൾ, സ്വഭാവം ഇവ മനസ്സിലാക്കി ബുദ്ധിപൂർവ്വം അവരുടെ ആത്മവിശ്വാസം നേടിഎടുക്കുന്നതോടൊപ്പം മക്കൾക്ക് തങ്ങളുടെ ഏതു രഹസ്യവും തുറന്നുപറയാനുള്ള സ്വാതന്ത്ര്യവും ആത്മവിശ്വാസവും മാതാപിതാക്കൾ മക്കൾക്കു നല്കുന്ന ഏറ്റവും വിലയേറിയ സമ്മാനമായിരിക്കും. മാതാപിതാക്കളുടെ നല്ല മാതൃക കണ്ടുവേണം കുഞ്ഞുങ്ങൾ ബാല്യകാലം മുതലേ വളരുവാൻ. മാതാപിതാക്കളുടെ വിവാഹജീവിതം കണ്ടുവേണം കുഞ്ഞുങ്ങൾ അനുകരിക്കുവാൻ. വിവാഹത്തേക്കുറിച്ചും വിവാഹജീവിതത്തേക്കുറിച്ചും ലൈംഗികബന്ധത്തേക്കുറിച്ചും തുറന്നു മക്കളുമൊത്തു ചർച്ച ചെയ്യുവാനും അവരുടെ സംശയങ്ങൾ തുറന്നുപറയുവാനും അവയ്ക്കു തക്ക ബുദ്ധിപൂർവ്വമായ മറുപടി നല്കുവാനും മാതാപിതാക്കൾ അവസരം നല്കേണ്ടതാകുന്നു.

(ശേഷം 24-ാം പേജിൽ)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 85.68 |
| യൂറോ | 97.81 |
| സ്റ്റെർലിംഗ്പൗണ്ട് | 116.10 |
| സ്വിസ് ഫ്രാങ്ക് | 104.04 |
| സിംഗപ്പൂർ ഡോളർ | 66.73 |
| കനേഡിയൻ ഡോളർ | 62.69 |
| ഒമാൻ റിയാൽ | 222.83 |
| ബഹ്റൈൻ ദിനാർ | 227.22 |
| സൗദി റിയാൽ | 22.84 |
| യു.എ.ഇ. ദിർഹം | 23.32 |
| കുവൈത്ത് ദിനാർ | 279.91 |

## കടലിൽ 52 ദിവസം ട്രോളിങ് നിരോധനം

തിരുവനന്തപുരം: കേരളത്തിൽ ഈ മാസം ഒൻപതിന് അർധരാത്രി മുതൽ ജൂലൈ 31 വരെ 52 ദിവസം കടലിൽ ട്രോളിങ് നിരോധനം ഏർപ്പെടുത്താൻ മന്ത്രിസഭ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. ഇക്കാലയളവിൽ രക്ഷാപ്രവർത്തനങ്ങൾക്കും പട്രോളിങ്ങിനുമായി 19 സ്വകാര്യ ബോട്ടുകൾ വാടകയ്ക്കെടുക്കും.



# അപ്പന്മാർ പച്ചമുന്തിരിങ്ങ തിന്നു, മക്കളുടെ പല്ലു പുളിച്ചു

ഏലിയാമ്മ ലൂക്കോസ്

ഈ തലക്കെട്ട് പിതൃദിനത്തിൽ പലർക്കും അരോചകമായി തോന്നാം. വിശുദ്ധ ബൈബിളിൽ നിന്നും അടർത്തിയെടുത്ത ഒരു വാക്യമാണിത്. അപ്പന്റെയും മക്കളുടെയും ബന്ധത്തെ ഇത് കാര്യമായി വിവേചിക്കുന്നുണ്ട്. ഈ പിതൃദിനം നമ്മെ ഭൂതകാലത്തിലെ പല അനുഗൃഹീത സമയങ്ങളെ മുമ്പിലിട്ടു തരുന്നുണ്ട്. മാതാപിതാക്കളോടൊപ്പം കഴിച്ചുകൂട്ടിയ കുട്ടിക്കാലം എത്ര മാധുര്യമേറിയതായിരുന്നു. ഒരിക്കലും മടങ്ങിവരാത്തവണ്ണം അതു കടന്നുപോയല്ലോ. പിതാവായ ദൈവം സ്നേഹനിധിയും മനസ്സലിവിനുടമയും കരുണാസാഗരവും ദയാപൂർണ്ണനും അല്ലയോ? പിതാക്കളും അങ്ങനെ തന്നെ ആയിരിക്കണം. മാതൃകായോഗ്യരായ അനേകം നല്ല പിതാക്കന്മാർ വിശുദ്ധ ബൈബിളിലും നമ്മുടെ ചുറ്റുപാടും ഉണ്ട്. ബഹുജാതികൾക്കു പിതാവായ അബ്രഹാമിനെ യഹൂദന്മാരും ക്രിസ്ത്യാനികളും മുസ്ലിംകളും ബഹുമാനിക്കുന്നു. അദ്ദേഹം മാതൃകായോഗ്യമായിരുന്നു. അപ്പന്മാരെ കണ്ട് മക്കൾ പഠിക്കും. അപ്പന്മാരുടെ അനുഗ്രഹങ്ങൾ പകരപ്പെടുന്നത് പോലെ ശാപവും വന്നുഭവിക്കാം.

ദൈവം പത്തു കല്പനകൾ നല്കുമ്പോൾ വിഗ്രഹാരാധന പാടില്ല എന്നു പറയുന്നതോടൊപ്പം എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറ വരെ മക്കളുടെമേൽ സന്ദർശിക്കുകയും എന്നെ സ്നേഹിച്ച് എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് ആയിരംതലമുറ വരെ ദയ കാണിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ വാക്കുകളാണിത്. അതു സംഭവിക്കാതിരിക്കുമോ? അപ്പന്മാർ ചെയ്യുന്ന നന്മതിന്മകൾക്കു പകരം നല്കുന്ന ദൈവം തലമുറകളുടെമേൽ വരുന്ന ശാപത്തിൽ ദുഃഖിക്കുന്നു. അതു വന്നുഭവിക്കാം. ദുഷ്ടനായ ആഹാബ് രാജാവ് ദൈവം ശിക്ഷ അയയ്ക്കുന്നുവെന്നു കേട്ടപ്പോൾ വസ്ത്രം കീറി തന്റെ ദേഹംപറ്റെ ഉടുത്തുകൊണ്ട് ഉപവസിച്ചു. അവൻ തന്നെത്താൻ താഴ്ത്തിയതുകൊണ്ട് അവന്റെ ജീവക്കാലത്ത് അനർത്ഥം വരുത്താതെ മകന്റെ കാലത്ത് അനർത്ഥം വരുത്തി. അപ്പൻ ചെയ്ത പാപത്തിന്റെ ഫലം മക്കൾ അനുഭവിച്ചു. അവന് ശമര്യയിൽ 70 പുത്രന്മാരുണ്ടായിരുന്നു. അവരെയെല്ലാം കൊന്ന് തലകൾ കൊട്ടകളിലാക്കി യിസ്രായേലിൽ യേഹുവിന്റെ അടുത്തെത്തിച്ചു. ഹിസ്കിയാ രാജാവ് തന്റെ രാജധാനിയിലുള്ളതെല്ലാം ശത്രുക്കളായ ബാബേൽ പ്രഭുക്കന്മാരെ കാണിച്ചതുകൊണ്ട് ദൈവം കോപിച്ചു. ശിക്ഷ മക്കളുടെമേൽ ചൊരിഞ്ഞു. കയീൻ ദുഷ്ടനായി തന്റെ സഹോദരനെ കൊന്നു. അവന്റെ തലമുറകൾ ശപിക്കപ്പെട്ടു. അപ്പന്മാർ ചെയ്ത തെറ്റിന് മക്കൾ ശിക്ഷ അനുഭവിക്കുന്നു. ഇക്കാലത്തും നിരപരാധികളെ ജയിലിൽ അടയ്ക്കുകയും കുറ്റക്കാരാക്കുകയും ചെയ്തവരുടെ തലമുറ മനോരോഗികളായി അലഞ്ഞുതിരിയുന്ന കാഴ്ച കണ്ടിട്ടുണ്ട്. അതുകൊണ്ട് പ്രിയ അപ്പന്മാരെ നന്മ ചെയ്തു തലമുറകളെ രക്ഷിക്കാം.



ലേഖിക

പുതിയ നിയമത്തിൽ വിശുദ്ധ പൗലോസ് നമ്മെ അറിയിക്കുന്നു: "നാം ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു. അവനവൻ ചെയ്ത തെറ്റിനു അവനവൻ തന്നെ ശിക്ഷ അനുഭവിക്കുന്നതു ന്യായമാകുന്നു."

ഈ മാസം പിതൃദിനം കൊണ്ടാടുവാൻ ദൈവം നമുക്കു ഭാഗ്യം തന്നു. നിശ്ചയമായും അവരെ നാം ഓർക്കുകയും അവരെ അനുമോദിക്കുകയും അവർക്ക് താങ്ങും തണലുമായി എപ്പോഴും കരുതുകയും ചെയ്യാം. ഒരു നല്ല മകളുടെ പിതാവിനോടുള്ള ആദരവാണ് ഇങ്ങനെയൊരു ദിനം ആരംഭിക്കുവാനിടയായതെന്നു നമുക്കറിയാം. വളരെ ആദരവോടെയാണ് ഞാൻ പിതാക്കളെ കാണുന്നത്. പിതാവായ ദൈവത്തിന്റെ പ്രതിനിധികളാണ് അവർ. അവർ ഭവനത്തിൽ നാഥനാണ്, രാജാവാണ്. ആ ഗംഭീരമുള്ള മുഖം, നടപ്പ്, പക്വതയോടെയുള്ള സംസാരം ആരെയാണ് ആകർഷിക്കാത്തത്. പിതാവിനെ സ്നേഹപൂർവം ഭയപ്പെടുന്നു, ബഹുമാനിക്കുന്നു. അവർ ഫലനശാലികളാണ്. ഒരു നല്ല പിതാവിൽ ദൈവിക സ്വഭാവങ്ങൾ നിഴലിക്കുന്നുണ്ടാകും. പിതാവില്ലാത്ത ഒരു വീട് ശൂന്യമാണ്.

യിസഹാക്കിന്റെ മകനായ യാക്കോബിനോട് നീ കനാന്യസ്ത്രീകളിൽ നിന്നു ഭാര്യയെ എടുക്കരുത്. അക്കൂട്ടത്തിൽ ചില അനുഗ്രഹങ്ങൾ കൂടി നല്കി. അവൻ പിതാവിനെ അനുസരിച്ചു. പിന്നത്തേതിൽ അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമെന്നു പ്രസിദ്ധമായി. മൂത്തവനായ ഏശാവ് കനാന്യസ്ത്രീകളെ വിവാഹം ചെയ്തു. അമ്മയായ റിബേക്കക്ക് വളരെ അസഹനീയമായിത്തീർന്നു. ഏശാവിനു കിട്ടേണ്ട പദവി യാക്കോബിനു ലഭിച്ചു. പല കാരണങ്ങൾ ഉണ്ടെങ്കിലും യാക്കോബിന്റെ അനുസരണം പ്രസിദ്ധമാണ്. നാം നമ്മുടെ പിതാക്കളെ അനുസരിക്കണം.

ദാവീദു മകനായ ശലോമോനു ഉപദേശങ്ങൾ നല്കി. പലതും അവൻ അനുസരിച്ചു. പലതിലും തെറ്റിപ്പോയി. അതിനാൽ അടുത്ത തലമുറയിൽ രാജ്യം രണ്ടായി ഭാഗിക്കപ്പെട്ടു. ഏലി പുരോഹിതന്റെ മക്കളായ ഹൊഫ്നിയും ഫിനഹാസും പിതാവിനെ അനുസരിച്ചില്ല.

(ശേഷം 30-ാം പേജിൽ)

## മുങ്ങിയ കപ്പലിൽ അപകടകരമായ രാസവസ്തുക്കൾ

# പ്രത്യാഘാതം പുറത്തുവിടണം: ഹൈക്കോടതി

തിരുവനന്തപുരം: കൊച്ചി പുറംകടലിൽ മുങ്ങിയ എംഎസ്സി എൽസ 3 എന്ന കപ്പലിലെ കണ്ടെയ്നറുകളിലുണ്ടായിരുന്ന വസ്തുക്കളുടെ പൂർണ പട്ടിക പുറത്ത്. ഷിപ്പിങ് കമ്പനി കസ്റ്റംസിനു കൈമാറിയ പട്ടികപ്രകാരം അപകടകരമായ കാൽസ്യം കാർബൈഡും പോളിമർ അസംസ്കൃത വസ്തുക്കളും കൂടാതെ ഡിസിയൻഡയമൈഡ്, ഹൈഡ്രസീൻ എന്നീ രാസവസ്തുക്കളും കപ്പലിലുണ്ടായിരുന്നു.

48 കണ്ടെയ്നറുകളിൽ ഹൈഡ്രസീനും രണ്ട് കണ്ടെയ്നറുകളിൽ ഡിസിയൻഡയമൈഡുമുണ്ട്. വളം, തീപിടിത്തം പ്രതിരോധിക്കുന്നതിനുള്ള ഫയർ പ്രൂഫിങ് വസ്തുക്കൾ എന്നിവ തയാറാക്കാനാണ് ഇവ ഉപയോഗിക്കുന്നത്. കൃത്യമായി പാക്ക് ചെയ്താൽ അപകടകരമല്ലെങ്കിലും നേരിട്ടുള്ള സമ്പർക്കത്തിൽ ഇവ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുമെന്നു കേരള സർവകലാശാല കെമിസ്ട്രി വിഭാഗം മേധാവി ഡോ. അനി ദീപ്തി പറഞ്ഞു. രാസവസ്തുവിന്റെ അളവും സാഹചര്യവും സമ്പർക്കവും കണക്കിലെടുത്താൽ മാത്രമേ എത്രത്തോളം അപകടകരമാണെന്നു കണ്ടെത്താൻ കഴിയൂ. മനുഷ്യരിൽ ചൊറിച്ചിൽ, ശ്വാസ തടസ്സം എന്നിവ ഇവയുണ്ടാക്കും.

13 കണ്ടെയ്നറുകളിൽ കാൽസ്യം കാർബൈഡ് ഉണ്ടെങ്കിലും എട്ട് എണ്ണം കപ്പലിന്റെ അകത്തെ അറയിലും അഞ്ച് എണ്ണം പുറത്തുമാണ്. പ്ലാസ്റ്റിക് ഉൽപന്നങ്ങൾ നിർമിക്കാനുപയോഗിക്കുന്ന പോളിപ്രൊപ്പിലീൻ ആണു വ്യാപകമായി തീരമേഖലകളിൽ അടിഞ്ഞിരിക്കുന്നത്. 60 കണ്ടെയ്നറുകളിലുണ്ടായിരുന്ന ഇവ പക്ഷികൾക്കും ജലജീവികൾക്കും ഭീഷണിയാണ്.

തേങ്ങ, ബ്രസീൽ നട്ട്, കശുവണ്ടി എന്നിവ അടങ്ങിയ 46 കണ്ടെയ്നറുകളും തടിക്കഷണങ്ങളുള്ള 87 കണ്ടെയ്നറുകളുമുണ്ട്. നാല് കണ്ടെയ്നറുകളിൽ കാഷ് എന്നു രേഖപ്പെടുത്തിയിരുന്നെങ്കിലും ഇതു കാഷ്യൂനട്ടാണെന്നു (കശുവണ്ടി) വ്യക്തമായതായി അധികൃതർ പറഞ്ഞു.

56 കണ്ടെയ്നറിലുള്ള ബ്ലീച്ഡ് കെമിക്കൽ തെർമോമെക്കാനിക്കൽ പൾപ്പ് പ്രിന്റിങ് ആവശ്യത്തിന് ഉപയോഗിക്കുന്നവയാണ്. മറ്റു കണ്ടെയ്നറുകളിൽ ടിൻ പ്ലേറ്റുകൾ, ബാംബൂ സ്റ്റിക്കുകൾ, സ്റ്റീൽ കോയിലുകൾ, ഡ്രൈഡ് വെജിറ്റബിൾ, പേപ്പർ ഉൽപന്നങ്ങൾ, നീറ്റുകക്ക, ഫിഷ് ഓയിൽ ഇവയുമുണ്ട്.

ആകെ 643 കണ്ടെയ്നറുകൾ എന്നാണു സർക്കാർ പറഞ്ഞിരുന്നത്. 640 എണ്ണമാണ് ഷിപ്പിങ് കമ്പനി കസ്റ്റംസിനു കൈമാറിയ പട്ടികയിലുള്ളത്.

കൊച്ചി തീരത്തു മുങ്ങിയ എംഎസ്സി എൽസ 3 കപ്പലിലെ കണ്ടെയ്നറുകളിലുണ്ടായിരുന്ന വസ്തുക്കളെക്കുറിച്ച പൊതുജനങ്ങൾ അറിയേണ്ടതുണ്ടെന്ന് ഹൈക്കോടതി.


കണ്ടെയ്നറിലുള്ള സാധനങ്ങൾ കടലിൽ കലർന്നാൽ കടലിലും തീരത്തുമുണ്ടാകുന്ന പ്രത്യാഘാതം എന്തൊക്കെയായിരിക്കുമെന്ന വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും ചീഫ് ജസ്റ്റിസ് നിധിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു. ഹാനികരമായ വസ്തുക്കളാണ് ഉള്ളതെന്ന വെളിപ്പെടുത്തലിൽ ജനങ്ങളോട് അതു വെളിപ്പെടുത്തേണ്ടതുണ്ട്. വീണ്ടും ഹർജി പരിഗണിക്കുന്ന രണ്ടാഴ്ചയ്ക്കകം വിവരങ്ങൾ പ്രസിദ്ധീകരിക്കാനാണു കോടതി നിർദേശിച്ചത്.




# മനുഷ്യകുലത്തിന്റെ ഭാവി കുടുംബങ്ങളിലാണെന്ന് ലെയോ മാർപാപ്പ

വത്തിക്കാൻ സിറ്റി: കൂട്ടായ്മയുടെയും വിശ്വാസത്തിന്റെയും സ്രോതസ്സും മനുഷ്യകുലത്തിന്റെ ഭാവിയും കുടുംബങ്ങളാണെന്ന് ലെയോ പതിനാലാമൻ മാർപാപ്പ. ഐക്യത്തിനു വേണ്ടിയുള്ള യേശുവിന്റെ പ്രാർത്ഥന ഉൾക്കൊള്ളുന്ന സുവിശേഷഭാഗം ഉദ്ധരിച്ചുകൊണ്ട് സ്രഷ്ടാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ഐക്യവും രക്ഷയും സംജാതമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

യേശു നല്കുന്ന ഈ ഐക്യം ഒന്നാമതായി ഒരു ദാനമാണെന്ന് മാർപാപ്പ ചൂണ്ടിക്കാട്ടി. ജൂബിലിവർഷത്തോടനുബന്ധിച്ച് കുടുംബം, കുട്ടികൾ, മുത്തശ്ശി മുത്തച്ഛന്മാർ, വയോജനങ്ങൾ എന്നിവരുടെ ജൂബിലിയാഘോഷ സമാപനത്തിന്റെ ഭാഗമായി സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ അർപ്പിച്ച വിശുദ്ധ കുർബാനക്കിടെ വചനപ്രഘോഷണം നടത്തുകയായിരുന്നു മാർപാപ്പ. ചത്വരം നിറഞ്ഞുകവിഞ്ഞ വിശ്വാസി സമൂഹം ആഹ്ലാദാരവത്തോടെയാണ് മാർപാപ്പയുടെ വാക്കുകൾ ശ്രവിച്ചത്.



നാം ജനിച്ചത് നമ്മുടെ നിശ്ചയപ്രകാരമല്ലെന്നും നാമെല്ലാവരും ഉടപ്പിറന്നവരാണെന്നുമുള്ള ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ ലെയോ മാർപാപ്പ അനുസ്മരിച്ചു. ജനനനിമിഷം മുതൽ മനുഷ്യശിശു മറ്റുള്ളവരെ ആശ്രയിച്ചാണ് വളരുന്നത്. ഇത്തരം ബന്ധങ്ങളുടെ ഫലമാണ് നാം ജീവിച്ചിരിക്കുന്നത്. അനുകമ്പയും പരസ്പരമുള്ള കരുതലും കൈമാറുന്ന മനുഷ്യബന്ധങ്ങൾ സ്വതന്ത്രവും സ്വതന്ത്രമാക്കുന്നതുമാണ്. സംഘർഷവും അഭിപ്രായ ഭിന്നതയും നിറഞ്ഞ ലോകത്തിൽ ഓരോരുത്തരും തങ്ങളുടെ സ്നേഹം ക്രിസ്തുവിൽ ഉറപ്പിച്ച് നിർത്തണം. അങ്ങനെ ലോകത്തിലും സമൂഹത്തിലും നാം ഏവർക്കും സമാധാനത്തിന്റെ അടയാളമാകണം.

അടുത്തകാലത്തായി വിശുദ്ധ കുടുംബങ്ങളുടെ മാതൃകകൾ വർദ്ധിച്ചു വരുന്നുണ്ട്. വിശുദ്ധരായി നാമകരണം ചെയ്യപ്പെട്ട വിശുദ്ധ ചെറുപുഷ്പത്തിന്റെ മാതാപിതാക്കളെയും പോളണ്ടിൽ നിന്നുള്ള ഉൽമ കുടുംബത്തെയും മാർപാപ്പ പരാമർശിച്ചു. വിവാഹ ഉടമ്പടി ലോകത്തെ മാറ്റിമറിക്കാൻ പോന്ന ഐക്യത്തിന്റെയും അനുരഞ്ജനത്തിന്റെയും ശക്തിയാണ്. സമ്പൂർണ്ണവും വിശ്വസ്തവും ഫലദായകവുമായ സ്ത്രീ-പുരുഷ സ്നേഹമാണ് വിവാഹം. അതൊരു ഏട്ടിലെ പശുവല്ല യാഥാർത്ഥ്യമാണ്. കുട്ടികൾ അനുകരിക്കേണ്ട സമഗ്രതയുടെ മാതൃകയാണത്. കുട്ടികൾ മാതാപിതാക്കളെ ബഹുമാനിക്കണമെന്നും അനുദിനം ജീവനുവേണ്ടി നന്ദി പറയണമെന്നും മാർപാപ്പ ഓർമ്മിപ്പിച്ചു. മുത്തശ്ശി മുത്തച്ഛന്മാർ കുടുംബാംഗങ്ങളെ സ്നേഹപൂർവം ശുശ്രൂഷിക്കണം. ഭക്ഷണമേശയിലെ ആഹാരവും ഹൃദയങ്ങളിലെ സ്നേഹവും പോലെ തലമുറകളിലേക്ക് വിശ്വാസം പകരുന്ന വേദിയാണ് കുടുംബങ്ങളെന്ന് മാർപാപ്പ കൂട്ടിച്ചേർത്തു.

# ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇഡിക്കെതിരെ വിജിലൻസ്

കൊച്ചി: കശുവണ്ടി വ്യവസായിയിൽ നിന്ന് കൈക്കൂലി വാങ്ങിയെന്ന പരാതിയിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) ഉദ്യോഗസ്ഥനെതിരെ സംസ്ഥാന വിജിലൻസ് അന്വേഷണം നടത്തുന്നതിന് അധികാരം നൽകി.

ഹൈക്കോടതി 2023-ൽ പുറപ്പെടുവിച്ച സുപ്രധാനമായ ഉത്തരവ് പ്രകാരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അഴിമതി നിരോധന നിയമപ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമപ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിക്കുന്നതിന് നിയമതടസ്സം ഇല്ലെന്നായിരുന്നു ഹൈക്കോടതി അന്ന് വ്യക്തമാക്കിയത്. ഈ വിധിയുടെ അടിസ്ഥാനത്തിലാണ് ഇഡി അസിസ്റ്റന്റ് ഡയറക്ടർ ശേഖർ കുമാറിനെതിരെ അന്വേഷണം നടത്തുന്നത്.

തലയോലപ്പറമ്പ് ഗ്രാമപ്പഞ്ചായത്തിലെ ഭവനനിർമ്മാണ പദ്ധതി ഗുണഭോക്താക്കൾക്ക് ലഭിക്കേണ്ട തുക തട്ടിച്ചെന്ന പരാതിയിൽ നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് ഉദ്യോഗസ്ഥരെയും പ്രതിചേർത്ത കേസിലാണ് വിജിലൻസിന്റെ അധികാരത്തെ ഹൈക്കോടതി കൃത്യമായി നിർവചിച്ചത്.

ഈ കേസിൽ കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്താൻ വിജിലൻസിന് അധികാരമില്ലെന്ന് വിലയിരുത്തി കോട്ടയം വിജിലൻസ് കോടതി, ബാങ്ക് ഉദ്യോഗസ്ഥരെ പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കിയിരുന്നു. ഇതിനെതിരെ വിജിലൻസ് നൽകിയ ഹർജിയിലായിരുന്നു ഹൈക്കോടതിയുടെ നിർണായക ഉത്തരവ്.

2016-ലെ ഹൈക്കോടതിയുടെ തന്നെ ഉത്തരവ് തിരുത്തിയായിരുന്നു 2023-ലെ ഉത്തരവ്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരുടെ പേരിലുള്ള കേസുകൾ സിബിഐയെയോ മറ്റു ബന്ധപ്പെട്ട ഏജൻസികളെയോ അറിയിക്കേണ്ട ചുമതലയേ സംസ്ഥാന വിജിലൻസിനുള്ളൂ എന്ന് വിജിലൻസ് മാന്വലിൽ പറയുന്നുണ്ട്.

എന്നാൽ, വിജിലൻസ് പ്രവർത്തിക്കേണ്ടത് അഴിമതി നിരോധന നിയമത്തിനും ക്രിമിനൽ നടപടി നിയമത്തിനും വിധേയമാണെന്നും വിജിലൻസ് മാന്വൽ കേസന്വേഷണത്തിനുള്ള മാർഗനിർദ്ദേശം മാത്രമാണെന്നും ഹൈക്കോടതി അന്ന് വ്യക്തമാക്കിയുന്നു.

# ആകാശക്കോട്ടയ്ക്ക് കാവലാളായി തൊടുപുഴക്കാരൻ

കോട്ടയം: വ്യോമസേനയുടെ ഡയറക്ടർ ജനറൽ എയർ ഓപ്പറേഷൻസ് (ഡിജിഎഒ) ആയി ചുമതലയേറ്റ എയർമാർഷൽ ജോർജ് തോമസിന് വ്യോമസേനയോടുള്ള ബന്ധം ബാല്യകാലത്തു തുടങ്ങിയതാണ്. പിതാവ് പരേതനായ എയർകമഡോർ തോമസ് വർക്കിയുടെ കൈപിടിച്ച് വ്യോമസേനയുടെ ഓഫീസുകളും സേനാതാവളങ്ങളും കണ്ടുനടക്കേ കുഞ്ഞുജോർജ് വിസ്മയിച്ചിരുന്നു. സ്വപ്നങ്ങൾക്ക് ആകാശം അതിരായി കണ്ട ജോർജിന്റെ അദ്ധ്വാനത്തിന് പൊൻചിറകാണ് ഡിജിഎഒ സ്ഥാനവും.

ഊട്ടിയിലെ ലോറൻസ് സ്കൂളിലായിരുന്നു പഠനം. പിന്നീട് പൂനെയിലെ നാഷണൽ ഡിഫൻസ് അക്കാദമിയിൽ ചേർന്നു. 1989 ജൂൺ 14-ന് വ്യോമസേനയിലെ ഫൈറ്റർ പൈലറ്റായി ജോലിയിൽ പ്രവേശിച്ചു. 9000 മണിക്കൂറിലേറെ പറന്ന് രാജ്യത്തിന്റെ സുരക്ഷയ്ക്കായി പ്രവർത്തിച്ചു. 250 കേഡറ്റുകൾക്ക് ഫ്ളയിങ് പരിശീലനവും നല്കി.

വ്യോമസേനാ താവളങ്ങളുടെ കമാൻഡറുമായിരുന്നു. അസമിലെ ചബുവ വ്യോമസേനാ താവളത്തിന്റെ കമാൻഡറായി പ്രവർത്തിക്കുമ്പോൾ താവളത്തിന് പ്രൈഡ് ഓഫ് ഇഎസി പുരസ്കാരം സംയുക്ത സേനാമേധാവിയിൽനിന്നും ലഭിച്ചു. താവളത്തിന്റെ പ്രവർത്തനമികവ് പരിഗണിച്ചായിരുന്നു പുരസ്കാരം.

രാഷ്ട്രപതിയിൽ നിന്ന് 2019-ൽ അതിവിശിഷ്ടസേവാ മെഡലും 2010-ൽ വായുസേനാ മെഡലും ലഭിച്ചു. ഇസ്രയേലിലെ ഇന്ത്യൻ എംബസിയിൽ ഡിഫൻസ് അറ്റാഷെയായും വ്യോമസേനയുടെ സെലക്ഷൻ ബോർഡിൽ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിരുന്നു. തൊടുപുഴ പകലോമറ്റം കുടുംബാംഗമാണ് ജോർജ്. മാതാവ് ടെസി തോമസ് കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ കുടുംബാംഗമാണ്. യുപി സ്വദേശിയായ അഞ്ജലിയാണ് ഭാര്യ. മകൾ മേഘന യുഎസിൽ പിഎച്ച്.ഡി ചെയ്യുകയാണ്.



## ഒന്നിച്ചു ജീവിക്കുക

(22-ാം പേജിൽനിന്നും)

ചിലപ്പോൾ നമുക്കിഷ്ടമില്ലാത്ത ചോദ്യങ്ങളായിരിക്കും അവർ ചോദിക്കുന്നത്. ക്ഷമയോടെ കേട്ട് ബുദ്ധിപൂർവ്വമായ മറുപടി നല്കി അവരുടെ സംശയങ്ങൾ പരിഹരിക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. സമൂഹത്തിൽ നടക്കുന്ന സ്വഭാവവിരുദ്ധങ്ങളായ 'ലിവിംഗ് ടുഗതർ', 'ഹോമോസെക്ഷ്വലിറ്റി' ലൈംഗികചൂഷണം, മദ്യലഹരി, മയക്കുമരുന്നുകൾ, 'പ്രണയലഹരി', കാമഭ്രാന്ത് ഇവയെക്കുറിച്ചൊക്കെ മക്കളുമായി ചർച്ചചെയ്ത് അവയുടെ ദോഷവശങ്ങളെക്കുറിച്ച് ബുദ്ധിയോടും ഗൗരവത്തോടും കൂടെത്തന്നെ മക്കളോടു പറഞ്ഞുമനസ്സിലാക്കുക. മാതാപിതാക്കളുടെ സൂക്ഷ്മതയേറിയ ശ്രദ്ധ തങ്ങളുടെമേൽ ഉണ്ടെന്ന് മക്കൾ അറിഞ്ഞിരിക്കണം. സ്വഭാവവിരുദ്ധ പ്രവണതകൾക്കൊന്നും തങ്ങളുടെ ഭവനത്തിൽ സ്ഥാനമോ അംഗീകാരമോ ഇല്ല എന്ന് മക്കൾ നന്നായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. "തെറ്റുകൾ ചെയ്യുന്നതിനുമുമ്പേ അവ ചെയ്യാതിരിക്കാൻ സൂക്ഷിക്കുക. "Prevention is better than cure"! ഇതു മാതാപിതാക്കളും മക്കളും പാലിക്കുക. കർത്താവു കൃപ നല്കട്ടെ.

# എസ്. മഹേന്ദ്രദേവ് പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി അദ്ധ്യക്ഷൻ



ന്യൂഡൽഹി: പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക സമിതിയുടെ (പിഎം-ഇഎസി) അദ്ധ്യക്ഷനായി ആക്സിസ് ബാങ്ക് ഇൻഡിപെൻഡന്റ് ഡയറക്ടറും ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് റിസർച്ച് മുൻ വൈസ് ചാൻസലറുമായ എസ്. മഹേന്ദ്രദേവിനെ നിയമിച്ചു. ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്ലിയുടെ എഡിറ്ററായ അദ്ദേഹം ആന്ധ്രാപ്രദേശ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് സ്റ്റഡീസ് ചെയർമാനാണ്. സാമ്പത്തിക നയങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രധാനമന്ത്രിക്ക് ഉപദേശങ്ങൾ നല്കുന്ന സമിതിയാണ് ഇഎസി.

# ഇന്ത്യയും ഓസ്ട്രേലിയയും സഹകരണം ശക്തമാക്കുന്നു

ന്യൂഡൽഹി: ഇന്ത്യ-പസഫിക് മേഖലയിലെ സമാധാനത്തിനും സ്ഥിരതയ്ക്കും വേണ്ടിയുള്ള തന്ത്രപ്രധാനമായ സഹകരണം ശക്തമാക്കാൻ ഇന്ത്യയും ഓസ്ട്രേലിയയും തമ്മിൽ ധാരണ. ഓസ്ട്രേലിയൻ ഉപപ്രധാനമന്ത്രി റിച്ചഡ് മാർലെസ് കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ്ങുമായി നടത്തിയ ഉന്നത തല ചർച്ചയിലാണ് തീരുമാനം.

പഹൽഗാം ഭീകരാക്രമണത്തിന് ഇന്ത്യ മറുപടി നല്കിയതിനെ പിന്തുണച്ച ഓസ്ട്രേലിയൻ സർക്കാരിന് രാജ്നാഥ് സിങ് നന്ദിയറിയിച്ചു. ഓപ്പറേഷൻ സിന്ദൂറുമായി ബന്ധപ്പെട്ട ഇന്ത്യയുടെ നിലപാടുകൾ അദ്ദേഹം വിശദീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും മാർലെസ് കൂടിക്കാഴ്ച നടത്തി.

# ഷൈൻ ടോം ചാക്കോയുടെ പിതാവ് വാഹനാപകടത്തിൽ മരിച്ചു

തൃശൂർ: നടൻ ഷൈൻ ടോം ചാക്കോയുടെ പിതാവ് മുണ്ടൂർ ചെറുവത്തൂർ വീട്ടിൽ സി.പി. ചാക്കോ (72) വാഹനാപകടത്തിൽ മരിച്ചു. അപകടത്തിൽ ഷൈൻ, അമ്മ മരിയ, സഹോദരൻ ജോ ജോൺ ചാക്കോ, വാഹനമോടിച്ചിരുന്ന സഹായി അനീഷ് എന്നിവർക്കു പരുക്കേറ്റു. ഷൈനിന്റെ തോളെല്ലിനാണ് പരുക്ക്. മരിയയ്ക്കും സാരമായ പരുക്കുണ്ട്.



സേലം-ബെംഗ്ളൂരു ദേശീയപാതയിൽ ധർമ്മപുരി കൊമ്പനഹള്ളി പാലക്കോടു വെച്ച് കാർ അപകടത്തിൽപ്പെടുകയായിരുന്നു. കുടുംബം സഞ്ചരിച്ചിരുന്ന കാർ ലോറിയുടെ പിറകിൽ ഇടിക്കുകയായിരുന്നു. മുന്നിൽ സഞ്ചരിച്ചിരുന്ന ലോറി പെട്ടെന്നു ട്രാക്ക് മാറിയതാണ് അപകടത്തിനിടയാക്കിയതെന്നാണ് സൂചന.

ഷൈനിന്റെ ചികിത്സാർത്ഥം ബെംഗ്ലൂരുവിലേക്കു പോകുമ്പോഴായിരുന്നു അപകടം. അപകടം നടന്നയുടൻ പരുക്കേറ്റവരെ തൊട്ടടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ചാക്കോയുടെ ജീവൻ രക്ഷിക്കാനായില്ല. കാറിന്റെ മധ്യഭാഗത്താണ് ചാക്കോയും ഭാര്യയും ഇരുന്നിരുന്നത്. ഷൈൻ ഏറ്റവും പിൻസീറ്റിൽ ഉറങ്ങുകയായിരുന്നു. മുൻസീറ്റിലായിരുന്ന സഹോദരൻ ജോ ജോണും അനീഷും നിസ്സാര പരുക്കുകളോടെ രക്ഷപ്പെട്ടു.

# SEEKING BRIDEGROOM

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

**Visit Our Website: www.keralaexpress.com for Matrimonial Advt.**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented. If interested,
please email: **medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at

**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:

**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com.**

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

## SEEKING BRIDEGROOM CONTD.....

# നിര്യാതരായി

## പി.സി. ജേക്കബ്

**എസ്.എച്ച്. മൗണ്ട്:** ചക്കുപുരയ്ക്കൽ പി.സി. ജേക്കബ് (അനിയൻ-81) അന്തരിച്ചു. ഭാര്യ കാവാലം തോട്ടുകടവിൽ ത്രേസ്യാമ്മ ജേക്കബ്. മകൾ: ഡോ. മായാ ജേക്കബ്. മരുമകൻ: ഡോ. വരുൺ ജോയ് മണ്ണയ്ക്കനാട് തെന്നാട്ട് (ഇരുവരും യുഎസ്).

**പാത്താമുട്ടം:** പള്ളിയടിയിൽ കുളത്തുങ്കൽ പരേതനായ കെ.എം. തോമസിന്റെ ഭാര്യ ശോശാമ്മ തോമസ് (91) അന്തരിച്ചു.

**കുത്രപ്പള്ളി:** ആരാധനാ മഠാംഗം സിസ്റ്റർ ലിൻസ കരിമാളൂർ (റെജിമോൾ-51) അന്തരിച്ചു.

**നട്ടാശേരി:** കുമാരനല്ലൂർ ദേവീക്ഷേത്രം ഊരാണ്മയും ഗവ. ഹൈസ്കൂൾ റിട്ട. അദ്ധ്യാപകനുമായ വടക്കുംമ്യാൽ ഇല്ലത്ത് വി.എസ്. നാരായണൻ നമ്പൂതിരി (99) അന്തരിച്ചു.

## ആലീസ് ഐസക്

**പാലാ:** മുതലക്കുഴിയിൽ ആലീസ് ഐസക് (90) ബെംഗ്ളൂരുവിൽ അന്തരിച്ചു. ഭർത്താവ് പാലാ കണ്ണംകുളം പരേതനായ വർക്കി ഐസക്. മക്കൾ: ഷാലി ടോമി, ബൈജു ഐസക് (കൊച്ചി), ഷീബ ഷാജി, ലീമോൾ ബിജു (യുഎസ്), അഡ്വ. മെന്റോ ഐസക് (കർണാടക ഹൈക്കോടതി, ബെംഗ്ളൂർ) മലയാളി ഫോറം മുൻ പ്രസിഡണ്ട്). മരുമക്കൾ: ടോമി ആന്റണി, സീമ ബൈജു, ഷാജി ഏബ്രഹാം, ബിജു മാവേലി, ടീന തോമസ്.

**കങ്ങഴ:** പാടത്തുമാപ്പിള കുടുംബം കോതപ്പള്ളി ശാഖയിൽ വയലപ്പള്ളിൽ വി.എം. കുര്യാക്കോസിന്റെയും സിനോബി ഉലഹന്നാന്റെയും മകൻ ആൽവിൻ മാർക് കുര്യാക്കോസ് (19) അന്തരിച്ചു.

**കുടക്കച്ചിറ:** കവുന്നുകാട്ടിൽ ഏലിക്കുട്ടി ജോസഫ് (84) അന്തരിച്ചു.

**കോട്ടയം:** ചാന്നാനിക്കാട് തുണ്ടിയിൽ പരേതനായ ടി.എസ്. മാധവൻ നായരുടെ (ചിങ്ങവനം എൻഎസ്എസ് എച്ച്എസ് റിട്ട. അദ്ധ്യാപകൻ) ഭാര്യ എം.ജി. സുമതിക്കുട്ടിയമ്മ (80) അന്തരിച്ചു.

**റാന്നി:** കരികുളം മുണ്ടിയാന്തറ മാവേലിൽ പേരങ്ങാട്ട് (ആറ്റുകുഴിയിൽ) അലക്സ് പി. ജോർജ് (64) അന്തരിച്ചു.

**കൈപ്പള്ളി:** ബിഎസ്എൻഎൽ റിട്ട. ഉദ്യോഗസ്ഥൻ ഇടമല പരുന്തോലയിൽ പി.എം. ജെയിംസ് (68) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** കൊല്ലേട്ട് കെ.ഇ. ജോർജ് (ജോർജുകുട്ടി-83) അന്തരിച്ചു.

**തോട്ടയ്ക്കാട്:** കല്ലുപ്പറമ്പിൽ ഔസേഫ് തോമസിന്റെയും മേരിക്കുട്ടിയുടെയും മകൻ മില്ലേനിയം ട്രാവൽസ് ഉടമ ടോമി തോമസ് (മോനിച്ചൻ-51) അന്തരിച്ചു.

## ഫാ. എ.കെ. ചെറിയാൻ

**പന്തളം:** ന്യൂയോർക്ക് ബ്രോങ്ക്സ് സെ. മേരീസ് ഓർത്തഡോക്സ് ഇടവക മുൻവികാരി കുരമ്പാല ആലുംമൂട്ടിൽ മുളകുംപുറത്ത് ഫാ. എ.കെ. ചെറിയാൻ യുഎസിൽ അന്തരിച്ചു. ഭാര്യ മോളി ചെറിയാൻ. മക്കൾ: ഡോ. ഷീബ, ഫാ. പോൾ ചെറിയാൻ, ഡോ. ശോഭ, പരേതനായ ഡോ. കോശി ചെറിയാൻ. മരുമക്കൾ: ഡോ. മാത്യു ജോർജ്, ശാലു, ഡോ. നിവിൻ ജോസ്, ഡോ. രേഖ.

## അന്നാമ്മ ചാക്കോ

**ചിങ്ങവനം:** മൂലംകുളത്ത് പരേതനായ എം.ജെ. ചാക്കോയുടെ ഭാര്യ അന്നാമ്മ ചാക്കോ (80) അന്തരിച്ചു. കല്ലിശേരി നെടുവേലിൽ കുടുംബാംഗമാണ്. മക്കൾ: ജോസ് ജേക്കബ്, ജേക്കബ് ഫിലിപ്പ് (യുഎസ്), ജെസ്സി ജേക്കബ്, റെജി ജേക്കബ്, സജി ജേക്കബ് (ബഹറിൻ). മരുമക്കൾ: ലിസി ജോസ് കദളികണ്ടത്തിൽ (കോലഞ്ചേരി), സാലമ്മ കുരീക്കൽ (അറ്റ്ലാന്റ്), കെ.കെ. ജേക്കബ് കാട്ടുവേലി കാക്കനാട്ട് (മഴുക്കീർ), ഷിനു കുന്നുംപുറത്ത് (കോട്ടയം), ഐബി ഉമ്മച്ചേരിൽ (കുറിച്ചി).

**കോട്ടയം:** ഹാരിസൺസ് മലയാളം മുൻ സീനിയർ മാനേജർ കല്ലുപാലം പടിപ്പുരയ്ക്കൽ സതീഷ് ഏബ്രഹാം (62) അന്തരിച്ചു.

**അയർക്കുന്നം:** കുരങ്ങല്ലിൽ പരേതനായ കെ.ജെ. കുര്യന്റെ മകൻ തോമസ് കുര്യൻ (ടോമി-59) അന്തരിച്ചു.

**വടകര:** റെയിൽവേ സ്റ്റേഷൻ റോഡ് പുതിയോട്ടിൽ വീട്ടിൽ പി. മാലതി (80) അന്തരിച്ചു.

**കുമരകം:** റിട്ട. ബിഡിഒ മങ്കുഴിയിൽ എം.കെ. ശശിയപ്പൻ (മോനിച്ചൻ-64) അന്തരിച്ചു.

**കുമ്മനം:** മാടപ്പാട്ട് വീട്ടിൽ പരേതനായ എം.എ. ബേബിയുടെ ഭാര്യ ലീലാമ്മ ബേബി (78) അന്തരിച്ചു.

**ചിങ്ങവനം:** കുഴിമറ്റം പുത്തൻപറമ്പിൽ പി.കെ. സ്കറിയ (ജോയ്-72) അന്തരിച്ചു.

**പാലാ:** മേരി ഇമ്മാക്കുലേറ്റ് സെക്യുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മല്ലികശേരി സെ. തോമസ് ഇൻസ്റ്റിറ്റ്യൂട്ട് അംഗം സിസ്റ്റർ മറിയക്കുട്ടി ജോർജ് (78) അന്തരിച്ചു.

**വാകത്താനം:** നാലുന്നാക്കൽ കൊച്ചുവീട്ടിൽ കെ.വി. കുര്യാക്കോസ് (70) ജയ്പൂരിൽ അന്തരിച്ചു.

**മാന്താനം:** കുന്നന്താനം എൻഎസ്എസ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപിക വാഴുവേലിൽ എം.ജി. ഭവാനിയമ്മ (81) അന്തരിച്ചു.

**കോട്ടയം:** എസ്.എച്ച് മൗണ്ട് തുരുത്തിക്കാട്ട് പരേതനായ കുര്യാളയുടെ ഭാര്യ പെണ്ണമ്മ കുര്യാള (93) അന്തരിച്ചു.

**കല്ലറ:** വരകുകാലായിൽ തൊമ്മൻ (102) അന്തരിച്ചു.

## കാതറിൻ ജോസഫ്

**അതിരമ്പുഴ:** ഞൊങ്ങിണിയിൽ പരേതനായ ഔസേപ്പുകുട്ടിയുടെ ഭാര്യ കാതറിൻ ജോസഫ് (കുഞ്ഞുമാമ്മി-101) അന്തരിച്ചു. കാരിത്തടത്തിൽ കുടുംബാംഗമാണ്. മക്കൾ: എൻ.ജെ. ജോസ്, ജോർജ് ജോസഫ്, ജോസഫ് തോമസ് (സൗദി), ജെസി, ലിസി, എൻ.ജെ. ഫിലിപ്പ് (യുകെ), സാലി (യുഎസ്), ബെന്നി ജോസഫ്, ലില്ലി, മിനി. മരുമക്കൾ: ഫിലോമിന ചൂരക്കുളം (മാന്നാനം), തങ്കമ്മ കാഞ്ഞിരംകാല (അതിരമ്പുഴ), റോസമ്മ തെക്കേടത്ത് (കുറുപ്പന്തറ), ജോസ് മുണ്ടപ്ലാക്കൽ (രാമപുരം), ബാബു ചാലാപ്പള്ളി (ചെറുവാണ്ടൂർ), ലിസമ്മ തറയിൽ അയർക്കുന്നം (യുകെ), കുഞ്ഞുമോൻ പ്ലാക്കിയിൽ പാറമ്പുഴ (യുഎസ്), ജെസി വഞ്ഞിപ്പുഴ (തുരുത്തി), റോയ് കുളങ്ങര (കുടമാളൂർ), ജോഷി പുറക്കരി (അതിരമ്പുഴ).

## കുഞ്ഞമ്മ ജോർജ്



**വളഞ്ഞവട്ടം ഈസ്റ്റ്:** ഇട്ടിയംപറമ്പിൽ കുഞ്ഞമ്മ ജോർജ് (88) അന്തരിച്ചു. വളഞ്ഞവട്ടം ചെറുനിലത്ത് നടുക്കേൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.കെ. ജോർജ്. മക്കൾ: ടിജിമോൾ, പരേതയായ ടിപ്പിമോൾ. മരുമക്കൾ: കൊച്ചി പാലത്ര സണ്ണി (ന്യൂയോർക്ക്), കോട്ടയം താഴത്തങ്ങാടി പുകടിയിൽ ഡോ. അലക്സ് ആൻഡ്രൂസ്.

**കുറവിലങ്ങാട്:** കോയിത്തടത്തിൽ പരേതനായ കെ.ഒ. ഫിലിപ്പിന്റെ ഭാര്യ മേരി ഫിലിപ്പ് (95) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** കല്ലറയ്ക്കൽ കരിക്കാട്ടുപറമ്പിൽ പരേതനായ ജോൺ സി. കല്ലറയ്ക്കലിന്റെ ഭാര്യ മേരിക്കുട്ടി ജോൺ (90) അന്തരിച്ചു.

**പിഴക്:** മാനത്തൂർ കുരീക്കാട്ട് പരേതനായ സി.പി. മാത്യുവിന്റെ ഭാര്യ മേരി മാത്യു (പെണ്ണമ്മ-94) അന്തരിച്ചു.

**ഇരഞ്ഞാൽ:** കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ പാറപ്പുറത്ത് തോമസ് ജോൺ (ബാബു-74) അന്തരിച്ചു.

**പുന്നത്തുറ:** തൊട്ടിൽപ്പാലം ആലപ്പാട്ട് സാജൻ ജോസിന്റെ ഭാര്യ സ്വപ്ന (44) അന്തരിച്ചു.

**അതിരമ്പുഴ:** ആർമി റിട്ട. സുബേദാർ മുകളേൽ എം.കെ. ജോർജിന്റെ ഭാര്യ അന്നമ്മ ജോർജ് (81) അന്തരിച്ചു.

**പേരൂർ:** കൊച്ചമ്പനാട്ട് രാജ (വി. രാജൻ-65) അന്തരിച്ചു.

## ഏലിയാമ്മ ചാണ്ടി

**കരിങ്കുന്നം:** വടക്കേക്കര ഏലിയാമ്മ (85) അന്തരിച്ചു. കരിങ്കുന്നം കൂവപ്ലാക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ചാണ്ടി. മക്കൾ: ബാബു (ന്യൂയോർക്ക്), ലൈസ, ലൗലി, സിലു, ബിജു, മഞ്ജു. മരുമക്കൾ: കല്ലറ വരിക്കമാംതൊട്ടിയിൽ മേഴ്സി, മ്രാല എടൂർ സൈമൺ, അരീക്കര മരുതനാടിയിൽ ജോസഫ്, നടുക്കണ്ടം കുന്നുംപുറത്ത് ഫിലിപ്പ്, വാഴക്കുളം ചരമേൽ സിനി, പേരൂർ വെച്ചൂക്കാലായിൽ മാത്തച്ചൻ.

## മേരി ഫിലിപ്പ്

**ആലുവ:** ഏവരേത്ത് കിഴക്കേതിൽ ഡോ. ഇ.എം. ഫിലിപ്പിന്റെ ഭാര്യ മേരി ഫിലിപ്പ് (ബീന-73) കുവൈറ്റിൽ അന്തരിച്ചു. ആലുവ കരിപ്പാച്ചേരിൽ പരേതരായ കെ.സി. കോശിയുടെയും അമ്മിണിയുടെയും മകളാണ്. മക്കൾ: ഗ്രിഗറി (യുഎസ്), സൂസൻ (കുവൈറ്റ്).

**പറവൂർ:** പരേതനായ ചലച്ചിത്രനടൻ പറവൂർ ഭരതന്റെ ഭാര്യ വാവക്കാട് മൂർക്കനാട് അശ്വതി ഭവനിൽ തങ്കമണി (87) അന്തരിച്ചു.

**കോട്ടയം:** വിസിറ്റേഷൻ സന്യാസിനി സമൂഹാംഗമായ സിസ്റ്റർ പെർപെത്തുവ (90) അന്തരിച്ചു.

**തൃപ്പൂണിത്തുറ:** കിളിമാനൂർ കൊട്ടാരം വലിയ തമ്പുരാട്ടി ചതയംനാൾ സുശീലാബായി തമ്പുരാട്ടി (95) അന്തരിച്ചു.

**മാടപ്പള്ളി:** മേലേമലയിൽ വലിയവീട്ടിൽ (പാറയ്ക്കൽ) ജെയിംസിന്റെ ഭാര്യ ഷീബ (52) അന്തരിച്ചു.

**പാലാ:** വാഴയിൽ പരേതനായ ഡൊമിനിക് സിറിയക്കിന്റെ ഭാര്യ മറിയമ്മ സിറിയക് (75) അന്തരിച്ചു.

**തൃക്കോതമംഗലം:** കരിമ്പന്നൂർ കളങ്കരവീട്ടിൽ കെ.ഇ. വർഗീസ് (കുഞ്ഞൂട്ടി-79) അന്തരിച്ചു.

**പുറ്റടി:** കുരുമുളക് കർഷകനുള്ള സുഗന്ധബന്ധു അവാർഡ് നേടിയ കുട്ടിയാനിക്കൽ തോമസ് മത്തായി (തൊമ്മി-87) അന്തരിച്ചു.

**അതിരമ്പുഴ:** ചെങ്ങത്ത് സി.എസ്. ദാനിയേലിന്റെയും റോസമ്മ ദാനിയേലിന്റെയും മകൻ ജോബിൻ സി. ദാനിയേൽ (30) അന്തരിച്ചു.

**മണർകാട്:** കോട്ടയം സാമൂഹിക ക്ഷേമവകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ പൈനുങ്കൽ പി.വി. ഐപ്പ് (തങ്കച്ചൻ-70) അന്തരിച്ചു.

**ഏറ്റുമാനൂർ:** ലോട്ടസ് തിയേറ്റർ ഉടമ ചിറയിൽ സി.എൽ. ജേക്കബ് (62) അന്തരിച്ചു.

**ചങ്ങനാശേരി:** അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ പുഴവാത് ചമ്പക്കുളം വീട്ടിൽ അൽഫോൻസ് (ബാബു-69) അന്തരിച്ചു.

**കാണക്കാരി:** ചിറയിൽ ജോഷി പോൾ (61) അന്തരിച്ചു.

## അന്നമ്മ ചാക്കോ

**ഉഴവൂർ:** ഓരത്താനിയിൽ (റോസ് വില്ല) റിട്ട.പ്രഫ. ഒ.എ ചാക്കോയുടെ ഭാര്യ അന്നമ്മ ചാക്കോ (95) അന്തരിച്ചു. ഞീഴൂർ തേക്കുംകാട്ടിൽ കുടുംബാംഗമാണ്. മക്കൾ: റോയി (ന്യൂയോർക്ക്), റീന (ചെന്നൈ), റോബിൻ (ടൊറന്റോ), ക്യാപ്റ്റൻ റോബ്സൺ (എറണാകുളം). മരുമക്കൾ: മേട്ടി കായിപ്പുറത്ത് (കണ്ണങ്കര), ലെസ്ലി വിൻസന്റ് (ചെന്നൈ), സുമോൾ കാരുപ്ലാക്കൽ (കരിങ്കുന്നം), ഷാന്റി പച്ചിലമാക്കിൽ (ഉഴവൂർ).

**വള്ളിച്ചിറ:** ചെറുകര സെ. ആന്റണീസ് യുപിഎസ് റിട്ട. അദ്ധ്യാപിക ആത്മതടത്തിൽ പി.ജെ. ത്രേസ്യാമ്മ (88) അന്തരിച്ചു.

**പയ്യപ്പാടി:** ആറാട്ടുചിറയ്ക്കൽ പരേതനായ കെ.കെ. തോമസിന്റെ (റിട്ട. പ്രധാനാദ്ധ്യാപകൻ) ഭാര്യ ഇരവിനല്ലൂർ ഗവ. എൽപിഎസ് റിട്ട. പ്രധാനാദ്ധ്യാപിക ഒ.എം. ഏലിയാമ്മ (91) അന്തരിച്ചു.

**കരിക്കം:** പേരേത്ത് ഗിൽഗാൽ ഭവനിൽ പരേതനായ വൈ. യോഹന്നാന്റെയും തങ്കമ്മ യോഹന്നാന്റെയും മകൻ കുണ്ടറ മിനി സിവിൽസ്റ്റേഷൻ ഡപ്യൂട്ടി തഹസിൽദാർ ലാലു യോഹന്നാൻ (48) അന്തരിച്ചു.

**ചങ്ങനാശേരി:** ആലപ്പുഴ കട്ടികാട് അഗസ്റ്റിൻ ജോസഫിന്റെ ഭാര്യ ഗ്രേസി ജോസഫ് (69) അന്തരിച്ചു.

## കെ.യു. മറിയാമ്മ

**പാറമ്പുഴ:** വ്ളാകത്ത് പരേതനായ വി.എ. വർക്കിയുടെ (എസ്ബിടി റിട്ട. ഉദ്യോഗസ്ഥൻ) ഭാര്യ കോട്ടയം ജില്ലാ ആശുപത്രി റിട്ട. ഹെഡ്നേഴ്സ് കെ.യു. മറിയാമ്മ (കുഞ്ഞുമോൾ80) അന്തരിച്ചു. കോട്ടയം കാട്ടൂത്താഴെ വൈക്കത്തു കുടുംബാംഗമാണ്. മക്കൾ: അനു (പൂനെ), സൂസൻ (ന്യൂയോർക്ക്), മെറിൻ (കുവൈറ്റ്), വിനു (ന്യൂയോർക്ക്). മരുമക്കൾ: ഷാജി പടിഞ്ഞാറ്റിടത്ത് (ഉള്ളന്നൂർ), ജോസ് ചക്കുംകുഴിയിൽ (മാഞ്ഞൂർ), റോണി പുത്തൻവീട്ടിൽ (മാന്തുക), രേഷ്മ പള്ളത്ത് (മാലം).

**പൊൻകുന്നം:** റിട്ട. പോലീസ് ഓഫീസർ മന്ദിരംഭാഗം വടക്കയിൽ പി.പി. നാരായണൻ (89) അന്തരിച്ചു.

**ചെട്ടികുളങ്ങര:** മീനത്തേതിൽ കാഞ്ഞിക്കൽ ആലീസ് അലക്സാണ്ടർ (92) അന്തരിച്ചു.

**കോഴിക്കോട്:** ചേന്നങ്കരി തെക്കുംമുറിയിൽ പരേതനായ ടി.ജെ. ജോസഫി(ന്യൂലാൻഡ്സ് അപ്പച്ചൻ)ന്റെ ഭാര്യ വി.ജെ. സെലിൻ (79) അന്തരിച്ചു. പരേത തത്തംപള്ളി വടശേരി കുടുംബാംഗമാണ്.

**കുമരകം:** കല്ലറയ്ക്കൽ പുതുപ്പറമ്പിൽ (ഓളിയിൽ)പരേതനായ പി.ടി. ജോസഫിന്റെ ഭാര്യ അച്ചാമ്മ ജോസഫ് (103) അന്തരിച്ചു.

## ആലീസ് മാത്യു

**സംക്രാന്തി:** കുമരംചിറയിൽ പരേതനായ കെ.കെ. മാത്യുവിന്റെ (കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ) ഭാര്യ ആലീസ് മാത്യു (75) അന്തരിച്ചു. എസ്. എച്ച് മൗണ്ട് മഠത്തിപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ടോണി (മുക്കാടൻ പ്ലാന്റേഷൻ), ഷോണി, റോണി (യുഎസ്). മരുമക്കൾ: ആശാ പാർക്കശ്ശേരിൽ (കുമരകം), പരേതനായ ജോഷി മാത്യു കുമ്പുക്കൽ (കിടങ്ങൂർ), ഷെറിൻ മുട്ടത്ത് (തൃശൂർ).

**വണ്ടൻപതാൽ:** മുണ്ടപ്ലാക്കൽ (കോണേൽ) അന്നമ്മ ചാക്കോ (80) അന്തരിച്ചു.

**കുറവിലങ്ങാട്:** കർമ്മലീത്താ മഠാംഗവും സെ. മേരീസ് ഗേൾസ് എച്ച്എസ് റിട്ട. ക്ലാർക്കുമായ സിസ്റ്റർ ജെറാർദ് (90) അന്തരിച്ചു.

**ചാഞ്ഞോടി:** ചങ്ങനാശേരി താവളത്തിൽ ടി.കെ. തോമസ് (65) അന്തരിച്ചു.

## തങ്കമ്മ കുര്യൻ

**ചിങ്ങവനം:** മുഴിപറമ്പിൽ എം.ടി. കുര്യന്റെ ഭാര്യ തങ്കമ്മ കുര്യൻ (73) അന്തരിച്ചു. മക്കൾ: ടിജോ കുര്യൻ, റിജോ കുര്യൻ, സിജോ കുര്യൻ (യുഎസ്). മരുമക്കൾ: ഷിനു ചിറത്തലക്കൽ, ജിനു വാലയിൽ, ലിബി (കോളഭാഗം).

**റാന്നി:** മണ്ണാറത്തറ പാറക്കാട്ട് ഗ്രേസ് ലാൻഡിൽ കുഞ്ഞമ്മ രാജൻ (60) അന്തരിച്ചു.

**തൃശൂർ:** മുംബൈയിലെ കലാ-സാംസ്കാരിക പ്രവർത്തകനും ഡോക്യുമെന്ററി സംവിധായകനുമായ കേളി രാമചന്ദ്രന്റെ ഭാര്യ സുമ (53) അന്തരിച്ചു.

**പുറ്റടി:** കാഞ്ഞിരത്തുമ്മൂട്ടിലായ പൊടിമറ്റത്തിൽ സാറാമ്മ (സോമിനി-48) അന്തരിച്ചു.

**തിരുവനന്തപുരം:** കെഎസ്ഇബി റിട്ട. എക്സി. എൻജിനീയർ പേട്ട പുത്തൻ റോഡ് പിആർആർഎപി 67-ൽ വേലുകിഴക്കേതിൽ വി.എ. മാത്യു (88) അന്തരിച്ചു.

**കുറുമ്പനാടം:** കാലായിൽ പരേതനായ വർഗീസിന്റെ ഭാര്യ അന്നമ്മ വർഗീസ് (99) അന്തരിച്ചു.

**നെടുമണ്ണി:** ആലുങ്കലായ തെക്കേ വേങ്ങാലപ്പള്ളിൽ പരേതനായ ടി.ജെ. യോഹന്നാന്റെ ഭാര്യ മേരിക്കുട്ടി ജോൺ (77) അന്തരിച്ചു.

**പാണ്ഡവം:** നീരാഞ്ജനം വീട്ടിൽ എസ്. ബിജുവിന്റെയും (മിഡാസ്) എൽ. രാധികയുടെയും (വ്യവസായ വകുപ്പ്) മകൻ വിശാൽ ബിജു (21) കാനഡയിൽ അന്തരിച്ചു.

**കോട്ടയം:** അയ്മനം പൊന്നന്താനത്ത് മണിമന്ദിരത്തിൽ അഡ്വ. പി.ആർ. പത്മനാഭൻ നായർ (78) അന്തരിച്ചു.

**പട്ടിത്താനം:** മണലേൽ പരേതനായ മത്തായി ദേവസ്യായുടെ ഭാര്യ മേരി മത്തായി (80) അന്തരിച്ചു.

## ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, New York*

### *Favors Received*



*Inserted by: Firm Believer, New York*

**Visit Our Website: www.keralaexpress.com for Classified Advt.**




## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Virginia*

### *Favors Received*



*Inserted by: Firm Believer, Florida*

# ബിഷപ് മോസ്റ്റ് റവ. ഷോൺവാൾട്ടർ റോവിനുമായി മാർത്തോമ്മാ മെത്രാപ്പോലീത്ത കൂടിക്കാഴ്ച നടത്തി

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്: മെയ് അവസാനവാരം അമേരിക്കയിൽ ഹ്രസ്വസന്ദർശനത്തിന് എത്തിച്ചേർന്ന മാർത്തോമ്മാ മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ അമേരിക്കയിലെ എപ്പിസ്കോപ്പൽ സഭ



യുടെ പ്രിസൈഡിംഗ് ബിഷപ് മോസ്റ്റ് റവ. ഷോൺവാൾട്ടർ റോവനുമായി ന്യൂയോർക്കിലെ മാൻഹട്ടനിലുള്ള എപ്പിസ്കോപ്പൽ സെന്ററിൽ കൂടിക്കാഴ്ച നടത്തി. നോർത്ത് അമേരിക്കൻ മാർത്തോമ്മാ ഭദ്രാസനാധിപൻ ഡോ. ഏബ്രഹാം മാർ പൗലോസ് തദവസരത്തിൽ സന്നിഹിതനായിരുന്നു.

അമേരിക്കയിലെ എപ്പിസ്കോപ്പൽ സഭയും മാർത്തോമ്മാ സുറിയാനി സഭയും തമ്മിലുള്ള ബന്ധം പരസ്പര ബഹുമാനം, സംഭാഷണം, സഹകരണം എന്നിവയാൽ സവിശേഷമാണ്. ക്രിസ്തീയ ഐക്യം പ്രോത്സാഹിപ്പിക്കുന്നതിനും ഇരുസഭകളും പ്രതിബദ്ധത പങ്കിടുന്നു.

വർഷങ്ങളായി സംയുക്ത പ്രാർത്ഥനാ ശുശ്രൂഷകൾ, ദൈവശാസ്ത്ര ചർച്ചകൾ, സാമൂഹിക പ്രവർത്തന പരിപാടികൾ എന്നിവയുൾപ്പെടെ വിവിധ സംരംഭങ്ങളിൽ അവർ പരസ്പരം സഹകരിച്ചു. ദൈവശാസ്ത്രപരമായ വ്യത്യാസങ്ങൾക്കിടയിലും അമേരിക്കയിലെ എപ്പിസ്കോപ്പൽ സഭയും മാർത്തോമ്മാ സുറിയാനി സഭയും വൈവിധ്യത്തിൽ ഐക്യത്തിന്റെ ആത്മാവിനെ വളർത്തിയെടുക്കുന്നു എന്നത് ശ്രദ്ധേയമാണ്.

# വ്യാജ കാർഡിയോളജിസ്റ്റ് നടത്തിയത് 50 ഹൃദയശസ്ത്രക്രിയകൾ

ചണ്ഡിഗഡ്: ഹരിയാനയിലെ ഫരീദാബാദിൽ എംബിബിഎസ് ഡോക്ടറായ പങ്കജ് മോഹൻ ശർമ കാർഡിയോളജിസ്റ്റായി ചമഞ്ഞ് 50 ഹൃദയശസ്ത്രക്രികൾ നടത്തിയെന്ന് പോലീസ്. നഗരത്തിലെ സർക്കാർ ആശുപത്രിയിൽ സ്വകാര്യ-പൊതു പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഹൃദയാരോഗ്യ കേന്ദ്രത്തിലാണ് സംഭവം. ഒരു കാർഡിയോളജിസ്റ്റിന്റെ രജിസ്ട്രേഷൻ നമ്പർ ഇയാൾ ഉപയോഗിക്കുകയും ചെയ്തു. യഥാർത്ഥ ഡോക്ടറെ ഒരു രോഗി കണ്ടുമുട്ടിയതോടെയാണ് തട്ടിപ്പ് വെളിയിൽ വന്നത്.

എംബിബിഎസ് ഡിഗ്രിയുണ്ടെങ്കിലും ഹൃദയശസ്ത്രക്രിയകൾ ചെയ്യാൻ പങ്കജ് മോഹന് അനുമതിയില്ല. തന്റെ നോട്ട്പാഡിൽ തനിക്ക് കാർഡിയോളജിയിൽ ഡിഎൻബി ബിരുദമുണ്ടെന്ന് ഇയാൾ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫെബ്രുവരി വരെയാണ് ഇയാൾ ഹൃദയാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിച്ചത്. ഇയാൾ ശസ്ത്രക്രിയ നടത്തിയ പല രോഗികൾക്കും തുടർന്ന് ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായതായും റിപ്പോർട്ടുകളുണ്ട്.

# ഫിലിപ്പ് തോമസ് എയർ മാർഷൽ

കോട്ടയം: വ്യോമസേന എയർ വൈസ് മാർഷൽ ഫിലിപ്പ് തോമസ് എയർ മാർഷലായി നിയമിതനായി. ചങ്ങനാശേരി കണ്ടങ്കരി കുടുംബാംഗമായ ഫിലിപ്പ് പരേതനായ ഓണററി ഫ്ളയിങ് ഓഫീസർ തോമസ് കണ്ടങ്കരിയുടെയും ചിന്നമ്മ കുട്ടമ്പേരൂരിന്റെയും മകനാണ്.

1990 മെയ് 16-നാണ് അദ്ദേഹം വ്യോമസേനയിൽ ചേർന്നത്. യുദ്ധവിമാനങ്ങൾ പറത്തുന്നതിൽ വൈദഗ്ദ്ധ്യം തെളിയിച്ച ഇദ്ദേഹം മിഗ് 21 വിമാനം ആയിരം മണിക്കൂർ അപകടമോ തകരാറുകളോ ഇല്ലാതെ പറത്തിയ ആദ്യവ്യോമസേനാ പൈലറ്റാണ്. നാലായിരം മണിക്കൂർ യുദ്ധവിമാനങ്ങൾ പറത്തി. അഗ്നിവീർ സേനാനികളുടെ പരി



ശീലനച്ചുമതലയും വഹിച്ചിരുന്നു.

രാജസ്ഥാനിലെ ജോഡ്പൂർ സേനാതാവളത്തിൽ എയർ ഓഫീസർ-കമാൻഡിങ്, ചീഫ് ഓഫ് ഓപ്പറേഷൻസ് തുടങ്ങിയ പദവികൾ വഹിച്ചു. പ്രതിരോധ പഠനത്തിൽ സ്പെയിനിൽ ഉപരിപഠനം നടത്തി. ഇപ്പോൾ ഗവേഷണം നടത്തുന്നു. ഭാര്യ കല്പന കൗൾ (എച്ചപിസിഎൽ മുൻ എക്സിക്യൂട്ടീവ്). മകൻ: ദീപാംശു കൗൾ ഫിലിപ്പ് (ഫിനാൻഷ്യൽ കൺസൾട്ടന്റ്).

## മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിൽ അട്ടിമറി നടന്നു: രാഹുൽ ഗാന്ധി

# ആരോപണം തള്ളി തെരഞ്ഞെടുപ്പ് കമ്മീഷൻ

ന്യൂഡൽഹി: മഹാരാഷ്ട്ര തെരഞ്ഞെടുപ്പിൽ ഒത്തുകളികൾ നടന്നെന്ന ആരോപണം ആവർത്തിച്ച് ലോക്സഭ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി.

ഇന്ത്യയിലെ വിവിധ ഭാഷകളിലെ പത്രങ്ങളിലെഴുതിയ ലേഖനങ്ങളിലാണ് രാഹുൽ ആരോപണം ആവർത്തിച്ചത്. വിഷയത്തിന്റെ ഗൗരവം ഇന്ത്യയിലെങ്ങുമുള്ള ജനങ്ങളിലേക്കെത്തിക്കാൻ ഇംഗ്ലീഷ്, ഹിന്ദി, മറാഠി, മലയാളം, ഒഡിയ, ഉർദു, പഞ്ചാബി, കന്നഡ, ബംഗാളി, തെലുങ്ക്, തമിഴ് ഭാഷകളിലെ ദിനപത്രങ്ങളിലാണ് രാഹുൽ ലേഖനമെഴുതിയത്.

2019-ലെ നിയമസഭാ തെരഞ്ഞെടുപ്പ് സമയത്തു മഹാരാഷ്ട്രയിൽ 8.98 കോടി വോട്ടർമാരാണ് രജിസ്റ്റർ ചെയ്തിരുന്നതെന്നും 2024-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇത് 9.29 കോടിയായി ഉയർന്നുവെന്നും രാഹുൽ ലേഖനത്തിൽ വ്യക്തമാക്കുന്നു.

എന്നാൽ അഞ്ചു മാസങ്ങൾക്കപ്പുറം നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ രജിസ്റ്റർ ചെയ്ത വോട്ടർമാരുടെ എണ്ണം 9.70 കോടിയായി ഉയർന്നു. അഞ്ചു മാസത്തിനിടെ 41 ലക്ഷം വോട്ടർമാർ. ഒറ്റയടിക്ക് ഇത്രയധികം വർധിച്ചത് അവിശ്വസനീയമാണ്.

മഹാരാഷ്ട്രയിൽ ഏകദേശം ഒരു ലക്ഷം പോളിംഗ് ബൂത്തുകളുണ്ട്. എന്നാൽ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപി മോശം പ്രകടനം കാഴ്ചവെച്ച 85 മണ്ഡലങ്ങളിലെ 12,000 ബൂത്തുകളിൽ മാത്രമാണ് അധികമായിച്ചേർന്ന വോട്ടർമാരിൽ ഭൂരിഭാഗവും വോട്ട് ചെയ്തത്- ലേഖനത്തിൽ രാഹുൽ ചൂണ്ടിക്കാട്ടി.

തെരഞ്ഞെടുപ്പ് ദിവസം വൈകുന്നേരം അഞ്ചിന് പോളിംഗ് ശതമാനം 58.22 ആയിരുന്നിടത്തുനിന്ന് അടുത്ത ദിവസം രാവിലെ 66.06 ശതമാനമായി അന്തിമ പോളിംഗ് ശതമാനം വർധിച്ചതിലും രാഹുൽ ചോദ്യമുയർത്തിയിട്ടുണ്ട്.

നിയമസഭാ തെരഞ്ഞെടുപ്പിനെ



സംബന്ധിച്ചു പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങളുടെ തെളിവുകളെല്ലാം തെരഞ്ഞെടുപ്പ് കമ്മീഷൻ കുഴിച്ചുമൂടുകയാണെന്ന് രാഹുൽ ആരോപിച്ചു. 2024 ലോക്സഭ, നിയമസഭ തെരഞ്ഞെടുപ്പുകളിലെ ഫോട്ടോ പതിച്ച വോട്ടർ പട്ടിക ലഭ്യമാക്കണമെന്നുള്ള പ്രതിപക്ഷത്തിന്റെ ആവശ്യം തെരഞ്ഞെടുപ്പ് കമ്മീഷൻ തള്ളിയെന്നും പോളിംഗ് സ്റ്റേഷനിലെ വോട്ടെടുപ്പിന്റെ ദൃശ്യങ്ങൾ പുറത്തുവിടാതിരിക്കാൻ 1961-ലെ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം ഭേദഗതി ചെയ്തുവെന്നും പ്രതിപക്ഷ നേതാവ് ലേഖനത്തിൽ പറയുന്നു. തെരഞ്ഞെടുപ്പിലെ ഈ അട്ടിമറി കായികരംഗത്തെ ഒത്തുകളിക്ക് സമാനമാണെന്ന് രാഹുൽ ഗാന്ധി ചൂണ്ടികാണിക്കുന്നു.

എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും ലക്ഷക്കണക്കിന് വോട്ടർമാർ സംസ്ഥാനത്തും കൂട്ടിച്ചേർക്കപ്പെടാറുണ്ടെന്നും ഇത്തവണയും അതാണുണ്ടായതെന്നും ഫഡ്നാവിസ് പറഞ്ഞു.

ലോക്സഭയിലെ പോളിംഗ് ശതമാനവും വൈകുന്നേരം അഞ്ചുവരെ 60.96 ശതമാനമായിരുന്നിടത്തു 5.75 ശതമാനം വർധിച്ചു. 66.71 ശതമാനമായി മാറിയെന്നും നിങ്ങൾ ആ തെരഞ്ഞെടുപ്പ് വിജയിച്ചതുകൊണ്ട് ആ വസ്തുത മറക്കുകയാണോയെന്നും ഫഡ്നാവിസ് ചോദിച്ചു. അതിനിടെ, ആരോപണങ്ങളെല്ലാംതന്നെ അടിസ്ഥാനരഹിതമാണെന്നും തങ്ങളെ അപകീർത്തിപ്പെടുത്താൻ ഉദ്ദേശിച്ചാണെന്നും തെരഞ്ഞെടുപ്പ് കമ്മീഷനും വ്യക്തമാക്കിയിട്ടുണ്ട്.

വോട്ടർ പട്ടികയിലെ കൂട്ടിച്ചേർക്കലുകളെല്ലാംതന്നെ നിയമങ്ങൾക്കനുസൃതമായിരുന്നുവെന്നും വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഒരു ലക്ഷത്തിലധികം ബൂത്തുതല ഏജന്റുമാർ തെരഞ്ഞെടുപ്പ് പ്രക്രിയ നിരീക്ഷിക്കുന്നുണ്ടായിരുന്നുവെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ വിശദമാക്കി. ഔദ്യോഗികമായി പരാതി അറിയിച്ചാൽ ആശങ്കകൾക്കു വ്യക്തത വരുത്താമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

എന്നാൽ ഒന്നും ഒളിപ്പിക്കാനില്ലെങ്കിൽ തന്റെ ചോദ്യങ്ങൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ മറുപടി നൽകണമെന്നും കഴിഞ്ഞ ലോക്സഭ, നിയമസഭ തെരഞ്ഞെടുപ്പുകളിലെ ഡിജിറ്റൽ, യന്ത്രവത്കൃത വോട്ടിംഗ് റോളുകൾ പുറത്തുവിട്ട് ആരോപണങ്ങൾ സത്യമല്ലെന്ന് തെളിയിക്കണമെന്നും രാഹുൽ പറഞ്ഞു. മഹാരാഷ്ട്ര ബൂത്തുകളിലെ അഞ്ചിനുശേഷമുള്ള സിസിടിവി ദൃശ്യങ്ങളും തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തുവിടണമെന്ന് രാഹുൽ ആവശ്യപ്പെട്ടു.

# ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ താഴികക്കുടം സ്ഥാപിച്ചു

തിരുവനന്തപുരം: ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ നവീകരണത്തിനു പിന്നാലെ മഹാകുംഭാഭിഷേകം ജൂൺ എട്ടിന് ഞായറാഴ്ച നടന്നു. രാവിലെമുതൽ ക്ഷേത്രത്തിലെത്തിയ ഭക്ത



രുടെ മനംനിറഞ്ഞാണ് ശ്രീകോവിലിന്റെ താഴികക്കുടങ്ങളിൽ കലശങ്ങളാടിയത്. സുപ്രീംകോടതിയുടെ ഇടപെടലിനുശേഷം ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ എട്ടുവർഷംകൊണ്ടാണ് കുംഭാഭിഷേകത്തിലെത്തിയത്. അനന്തശായിയായ ശ്രീപദ്മനാഭന്റെ കടുശർക്കരയോഗത്തിലുള്ള മൂലവിഗ്രഹത്തിന്റെ നവീകരണം മാത്രമാണ് ശേഷിക്കുന്നത്.

ശ്രീകോവിലിനു മുകളിൽ താഴികക്കുടങ്ങളുടെ സമർപ്പണം വിഷ്വക്സേന വിഗ്രഹത്തിന്റെ പുനഃപ്രതിഷ്ഠ, തിരുവാമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അഷ്ടബന്ധകലശം എന്നിവയാണ് ഒരുമിച്ചു നടത്തിയത്. മാർത്താണ്ഡവർമ മഹാരാജാവ് 1750-ൽ ക്ഷേത്രം നവീകരിച്ച് തൃപ്പടിദാനം നടത്തി. ഇതിന് 275 വർഷങ്ങൾക്കു ശേഷമാണ് സ്തൂപികാ സമർപ്പണം നടത്തുന്നത്.

# സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ പെന്തക്കുസ്താ തിരുനാൾ ആഘോഷിച്ചു

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ പെന്തക്കുസ്താ തിരുനാൾ ആഘോഷിച്ചു. അരുണാചൽപ്രദേശിലെ മിയാവ് രൂപതാദ്ധ്യക്ഷൻ മാർ ജോർജ് പള്ളിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ച തിരുക്കർമ്മങ്ങൾക്ക് ശേഷം വിദ്യാരംഭത്തിനായി ഒരുങ്ങുന്ന കുട്ടികളെ എഴുത്തിനിരുത്തുകയും ചെയ്തു. ക്രിസ്തുവിന്റെ സഭയുടെ തുടക്കം കുറിക്കുന്ന പെന്തക്കുസ്തായുടെ പ്രസക്തിയെപ്പറ്റിയും മിഷനറി ചൈതന്യത്തിൽ സഭ വളരേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും മാർ ജോർജ് പള്ളിപ്പറമ്പിൽ ഉദ്ബോധിപ്പിച്ചു. വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര എന്നിവർ സഹകാർമ്മികരായിരുന്നു.






ഇരുപത്തിയേഴ് കുട്ടികൾ വിദ്യാരംഭത്തിന് ഒരുക്കമായി ആദ്യാക്ഷരങ്ങൾ കുറിച്ചു.

ഇടവക സെക്രട്ടറി സിസ്റ്റർ ഷാലോം, മതബോധന സ്കൂൾ ഡയറക്ടർ സജി പൂത്തൃക്കയിൽ, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ എന്നിവർ സജ്ജീകരണങ്ങൾക്ക് നേതൃത്വം വഹിച്ചു.

# കരുതൽ സിനിമയുടെ അവസാന ഷെഡ്യൂൾ ചിത്രീകരണം അയർലൻഡിൽ പൂർത്തിയായി

അയർലൻഡ്: പ്രശാന്ത് മുരളിയെ നായകനാക്കി ജോമി ജോസ് കൈപ്പാറേട്ട് കഥയെഴുതി സംവിധാനം നിർവഹിക്കുന്ന 'കരുതൽ' എന്ന സിനിമയുടെ അവസാന ഷെഡ്യൂൾ (നാലാമത്തെ ഷെഡ്യൂൾ) ചിത്രീകരണം അയർലൻഡിലെ ഡബ്ലിൻ ആൻഡ് കോർക്ക് കൗണ്ടികളിലെ വിവിധ സ്ഥലങ്ങളിൽ പൂർത്തിയായി. ബെൽരാജ് വിജയനാണ് അവസാന ഷെഡ്യൂൾ ക്യാമറ കൈകാര്യം ചെയ്തിരിക്കുന്നത്.

കേരളത്തിലും അമേരിക്കയിലെ ഹൂസ്റ്റണിലുമായിരുന്നു ആദ്യത്തെ ഷെഡ്യൂൾ ചിത്രീകരണം പൂർത്തീകരിച്ചത്. ഡൽഹി മലയാളിയായ ഐശ്വര്യ നന്ദൻ ആണ് നായിക. സുനിൽ സുഗത, സിബി തോമസ്, കോട്ടയം രമേശ്, ടിങ്കിൾ സൂര്യ തുടങ്ങിയവരാണ് പ്രധാന വേഷങ്ങളിൽ എത്തുന്നത്. പ്രശസ്ത ഛായാഗ്രാഹകൻ സാബു ജെയിംസ് തിരക്കഥ, സംഭാഷണം ആൻഡ് ക്യാമറ കൈകാര്യം ചെയ്യുന്നു. ചിത്രത്തിന്റെ അവസാന ഷെഡ്യൂളിൽ ജോമി ജോസ്, വിനോദ് മാത്യു ചേരിയിൽ, അനിൽ ചേരിയിൽ, മാത്യു ജോസ്, ജിസ്ന ബാസ്റ്റിൻ തുടങ്ങിയവർ അഭിനയിച്ചു.






അമ്മ മകൻ ബന്ധത്തിന്റെ ഊഷ്മളതയും സുഹൃദ് ബന്ധങ്ങളുടെ ആഴവും വർണ്ണിക്കുന്ന മനോഹരമായ ഒരു ഫീൽ ഗുഡ് കുടുംബചിത്രമാണ് കരുതൽ.

എഡി 345 എളൂർ മീഡിയ സിനിമാ കമ്പനിയുടെ ബാനറിൽ കോട്ടയം കിംഗ്സിന്റെ സഹകരണത്തിലാണ് ചിത്രം നിർമ്മിക്കുന്നത്. ഒക്ടോബർ-നവംബർ മാസത്തിൽ ചിത്രം തിയേറ്ററുകളിൽ എത്തും.

ക്രിയേറ്റീവ് പ്രൊഡ്യൂസർ-സ്റ്റീഫൻ ചെട്ടിക്കൻ, അസോസിയേറ്റ് ഡയറക്ടർ-സുനീഷ് കണ്ണൻ, അസോസിയേറ്റ് ക്യാമറാമാൻ-വൈശാഖ് ശോഭന കൃഷ്ണൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-ഷാലിൻ ഷിജോ കുര്യൻ പഴേമ്പള്ളിൽ, ലൈൻ പ്രൊഡ്യൂസർ-റോബിൻ സ്റ്റീഫൻ, കോ-പ്രൊഡ്യൂസേഴ്സ് -സ്റ്റീഫൻ മലേമുണ്ടയ്ക്കൽ, മാത്യു മാപ്ലേട്ട്, ചീഫ് കോ-ഓർഡിനേറ്റർ-ബ്ലെയോൺ ഏബ്രഹാം, മെയ്ക്കപ്പ്-പുനലൂർ രവി, അസോസിയേറ്റ്-അനൂപ് ജേക്കബ്, പിആർഒ-എ.എസ് ദിനേശ്, റെക്കോഡിസ്റ്റ്-രശാന്ത് ലാൽ മീഡിയ, എഡിറ്റർ-സന്ദീപ് കുമാർ, കോസ്റ്റ്യൂം-അൽഫോൻസ് ട്രീസ പയസ്.

## ജി-7 ഉച്ചകോടിയിൽ മോദി പങ്കെടുക്കും



ന്യൂഡൽഹി: കാനഡയിൽ അടുത്തയാഴ്ച നടക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയാണ് ഉച്ചകോടിയിലേക്ക് മോദിയെ ക്ഷണിച്ചത്.

സന്തോഷപൂർവം പങ്കെടുക്കുമെന്ന് മോദി എക്സിൽ കുറിച്ചു. 15, 16, 17 തീയതികളിലാണ് ഉച്ചകോടി നടക്കുന്നത്.

# ഇന്ത്യയിൽ അതിദരിദ്രർ കുറഞ്ഞു

ന്യൂഡൽഹി: ഇന്ത്യയിൽ അതിദരിദ്രരുടെ എണ്ണം കുറഞ്ഞതായി ലോക ബാങ്കിന്റെ റിപ്പോർട്ട്. 2011-12-ൽ 34 കോടി ആളുകളാണ് (ജനസംഖ്യയുടെ 27.1 ശതമാനം) അതിദരിദ്ര വിഭാഗത്തിൽ ഉണ്ടായിരുന്നത്. 2022-23-ൽ ഇത് 7.5 കോടിയായി (ജനസംഖ്യയുടെ 5.3 ശതമാനം) കുറഞ്ഞെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.

നഗര-ഗ്രാമീണ മേഖലകളിലെല്ലാം ദാരിദ്ര്യത്തിന്റെ തോതിൽ വൻ കുറവുണ്ടായി. ദാരിദ്ര്യരേഖയുമായി ബന്ധപ്പെട്ട മാനദണ്ഡത്തിൽ മാറ്റം വരുത്തിയിട്ടും ഈ കുറവുണ്ടായി.

2017 മുതൽ 2021 വരെയുള്ള പണപ്പെരുപ്പം പരിഗണിച്ച് അതിദാരിദ്ര്യത്തിന്റെ മാനദണ്ഡം പ്രതിദിന വരുമാനം മൂന്ന് ഡോളറിൽ താഴെ (ഏകദേശം 257 രൂപ) എന്നു പുതുക്കിയിട്ടുണ്ട്. നേരത്തെ ഇത് 2.15 ഡോളറായിരിന്നു (ഏകദേശം 184 രൂപ).

യുപി, മഹാരാഷ്ട്ര, ബംഗാർ, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ് അതിദരിദ്രരിൽ ഏറെപ്പേരും. എന്നാൽ, 2011-12-ൽ ഇത് 65 ശതമാനമായിരുന്നെങ്കിൽ ഇപ്പോൾ 54 ശതമാനമായി കുറഞ്ഞിട്ടുണ്ട്. സൗജന്യ സബ്സിഡി ഭക്ഷ്യവിതരണ പദ്ധതികളാണ് ഈ സംസ്ഥാനങ്ങളിലെ സ്ഥിതി മെച്ചപ്പെടുത്തിയതെന്നും റിപ്പോർട്ടിൽ പറയുന്നു.

# അങ്കമാലി–ശബരി പാത: സ്ഥലമെടുപ്പ് ജൂലൈയിൽ തുടങ്ങും

ന്യൂഡൽഹി: അങ്കമാലി-ശബരി റെയിൽപ്പാത നിർമാണവുമായി മുന്നോട്ടു പോകാൻ തീരുമാനം. ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് റെയിൽവേയുടെ വിദഗ്ധ സംഘം ജൂലൈയിൽ കേരളത്തിലെത്തും.

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ മന്ത്രി വി. അബ്ദുറഹിമാൻ, ഡൽഹിയിലെ കേരളത്തിന്റെ പ്രത്യേക പ്രതിനിധി കെ.വി. തോമസ് എന്നിവർ നടത്തിയ കൂടിക്കാഴ്ചയിലാണ് തീരുമാനമായത്.

കേരളം ആദ്യം മുന്നോട്ടുവെച്ച അങ്കമാലി-എരുമേലി പാതയുമായി മുന്നോട്ടു പോകാനാണ് തീരുമാനം. 111 കിലോമീറ്റർ നീളമുള്ള പാതയിൽ ഏഴു കിലോമീറ്റർ ട്രാക്കും കാലടി സ്റ്റേഷനും പെരിയാറിന്റെ കുറുകെ ഒരു പാലവും പണിതീർത്തിരുന്നു. ബാക്കിയുള്ള സ്ഥലമേറ്റെടുക്കൽ നടപടിയടക്കം ഇനി പൂർത്തിയാക്കാനുണ്ട്.

വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പദ്ധതികളാണിപ്പോൾ വീണ്ടും ട്രാക്കിലാകുമെന്ന് പ്രതീക്ഷിക്കുന്നത്. എത്രയും വേഗം പദ്ധതി പൂർത്തിയാക്കാനാണു സർക്കാർ ശ്രമിക്കുന്നതെന്നും ഈ പദ്ധതിക്ക് കൂടുതൽ പരിഗണന നൽകുമെന്നും കൂടിക്കാഴ്ചക്കുശേഷം മന്ത്രി അബ്ദു റഹിമാൻ പറഞ്ഞു. കേരളത്തിൽ മൂന്നും നാലും പാതകൾ വികസിപ്പിക്കുന്നതിന് റെയിൽവേ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവും കൂടിക്കാഴ്ചയ്ക്കു പിന്നാലെ സമൂഹമാധ്യമത്തിൽ കുറിച്ചു. കേരളത്തിലെ റെയിൽവേ വികസനത്തിന്റെ ഭാഗമായുള്ള സ്ഥലമേറ്റെടുപ്പ് നടപടിക്ക് കേരള സർക്കാരിന്റെ പിന്തുണ ആവശ്യപ്പെട്ടതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാകാത്ത സാഹചര്യത്തിലാണു പദ്ധതി മന്ദഗതിയിലായതെന്ന് റെയിൽവേ മന്ത്രി നേരത്തേ പാർലമെന്റിൽ വ്യക്തമാക്കിയിരുന്നു. അങ്കമാലി-ശബരി റെയിൽപ്പാതയ്ക്കു ബദലായി ചെങ്ങന്നൂർ-പമ്പ പാത പരിഗണനയിലുണ്ടെന്നും ഇതിന്റെ സർവേ നടത്തുമെന്നും അശ്വിനി വൈഷ്ണവുതന്നെ വ്യക്തമാക്കിയിരുന്നു. അങ്കമാലി-ശബരി റെയിൽപാതയുടെ 17 കിലോമീറ്റർ സ്ഥലമെടുപ്പ് മാത്രമേ ഇതുവരെ പൂർത്തിയായിട്ടുള്ളൂ. അങ്കമാലിയിൽനിന്ന് ആരംഭിച്ച് എരുമേലിയിൽ അവസാനിക്കുന്ന ശബരി റെയിൽ പാത വിഴിഞ്ഞത്തേക്കു നീട്ടണമെന്ന ആവശ്യവും സർക്കാർ ഉന്നയിക്കുന്നുണ്ട്. ഇതു നടപ്പായാൽ കേരളത്തിലെ മറ്റൊരു സമാന്തര പാതയായി ഇതു മാറും.

## കേരളം പിന്നോട്ട്

(3-ാം പേജിൽനിന്നും)

ജനനങ്ങൾ രജിസ്റ്റർ ചെയ്തപ്പോൾ 2022-ൽ അത് 17,89,365 ആയും രാജസ്ഥാനിൽ 2013-ലെ 17,70,085 എന്നതു 2022-ൽ 19,02,140 ജനനങ്ങളായി വർധിച്ചെന്നും റിപ്പോർട്ടിലുണ്ട്.

ഉത്തർപ്രദേശിലാകട്ടെ 2013-ൽ 38,95,924 ജനനങ്ങളുണ്ടായപ്പോൾ 2022-ൽ 54,43,003 കുട്ടികളാണ് പുതിയതായി ജനിച്ചത്. ഒമ്പത് വർഷങ്ങൾക്കിപ്പുറം 39 ശതമാനത്തിലധികം വർധനവ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തോടൊപ്പം തമിഴ്നാടിനും കർണാടകയ്ക്കും 2013-നെ അപേക്ഷിച്ച് 2022-ൽ ജനനനിരക്ക് കുറവാണ്. എന്നാൽ ആന്ധ്രയിലും തെലങ്കാനയിലും വർധനയുണ്ട്. ജനനങ്ങളും മരണങ്ങളും രജിസ്റ്റർ ചെയ്യുന്നതിൽ കേരളം പിന്നിലാണെന്നും സിആർഎസ് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു. ജനനവും മരണവും നടന്ന് 21 ദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ടെങ്കിലും കേരളത്തിൽ പലയിടത്തും ഇതു നടപ്പാക്കാറില്ലെന്ന് റിപ്പോർട്ട് പറയുന്നു.

## കപ്പലിന് തീ പിടിച്ചു

(3-ാം പേജിൽനിന്നും)

ഒന്നിലധികം സ്ഫോടനങ്ങൾ ഉണ്ടായി. തീ അണയ്ക്കാനുള്ള ആദ്യ ശ്രമങ്ങൾ വിജയിച്ചില്ല. തീ പിടിക്കുന്നതും അപകടകരവുമായ വസ്തുക്കൾ കപ്പലിൽ ഉണ്ടെന്നാണ് വിവരം. സിംഗപ്പൂരിൽ രജിസ്റ്റർ ചെയ്തതാണ് അപകടത്തിൽപ്പെട്ട കപ്പൽ. ചൈന, മ്യാൻമർ, ഇന്തോനേഷ്യ, തായ്‌ലൻഡ് പൗരന്മാരാണ് ജീവനക്കാർ. 20 വർഷം പഴക്കമുള്ള കപ്പലിന് 270 മീറ്റർ നീളമുണ്ട്. ഏഴാം തീയതി കൊളംബോയിൽ നിന്നും പുറപ്പെട്ട കപ്പൽ പത്തിനു രാവിലെ ഒമ്പതരയോടെ മുംബൈയിൽ ജവഹർലാൽ നെഹ്റു തുറമുഖത്ത് എത്തേണ്ടതായിരുന്നു. കപ്പലിൽ 650-ഓളം കണ്ടെയ്നറുകളുണ്ടെന്നാണ് സൂചന.

# യുഎൻ പുരസ്കാരം മൃത്യുഞ്ജയ് മഹാപത്രയ്ക്ക്

ന്യൂഡൽഹി: ദുരന്ത നിവാരണ മേഖലയിലെ സംഭാവനകൾക്ക് യുഎൻ നൽകുന്ന സസാകാവ പുരസ്കാരം ഇന്ത്യൻ കാലാവസ്ഥാ വകുപ്പ് (ഐഎംഡി) ഡയറക്ടർ ഡോ. മൃത്യുഞ്ജയ് മഹാപത്രയ്ക്ക് ഇന്തൊനീഷ്യക്കാരനായ ഹർകുന്റി റഹായുവിനൊപ്പം അവാർഡ് പങ്കിടും. ചുഴലിക്കാറ്റ് മുന്നറിയിപ്പ് രംഗത്തു നൽകിയ സംഭാവനകൾക്കാണ് മഹാപത്രയ്ക്ക് പുരസ്കാരം. ഒഡീഷ സ്വദേശിയായ ഇദ്ദേഹം സൈക്ലോൺ മാൻ ഓഫ് ഇന്ത്യ എന്നാണ് അറിയപ്പെടുന്നത്.

## ഫൊക്കാന കേരള സാഹിത്യ സമ്മേളനം

(15-ാം പേജിൽനിന്നും)

തെരഞ്ഞെടുത്ത 25 കഥകൾ 'ജൽ രാശി' എന്ന പേരിൽ ഹിന്ദിയിലേക്ക് മൊഴിമാറ്റിയിട്ടുണ്ട്. കുട്ടികളുടെ മികച്ച ചിത്രത്തിനുള്ള ദേശീയ പുരസ്കാരം നേടിയ 'കേശു', 'ക്ലിന്റ്', 'ആരോ ഒരാൾ' എന്നീ ചിത്രങ്ങൾക്ക് തിരക്കഥയെഴുതി. ആദ്യനോവലായ ശ്രാദ്ധശേഷം ചലച്ചിത്രമായി. ആലപ്പുഴ സ്വദേശിയാണ്. ഫൊക്കാന സാഹിത്യ കോ-ഓർഡിനേറ്ററായ ഗീത ജോർജ്, കോ-കോഓർഡിനേറ്റേഴ്സായ അബ്ദുൾ പുന്നയൂർക്കുളം, സരോജാ വർഗീസ്, കെ.കെ. ജോൺസൺ എന്നിവർ കെ.വി. മോഹൻകുമാറിന് ആശംസകൾ നേർന്നു.

## വീണ്ടും സംഘർഷം

(3-ാം പേജിൽനിന്നും)

സുരക്ഷാസേനയുമായി ഏറ്റുമുട്ടിയെന്ന് പോലീസ് അറിയിച്ചു. ഇംഫാൽ ഈസ്റ്റ് ജില്ലയിലെ ഖുറൈ ലാംലോംഗിൽ വാഹനങ്ങൾക്കു തീവെച്ചു. പലയിടത്തുനിന്നും വെടിയൊച്ചയും ഉയർന്നു. സുരക്ഷാ ഉദ്യോഗസ്ഥരുടേതടക്കം അഞ്ച് വാഹനങ്ങൾ അഗ്നിക്കിരയാക്കി. കലാപകാരികളും സുരക്ഷാസേനയും തമ്മിലുള്ള ഏറ്റുമുട്ടലിൽ ഒരു മാധ്യമപ്രവർത്തകൻ ഉൾപ്പെടെ പത്തുപേർക്കു പരുക്കേറ്റു.

പ്രതിഷേധം അക്രമത്തിലേക്കു നീങ്ങിയ സാഹചര്യത്തിലാണ് ഇന്റർനെറ്റ് വിലക്കെന്ന് ആഭ്യന്തര സെക്രട്ടറി എൻ. അശോക് കുമാർ അറിയിച്ചു. കനാനെ ഇംഫാൽ വിമാനത്താവളത്തിൽ നിന്നാണ് അറസ്റ്റ് ചെയ്തത്. അറസ്റ്റിൽ പ്രതിഷേധിച്ച് പത്തു ദിവസത്തെ ബന്ദിന് ആരംബായി തെങ്കോൾ ആഹ്വാനം ചെയ്തിട്ടുണ്ട്.

വംശീയകലാപവുമായി ബന്ധപ്പെട്ട കേസുകൾ സുപ്രീംകോടതി നിർദേശപ്രകാരമാണ് സിബിഐ അന്വേഷിക്കുന്നത്.

മെയ്തെയ്കകളും കുക്കികളും തമ്മിൽ 2023 മേയിൽ തുടങ്ങിയ കലാപത്തിൽ ഇതുവരെ മുന്നൂറോളം പേർ കൊല്ലപ്പെട്ടു. ആയിരക്കണക്കിന് വീടുകൾ അഗ്നിക്കരയാക്കി.

## മക്കളുടെ പല്ലു പുളിച്ചു

(23-ാം പേജിൽനിന്നും)

അവരെ ശാസിച്ചു അമർത്തിയില്ലായെന്ന് ദൈവം ഏലി പുരോഹിതനോട് പറയുന്നുണ്ട്. ഇന്നും പല പിതാക്കന്മാരും മക്കളെ ഉപദേശിക്കും. അവരെ ശാസിച്ചമർത്താൻ പറ്റുന്നില്ല. ഏലി പുരോഹിതന്റെ തലമുറകൾ കൊല്ലപ്പെട്ടു. പെട്ടകം നഷ്ടപ്പെട്ടു. സകലവിധ ദോഷങ്ങളും ഭവനത്തിൽ വന്നുഭവിച്ചു. മാതാപിതാക്കളെ അനുസരിച്ചില്ലെങ്കിൽ 'നന്മ ഉണ്ടാകുവാനും ദീർഘായുസ്സോടിരിപ്പാനും സാദ്ധ്യമല്ല.' നോഹയും മക്കളും പെട്ടകത്തിൽ കയറി. നോഹയുടെ മക്കൾ പിതാവിനെ അനുസരിച്ചു. അപ്പനോടൊപ്പം പെട്ടകം പണിയിൽ സഹായിച്ചു. രക്ഷപ്പെടുകയും ചെയ്തു. ധൂർത്തപുത്രൻ സകലതും നഷ്ടപ്പെടുത്തി മടങ്ങിവന്നപ്പോൾ സ്വീകരിച്ച ഒരു നല്ല പിതാവിന്റെ മാതൃക നമുക്കറിയാം. അബ്ശലോമേ എന്നു വിളിച്ചു നിലവിളിക്കുന്ന ദാവീദിന്റെ ക്ഷമയും മകനോടുള്ള സ്നേഹവും അവർണ്ണനീയംതന്നെ. അങ്ങനെ പിതാക്കന്മാർ ദൈവസദൃശമായ ശ്രേഷ്ഠന്മാർ തന്നെ. അവരെ നാം സ്നേഹിക്കണം, കരുതണം, കാക്കണം. അവരെ മറന്നുകളയരുതേ, അനാഥശാലയിൽ അയയ്ക്കരുതേ. അതു ശാപമാണ്. പിതാക്കന്മാർ ചെയ്യുന്ന തെറ്റിന്റെ ശാപം മക്കളുടെമേൽ വരാൻ സാദ്ധ്യതയുണ്ട്.

വിശുദ്ധിയോടെ നിർമ്മലതയോടെ മാതാപിതാക്കൾ തങ്ങളെത്തന്നെ കാത്ത് മാതൃകയായി ജീവിക്കുമ്പോൾ അവ കണ്ട് മനസ്സിലാക്കി മക്കളും ഉന്നതരായി മാറുന്നു. പിതാക്കന്മാരെ സംരക്ഷിക്കുന്ന മക്കളെ ദൈവം ധാരാളം അനുഗ്രഹിക്കും. നിശ്ചയം. ഈ പിതൃദിനത്തിൽ എല്ലാ പിതാക്കന്മാർക്കും സർവ്വവിധ നന്മകളും നേരുന്നു.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

- ❑ Enclosing $ 200.00 for five years.
- ❑ Enclosing my subscription of $ 54.00 for one year.
- ❑ Enclosing my subscription of $99.00 for two years.
- ❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ______

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

Subscription fee non-refundable

# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

**FEATURES:**
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA℠
America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



# MIDWEST WINDOWS & DOORS




**MIDWEST WINDOWS DOORS & SIDING**
www.mymidwestwindows.com



Free Estimate Please contact
**RAJU NADUVETTIL**
Cell: 773 474 9566 | Email: rajuabm@gmail.com

# ARACKAL VACATION HOME

**UZHAVOOR, KOTTAYAM, KERALA**



5 BEDROOMS (3 BR A/C), 6 BATHROOMS
LIVING, DINING & KITCHEN
READY TO OCCUPY FOR WEEKLY OR MONTHLY RENT
UZHAVOOR CHURCH & PARTY HALL NEARBY

**FOR BOOKING:**
USA: RAJU ARACKAL
@ 404 567 9189
INDIA: JOBIN MATHEW
@ 9961605244
EMAIL: JOBIONMATHEW@YAHOO.COM

# മയാമി ക്നാനായ കമ്യൂണിറ്റി സെന്റർ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് പുനർവെഞ്ചരിച്ചു

**മെബിൻ തടത്തിൽ**


മയാമി: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ (KCASF) യുടെ നേതൃത്വത്തിലുള്ള നവീകരിച്ച കമ്യൂണിറ്റി സെന്റർ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് പുനർവെഞ്ചരിച്ചു. ചടങ്ങിൽ സംഘടനയുടെ സ്പിരിച്വൽ ഡയറക്ടർ ഫാ. സജി പിണർക്കയിൽ സഹകാർമ്മികനായിരുന്നു.

കമ്യൂണിറ്റി സെന്ററിൽ എത്തിയ മൂലക്കാട്ട് പിതാവിനെയും പിണർക്കയിൽ അച്ചനെയും അസോസിയേഷൻ പ്രസിഡണ്ട് എബി തെക്കനാട്ടും ബിൽഡിങ് ബോർഡ് ചെയർമാൻ റോജി കണിയാംപറമ്പിലും ചേർന്ന് പൂച്ചെണ്ട് നല്കി സ്വീകരിച്ചു. ക്നാനായ സമുദായത്തിന്റെ തനിമയും കൂട്ടായ്മയും പാരമ്പര്യങ്ങളും കാത്തുസൂക്ഷിച്ചുകൊണ്ട് ഈശോയോടുള്ള ബന്ധം കൂടുതൽ ദ്യഢമാക്കാനും നമ്മളായിരിക്കുന്ന സ്ഥലത്ത് ക്രൈസ്തവസാക്ഷ്യമാകാനും മാർ മാത്യു മൂലക്കാട്ട് ആഹ്വാനം ചെയ്തു.

കമ്യൂണിറ്റി സെന്റർ സ്ഥാപിക്കുന്നതിനും ഇപ്പോൾ നവീകരിക്കാൻ മുൻകൈയെടുത്ത കമ്മിറ്റി അംഗങ്ങളെയും സമുദായ സ്നേഹികളെയും പിതാവ് അഭിനന്ദിച്ചു. പ്രസിഡണ്ട് എബി തെക്കനാട്ട് ഏവരെയും സ്വാഗതം ചെയ്തു. കമ്യൂണിറ്റി സെന്റർ വെഞ്ചരിപ്പ് കർമ്മത്തിനു നേതൃത്വം നല്കുവാൻ മൂലക്കാട്ട് പിതാവ് കാണിച്ച സന്മനസ്സിന് പ്രസിഡണ്ട് പ്രത്യേകം നന്ദി രേഖപ്പെടുത്തി. അസോസിയേഷൻ പ്രവർത്തനത്തിന് എല്ലാ സഹായസഹകരണങ്ങളും നല്കി വരുന്ന ഫാ. സജി പിണർക്കയിലിന്റെ സേവനങ്ങളെ പ്രത്യേകം അനുസ്മരിച്ചു.

2025 - 2026 കാലഘട്ടത്തിൽ മയാമി അസോസിയേഷനിൽപ്പെട്ട ദമ്പതികൾക്ക് കുഞ്ഞുങ്ങൾ ഉണ്ടായാൽ അവർക്ക് സ്വർണ്ണനാണയം സമ്മാനമായി നല്കുമെന്നുള്ള പ്രസിഡണ്ട് എബി തെക്കനാട്ടിന്റെ വാഗ്ദാനത്തിന്റെ ഭാഗമായി മണിയാട്ടേൽ ജിബീഷ് ആൻഡ് ക്രിസ്റ്റി ദമ്പതികൾക്ക് മൂലക്കാട്ട് പിതാവ് സ്വർണ്ണനാണയം സമ്മാനിച്ചു.

ചടങ്ങിൽ വൈസ് പ്രസിഡണ്ട് ജേക്കബ് പടവത്തിൽ, സെക്രട്ടറി മജു വെളിയന്തറയിൽ, ജോ. സെക്രട്ടറി ഷെറിൻ പനന്താനത്ത്, ട്രഷറർ ജിബീഷ് മണിയാട്ടേൽ, കെസിസിഎൻഎ (KCCNA) ആർവിപി അരുൺ പൗവത്തിൽ, കെസിവൈഎൽ (KCYL)/യുവജനവേദി കോ - ഓർഡിനേറ്റേഴ്സ് ആയ സിമി താനത്ത്, സിംല കൂവപ്ലാക്കിൽ, കിഡ്സ് ക്ലബ് കോ - ഓർഡിനേറ്റർ ദീപു കണ്ടാരപ്പള്ളിൽ, ബിൽഡിങ് ബോർഡ് ചെയർമാൻ റോജി കണിയാംപറമ്പിൽ, കമ്മിറ്റി അംഗങ്ങളായ ജയ്സൺ തേക്കുംകാട്ടിൽ, രാജു പാറാനിക്കൽ, ബെന്നി പള്ളിപറമ്പിൽ, ജിസ്മോൻ പടിയാനിക്കൽ, വിമൻസ്ഫോറം പ്രസിഡണ്ട് റോഷ്നി കണിയാംപറമ്പിൽ, കമ്മിറ്റി അംഗങ്ങളായ സിന്ധു തെക്കനാട്ട്, സംഗീത ചാരാത്ത്, KCWFNA RVP ഷിനു പള്ളിപറമ്പിൽ, അസോസിയേഷൻ മുൻ പ്രസിഡണ്ടുമാരായ ബൈജു വണ്ടന്നൂർ, സിബി ചാണശ്ശേരിൽ, സഞ്ജയ് നടുപ്പറമ്പിൽ, ബേബിച്ചൻ പാറാനിക്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. നിരവധി അസോസിയേഷൻ അംഗങ്ങളും പങ്കെടുക്കുകയുണ്ടായി. പ്രഭാത ഭക്ഷണത്തോടെ ചടങ്ങുകൾ സമാപിച്ചു.





























Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**